# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)

SUCI [C]

സംസ്ഥാന കമ്മിറ്റി മുഖപത്രം

2019 ആഗസ്റ്റ് | വാല്യം 46 ലക്കം 5 | *ചീഫ് എഡിറ്റർ : വി.വേണുഗോപാൽ* | പേജ് 16 വില 5.00 രൂപ




ആഗസ്റ്റ് 5
സഖാവ്
**ഫ്രെഡറിക് ഏംഗൽസ്**
അനുസ്മരണദിനം


പേജ് 2 **കേന്ദ്ര-സംസ്ഥാന ഭരണത്തിൽ പാപ്പരാകുന്ന സാധാരണക്കാർ**

പേജ് 5 **കേന്ദ്രബജറ്റ്: വസ്തുതകളും തിരിച്ചറിയേണ്ട യാഥാർത്ഥ്യങ്ങളും**

പേജ് 9 **വിജ്ഞാന ശാസ്ത്രം, വൈരുദ്ധ്യാത്മക ഭൗതികവാദം, വിപ്ലവ ജീവിതം എന്നിവയെപ്പറ്റി**

പേജ് 12 **സഖാവ് ശിബ്ദാസ് ഘോഷ് അനുസ്മരണ സമ്മേളനം**


## കാശ്മീർ ജനാധിപത്യവിരുദ്ധവും ഭരണഘടനാവിരുദ്ധവുമായി

# 370–ാം വകുപ്പ് റദ്ദാക്കിയ രാഷ്ട്രപതിയുടെ ഉത്തരവ് പിൻവലിക്കുക

**കേന്ദ്രമന്ത്രിസഭയുടെ തീരുമാനപ്രകാരം, കാശ്മീരിന് പ്രത്യേക പദവി നൽകിക്കൊണ്ടുള്ള ഭരണഘടനയുടെ 370-ാം വകുപ്പും സ്ഥിരതാമസക്കാർക്ക് പ്രത്യേക അവകാശങ്ങൾ നൽകുന്ന 35എ വകുപ്പും റദ്ദാക്കിക്കൊണ്ട് 2019 ആഗസ്റ്റ് 5ന് രാഷ്ട്രപതി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഒപ്പം, ജമ്മുകാശ്മീരിന്റെ സംസ്ഥാനപദവി എടുത്തുകളഞ്ഞുകൊണ്ട് അതിനെ രണ്ടായി വിഭജിക്കുകയും അവയെ കേന്ദ്രഭരണ പ്രദേശങ്ങളായി പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. ദീർഘനാളായി 370-ാം വകുപ്പിനെതിരെ നിലകൊള്ളുന്ന ആർഎസ്എസിന്റെ അജണ്ട നടപ്പാക്കുകയാണ് ഇതിലൂടെ യഥാർത്ഥത്തിൽ ചെയ്തിരിക്കുന്നത്. കാശ്മീർ മേഖലയിലെ ശക്തിപ്പെടുന്ന ഭീകരപ്രവർത്തനത്തെ തടയാൻ ഇതിലൂടെ കഴിയുമെന്നും കാശ്മീരിന്റെ വികസനത്തിന് വാതിൽ തുറക്കുകയാണെന്നുമുള്ള വിശദീകരണങ്ങൾ ആർഎസ്എസ് അജണ്ടയെ മറച്ചുപിടിക്കുന്നതിനുവേണ്ടിയുള്ള കൗശലം മാത്രമാണ്.**

ജനാധിപത്യസംവിധാനങ്ങളെ മുഴുവൻ മറികടന്നും അപ്രസ്കതമാക്കിയും കൊണ്ടുവന്നിട്ടുള്ള ഈ നടപടി രാജ്യത്തിന്റെ ജനാധിപത്യവ്യവസ്ഥയ്ക്കേറ്റ ഏറ്റവും വലിയ ആഘാതമാണ്. വകുപ്പ് റദ്ദാക്കാൻ പര്യാപ്തമായ ഒരു കാരണവും കേന്ദ്രം ഭരിക്കുന്ന ബിജെപി സർക്കാരിന് വിശദീകരിക്കാൻ കഴിഞ്ഞിട്ടില്ല. ന്യായീകരിക്കാൻ എന്തെങ്കിലും കാരണം ഉണ്ടെങ്കിൽപ്പോലും ഭരണഘടനയുടെ ഒരു വകുപ്പ് ഇത്രയധികം ലാഘവത്തോടെ റദ്ദുചെയ്യാൻ ബിജെപി സർക്കാരിന് എന്ത് അധികാരമാണുള്ളത്. ജമ്മു-കാശ്മീർ നിയമസഭ സ്വേച്ഛാധിപത്യപരമായി പിരിച്ചുവിട്ട് പാർശ്വവർത്തിയായ ഗവർണ്ണറുടെ അനുമതി തരപ്പെടുത്തിയാണ് ഈ നടപടി കൈക്കൊണ്ടിരിക്കുന്നത്. കാശ്മീരിലെ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഏതെങ്കിലും ജനാധിപത്യസംവിധാനത്തിന്റെ അനുമതി തേടാതെ ഒരു കാരണവശാലും ഇത് ചെയ്യാനാവില്ല. കാശ്മീരിലെ ജനങ്ങളുടെ ജീവിതത്തെ അടിമുടി ബാധിക്കുന്ന, അതീവപ്രധാനമായ ഒരു വിഷയത്തിൽ അവരുടെ അഭിപ്രായം അറിയേണ്ടതല്ലേ. ജനാധിപത്യത്തിനും അതിന്റെ വിലപ്പെട്ട മൂല്യങ്ങൾക്കും പുല്ലുവിലപോലും കൽപ്പിക്കാത്ത, ഏകാധിപത്യത്തിന്റെ ആൾരൂപമായി മാറിയിരിക്കുന്നു മോദി വാഴ്ച.

ദീർഘകാലാടിസ്ഥാനത്തിൽ വലിയ ദുരന്തത്തിലേക്ക് കാശ്മീരിനെ കൊണ്ടുപോകാൻ മാത്രമേ ഈ നടപടി ഇടവരുത്തൂ. ഇതിനോടകം ആഴമാർന്ന അസംതൃപ്തിയും അവിശ്വാസവും പ്രതിഷേധവും താഴ്വരയാകെ നീറിപ്പുകയുകയാണ്. പലസന്ദർഭങ്ങളിലും അത് പൊട്ടിത്തെറിക്കുന്നു. ആഴ്ചകളോളം ജനങ്ങൾ തെരുവിൽ നിന്ന് കയറാത്ത സാഹചര്യം ഉണ്ടാകുന്നു. ഇപ്പോൾ കേന്ദ്രസർക്കാർ കൊണ്ടുവന്നിട്ടുള്ള നടപടി സാഹചര്യത്തെ അതീവഗുരുതരമാക്കുമെന്ന് സുബോധമുള്ള ഏതൊരാൾക്കും വ്യക്തമാകുന്ന കാര്യമാണ്. ദേശദ്രോഹശക്തികൾ ഈ അവസരം കൂടുതൽ മുതലെടുക്കും. അങ്ങിനെയെങ്കിൽ കാശ്മീർ താഴ്വരയിൽ അശാന്തിയുടെ ദിനങ്ങൾക്ക് അറുതിയില്ലെന്നു മാത്രമല്ല അവ വർദ്ധിക്കുമെന്ന് ഉറപ്പിക്കാം.

കാശ്മീരിന് പ്രത്യേക പദവി നൽകിക്കൊണ്ട് ഇൻഡ്യൻ ഭരണഘടനയുടെ 370-ാം വകുപ്പ് രൂപംകൊണ്ടത് ആ പ്രദേശത്തെ ജനങ്ങൾക്ക് നൽകിയ ഔദാര്യമോ അവരോടുള്ള പ്രീണനമോ അല്ല. മറിച്ച് പ്രസ്തുത വകുപ്പ്, ചരിത്രപരവും വസ്തുനിഷ്ഠവുമായ ആവശ്യകതയെ മുൻനിർത്തി സ്വഭാവികമായി രൂപപ്പെട്ടുവന്നതാണ്. രാജവാഴ്ചക്കും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനുമെതിരെ ഉയർന്നുവന്ന ജനാധിപത്യപ്രക്ഷോഭത്തിന്റെ അടിത്തറയിൽ വികസിച്ചുവന്നതും ഇൻഡ്യൻ ദേശീയതയുമായി വ്യതിരിക്തമായ അസ്തിത്വം നിലനിർത്തിയിരുന്നതുമായ കാശ്മീരി ദേശീയതയുടെ അംഗീകാരമെന്ന നിലയിലാണ് അത് ജന്മമെടുത്തത്. കാശ്മീരിലെ ജനങ്ങൾക്ക് അവരുടെ ജീവിതത്തെ, സ്വന്തം ആഗ്രഹങ്ങളും ആവശ്യകതകളും മുൻനിർത്തി ക്രമീകരിക്കുന്നതിനുള്ള അവകാശം നൽകിക്കൊണ്ടുള്ളതാണ് പ്രസ്തുത വകുപ്പ്. കാശ്മീർ സംയോജന കരാർ ഒപ്പിട്ടത് അന്നത്തെ രാജാവായിരുന്ന ഹരി സിംഗായിരുന്നെങ്കിലും കാശ്മീരിന്റെ സ്വാതന്ത്ര്യപ്രക്ഷോഭത്തിന് നെടുനായകത്വം വഹിച്ചിരുന്ന നാഷനൽ കോൺഫറൻസും അതിന്റെ നേതാവായിരുന്ന ഷേക്ക് മുഹമ്മദ് അബ്ദുള്ളയുമാണ്, കാശ്മീർ ഇൻഡ്യൻ യൂണിയന്റെ ഭാഗമാകണമെന്ന നിലപാട് സ്വീകരിക്കാൻ ജനങ്ങളെ പ്രബുദ്ധമാക്കിയത്. മഹാരാജാ ഹരി സിംഗ് തുടക്കത്തിൽ കാശ്മീർ, ഇൻഡ്യൻ യൂണിയനിൽ ചേരേണ്ടതില്ലെന്നായിരുന്നു തീരുമാനിച്ചിരുന്നത്. എന്നു മാത്രവുമല്ല പാക്കിസ്ഥാനുമായി സ്റ്റാന്റ് സ്റ്റിൽ (അതായത് നിലവിലുള്ള സ്ഥിതി തുടരാനുള്ള അഥവാ സ്വതന്ത്രമായി നിലനിൽക്കാനുള്ള) കരാറിൽ രാജാ ഹരി സിംഗ് ഒപ്പിടുകയും ചെയ്തിരുന്നു. എന്നാൽ പാക്കിസ്ഥാൻ കാശ്മീരിനെ ആക്രമിക്കുകയും ബലപ്രയോഗത്തിലൂടെ ചേർക്കാൻ ശ്രമിക്കുകയും ചെയ്തപ്പോൾ ഇൻഡ്യയുടെ സഹായം തേടാൻ ഹരി സിംഗ് നിർബ്ബന്ധിതനാവുകയായിരുന്നു. കാശ്മീർ ഇൻഡ്യയുടെ ഭാഗാമാകാനുള്ള കരാറിൽ ഒപ്പിട്ടുകൊണ്ടുമാത്രമേ സൈനിക സഹായം നൽകാനാവൂ എന്ന നിലപാടെടുത്ത അന്നത്തെ ഇൻഡ്യൻ ഭരണ നേതൃത്വത്തിന് വഴങ്ങിക്കൊണ്ട് കരാറിൽ(Instrument of Accession) രാജാവ് ഒപ്പിടുകയാണ് ചെയ്തത്. ഈ സംയോജനകരാറിന്റെ വകുപ്പ് 3ൽ പ്രതിരോധം, വാർത്താവിനിമയം, വിദേശകാര്യം എന്നീ വിഷയങ്ങളിലൊഴികെ മറ്റൊരു വിഷയത്തിലും കാശ്മീരിനെ സംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ ഇൻഡ്യൻ ഡൊമീനിയന് അധികാരമുണ്ടായിരിക്കുന്നതല്ല എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. ഇൻസ്ട്രുമെന്റ് ഓഫ് അക്സഷന്റെ ഉള്ളടക്കത്തെയും വികാരത്തെയും ഉൾക്കൊണ്ടുകൊണ്ടാണ് 370-ാം വകുപ്പ് ഭരണഘടനയിൽ ചേർക്കപ്പെട്ടത്. കാശ്മീരിന്റെ സ്വയംഭരണവും വേറിട്ട അസ്തിത്വവും അംഗീകരിക്കാൻ ഇൻഡ്യ തയ്യാറായതുകൊണ്ടാണ് പ്രസ്തുത കരാർ ഉണ്ടായത്. കാശ്മീരിലെ ജനങ്ങൾക്ക് നൽകിയ ഉറപ്പിന്റെയും അവരുടെ ദേശീയ അസ്തിത്വത്തോടുള്ള ആദരവിന്റെയും അടിസ്ഥാനത്തിലാണ് ഭരണഘടനയിൽ 370-ാം വകുപ്പ് ചേർക്കപ്പെട്ടത്. ഇൻഡ്യൻ യൂണിയനിൽ


*(ശേഷം 3-ാം പേജിൽ)*





**രാഷ്ട്രപതിയുടെ ഉത്തരവിനെതിരെ ആഗസ്റ്റ് 5ന് കൊൽക്കത്തയിൽ നടന്ന വമ്പൻ പ്രകടനം**

# കുത്തകമൂലധനത്തിന്റെ കാര്യസ്ഥന്മാരായി ബിജെപി; ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ ചുമതല മറന്ന് സിപിഐ(എം)

**'ഈ രാജ്യത്ത് എന്താണ് സംഭവിക്കുന്നത്?' മനുഷ്യത്വമുള്ള ഏതൊരു പൗരന്റെയും മനസ്സിൽ ഉയരുന്ന ഈ ചോദ്യമാണ് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഉന്നാവോ കേസ് പരിഗണിക്കവെ ഉന്നയിച്ചത്. മാനവ മൂല്യങ്ങൾ, നീതിബോധം, മനുഷ്യാവകാശങ്ങൾ, അവ സംരക്ഷിക്കുന്ന നിയമങ്ങൾ ഇവയൊക്കെ ഇനിയും ഈ നാട്ടിൽ നിലവിലുണ്ടോ എന്ന് സംശയം ജനിപ്പിക്കുന്ന വാർത്തകളുമായാണ് ഓരോ ദിവസവും പുലരുന്നത്. ചില കാര്യങ്ങൾ അപരാധങ്ങളാണെന്ന് ഒരുകൂട്ടർ നിശ്ചയിക്കുന്നു. അവ ആരോപിച്ച് മനുഷ്യരൂപമുള്ള പേക്കൂട്ടങ്ങൾ നിസ്സഹായരായ പാവങ്ങളെ വളഞ്ഞിട്ട് തല്ലി കൊല്ലുന്നു. ഒറ്റപ്പെട്ട സംഭവങ്ങളല്ല; ഒരിടത്ത് ഒതുങ്ങുന്നതുമല്ല അവ.**

**ഇ**തേതരം ആക്രമണമനോഭാവത്തോടെയാണ് നാട്ടിൽ നിലവിലുണ്ടായിരുന്ന പരിമിതമായ തൊഴിലവകാശങ്ങളെയും ജനാധിപത്യ അവകാശങ്ങളെയും വകവരുത്തുന്നത്. സകലവിധ കൃത്രിമങ്ങളും ഇടപെടലും നടത്തി, പണവും അധികാരവും പേശീബലവും മാധ്യമ പിന്തുണയും ഉപയോഗിച്ച് വീണ്ടും അധികാരത്തിലെത്തിയതോടെ ജനാധിപത്യക്രമത്തിന്റെ വിലക്കുകളെ മറികടക്കാൻ ആരംഭിച്ചിരിക്കുകയാണ് മോദി സർക്കാർ.

ഇന്ത്യൻ ജനത ചോരയും വിയർപ്പും സമ്പത്തും നൽകി കെട്ടിപ്പടുത്ത ജനങ്ങളുടെ പൊതുസമ്പാദ്യമായ റെയിൽവേയുടെ സർവീസുകൾ സ്വകാര്യവത്കരിക്കുന്നതിന്റെ ആദ്യപടിയായി തെരഞ്ഞെടുത്ത റൂട്ടുകൾക്ക് ടെൻഡർ വിളിച്ചു കൊണ്ടാണ് മോദിയുടെ രണ്ടാംവരവിന് വെടിപൊട്ടിച്ചത്. 17 ലക്ഷം തൊഴിലാളികൾ ഉണ്ടായിരുന്ന, ലോകത്തിലെതന്നെ ഏറ്റവും വലിയ തൊഴിൽ ദാതാവായിരുന്ന റെയിൽവേയുടെ പല സേവനങ്ങളും ഇതിനോടകം സ്വകാര്യവൽക്കരിച്ചുകഴിഞ്ഞു. റെയിൽവേക്കുള്ള പ്രത്യേക ബജറ്റ് അവസാനിപ്പിച്ചും അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടി പൊതു ഫണ്ട് കൂടുതൽ ചെലവഴിച്ചും തൊഴിലാളികളുടെ എണ്ണം വൻതോതിൽ വെട്ടിക്കുറച്ചും പ്രീമിയം തത്ക്കാൽ പോലുള്ള വൻ കൊള്ളനിരക്കുകൾ ഏർപ്പെടുത്തിയും റെയിൽവേ സ്വകാര്യ കുത്തകകൾക്ക് കൈമാറുന്നതിന് മുൻപുള്ള കളമൊരുക്കൽ ഇതിനോടകം നടത്തിയിട്ടുണ്ട്.

3 ലക്ഷം തൊഴിലാളികളെക്കൂടി നിർബന്ധപൂർവ്വം പിരിച്ചുവിടാനുള്ള തീരുമാനമെടുത്തു കഴിഞ്ഞു. അതുകൂടി നടപ്പിലാക്കിക്കഴിയുമ്പോൾ 7 ലക്ഷം തൊഴിൽകൂടി ഇല്ലാതാകും. കൃഷി തകർന്ന് ജീവിതം മുടിഞ്ഞ ദരിദ്രഗ്രാമീണർ നഗരങ്ങളിൽ തൊഴിൽ തേടാൻ ആശ്രയിക്കുന്ന റെയിൽ വണ്ടികൾ സ്വകാര്യവൽക്കരിക്കപ്പെടുന്നതോടെ അവന്റെ ജീവിതമാർഗങ്ങൾ കൊട്ടിയടക്കപ്പെടും. കടത്തുകൂലി നിയന്ത്രണങ്ങൾ എടുത്തുമാറ്റപ്പെടുന്നതോടെ ഭക്ഷ്യധാന്യങ്ങൾ അടക്കമുള്ളവക്ക് വൻതോതിൽ വില വർദ്ധിക്കും. ടിക്കറ്റ് ചാർജ് 40 ശതമാനം സബ്സിഡി ആണെന്നും അത് ഉപേക്ഷിക്കണമെന്നുമുള്ള ക്യാമ്പയിൻ വരാൻപോകുന്ന ചാർജ് വർദ്ധനവിന് മുന്നൊരുക്കമാണ്. രാജ്യത്തിന് സംഭവിക്കാൻ പോകുന്ന വലിയൊരു വിപത്തായിമാറും റെയിൽവേയുടെ സ്വകാര്യവൽക്കരണം.

20,000 കോടി രൂപയുടെ നീക്കിയിരിപ്പ് പിടിച്ചെടുത്തും ഫോർ ജി സ്പെക്ട്രം അനുവദിക്കാതെയും മറ്റനവധി നടപടികളിലൂടെയും സർക്കാർ ബിഎസ്എൻഎല്ലിനെ കഴുത്തുഞെരിച്ച് മൃതപ്രായത്തിൽ എത്തിച്ചു. റിലയൻസിനെ വളർത്താനായി മാത്രം തകർക്കപ്പെട്ട ആ പ്രധാന പൊതുമേഖലാ സ്ഥാപനത്തിലെ 50000 തൊഴിലാളികളെ പിരിച്ചുവിടാനൊരുങ്ങുന്നു. ശമ്പളം പോലും ഇന്ന് പ്രതിസന്ധിയിലാണ്. എയർഇന്ത്യയുടെ അന്ത്യം കുറിക്കാനുള്ള ചുമതല അമിത് ഷാ സ്വയം ഏറ്റെടുത്തിരിക്കുകയാണ്. ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ കാര്യശേഷി സംശയാതീതമാണ്. വൻലാഭം ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന നവരത്ന കമ്പനിയായ എൻടിപിസി(നാഷണൽ തെർമൽ പവർ കോർപ്പറേഷൻ)യുടെ ഭൂരിഭാഗം ഓഹരികളും വിറ്റഴിക്കാൻ തീരുമാനിച്ചുകഴിഞ്ഞു.

കൊച്ചിൻ റിഫൈനറിയുടെയും വിമാനത്താവളങ്ങളുടെയും മറ്റു പ്രധാന പൊതുമേഖലാ സ്ഥാപനങ്ങളുടെയും മരണവാറണ്ട് പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ട്. ഇവയുടെ വിൽപ്പനയിലൂടെ ഈ വർഷം തന്നെ ഒരു ലക്ഷത്തി അയ്യായിരം കോടി രൂപയാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. അതായത്, ഏറ്റവും കുറഞ്ഞത് 10 ലക്ഷം കോടി രൂപയെങ്കിലുംവരുന്ന പൊതുസ്വത്ത് വൻകിട കോർപ്പറേറ്റുകളുടെ കൈയിലെത്തുമെന്ന് സാരം. ഈ സ്ഥാപനങ്ങൾ വർഷംതോറും സർക്കാരിന് നൽകിക്കൊണ്ടിരുന്ന വരുമാനവും പൊതുജനങ്ങൾക്കുള്ള സേവനവും അവിടെ പ്രവർത്തിച്ചുവന്ന തൊഴിലാളികളിൽ വലിയൊരു വിഭാഗത്തിന് തൊഴിലും നഷ്ടപ്പെടുമെന്നർത്ഥം.

55 ശതമാനം പേർ എതിർത്ത് വോട്ട് ചെയ്തെങ്കിലും ലോക്സഭയിൽ 353 സീറ്റുകൾ നേടി അധികാരത്തിലെത്തിയതോടെ എന്തും ചെയ്യാനുള്ള ലൈസൻസ് കിട്ടിയ പോലെയാണ് മോദി സർക്കാർ മുന്നേറുന്നത്. വ്യക്തമായ ഭൂരിപക്ഷമില്ലെങ്കിലും മെരുക്കിയെടുക്കപ്പെടാൻ തയ്യാറുള്ള, ആവശ്യാനുസരണം വാക്കൗട്ട് നടത്തി കളമൊഴിഞ്ഞു കൊടുക്കാൻ മടിയില്ലാത്ത അംഗങ്ങളുള്ള രാജ്യസഭയും കൂടെയായപ്പോൾ ഏത് നിയമവും പാസ്സാക്കാമെന്ന അവസ്ഥവന്നു. എല്ലാ കീഴ്വഴക്കങ്ങളും ചർച്ചകളും പാർലമെന്ററി കമ്മറ്റികളുടെ പരിശോധനകളും ഒഴിവാക്കപ്പെടുകയാണ്. ഒരുതരം കാർപെറ്റ് ബോംബിങ് ആണ് പാർലമെന്റിൽ നടക്കുന്നത്. ഒരു മുതലാളിത്തഭരണകൂടം പാർലമെന്റിലൂടെ ബൂർഷ്വാസിയുടെ താല്പര്യങ്ങൾ സ്വേച്ഛാപരമായി നടപ്പിലാക്കുന്നതാണ് നാം കാണുന്നത്.

ഇന്ത്യയിലും ലോകമെങ്ങുമുള്ള തൊഴിലാളികൾ ചോരയും ജീവനും നൽകിയുള്ള പോരാട്ടത്തിലൂടെ നേടിയെടുത്ത തൊഴിലവകാശങ്ങളടങ്ങിയ നിയമങ്ങളാണ് ഭരണഘടനാവിരുദ്ധമായി ഒരു ബജറ്റ് പ്രസംഗത്തിലൂടെ കവർന്നെടുത്തത്. അതനുസരിച്ചുള്ള ലേബർ കോഡ് ഭേദഗതി ബില്ലുകൾ പാർലമെൻറിൽ അവതരിപ്പിച്ചിരിക്കുന്നു. തൊഴിൽസമയം 14 മണിക്കൂറാക്കി. കിരാതമായ തൊഴിൽ ചൂഷണത്തിന് ഇത് വഴിവയ്ക്കും. മിനിമം വേതനം 4,625 രൂപയാക്കി കുറച്ചു. തന്റെ അദ്ധ്വാനം തുടർന്നുകൊണ്ടു പോകാനും അടുത്ത തലമുറ തൊഴിലാളികളെ വാർത്തെടുക്കാനും പരിഷ്കൃത കുടുംബ ജീവിതത്തിനുമുള്ള ഏറ്റവും ചുരുങ്ങിയ വേതനമാണ് മിനിമം വേതനം എന്ന് പറയുന്നത്.

ഇന്ത്യൻ ലേബർ കോൺഫറൻസ് അംഗീകരിച്ച തത്വത്തിന്റെ അടിസ്ഥാനത്തിലുള്ള മിനിമം വേതനം ഇന്ത്യയിൽ ഒരു സർക്കാരും സ്ഥാപനങ്ങളും ഇപ്പോഴും നൽകുന്നില്ല. ഏഴാം കേന്ദ്ര ശമ്പള പരിഷ്കരണം 2016-ൽ 18000 രൂപയാണ് മിനിമം വേതനം ആയി നിർദ്ദേശിച്ചത്. ആ സ്ഥാനത്താണ് 14 മണിക്കൂർ അധ്വാനിക്കുന്ന ഒരു തൊഴിലാളിക്ക് പിച്ചക്കാശായ 4,625 രൂപ നിശ്ചയിക്കുന്നത്. അതിലും മെച്ചപ്പെട്ട മിനിമം വേതനം ലഭിച്ചുകൊണ്ടിരിക്കുന്ന കോടിക്കണക്കിന് തൊഴിലാളികളുടെ വേതനം വെട്ടിക്കുറയ്ക്കാൻ ഇത് ഇടയാക്കും വിശ്രമമില്ലാതെ 14 മണിക്കൂർ പണിയെടുക്കാൻ നിർബന്ധിതമാക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യും. ചിക്കാഗോയിലെ തൊഴിലാളികൾ 8 മണിക്കൂർ തൊഴിൽ സമയത്തിനായി ജീവൻ നൽകിയത് 1886-ലാണ്. അതിനുമുമ്പുള്ള പ്രാകൃതയുഗത്തിലേക്കാണ് ഇന്ത്യൻ ഭരണാധികാരികൾ രാജ്യത്തെ നയിക്കുന്നത്.

ബിജെപി സർക്കാർ എത്രമാത്രം ക്രൂരമായി ജനാധിപത്യത്തെ കശാപ്പുചെയ്യുന്നു എന്നതിന്റെ മറ്റൊരു ഉദാഹരണമാണ് വിവരാവകാശ നിയമത്തെ പൊടുന്നനവെ ഭേദഗതി ചെയ്തത്. വിവരാവകാശ കമ്മീഷനെ ഒരു നോക്കുകുത്തിയാക്കി മാറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഭേദഗതി. നരേന്ദ്ര മോദിയുടെ വിദ്യാഭ്യാസ യോഗ്യത പോലുള്ള 'രാജ്യസുരക്ഷ'യെ ബാധിക്കുന്ന വിവരങ്ങൾ നൽകണമെന്ന് ആവശ്യപ്പെട്ടപ്പോഴേ വിവരാവകാശ നിയമത്തിന് എതിരെയുള്ള വാൾ ഉറയിൽനിന്ന് ഊരിയതാണ്. ഭരണവൃന്ദവും നിക്ഷിപ്ത താൽപര്യക്കാരുമായുള്ള അവിഹിതബന്ധങ്ങൾ ഇനി ഈ നിയമത്തിലൂടെ പുറത്തുവരില്ല എന്ന് ഉറപ്പിക്കാം.

രാജ്യത്തെ ഏതൊരു പൗരനെയും തീവ്രവാദി എന്ന് ആരോപിച്ച് സാധാരണ നീതി പരിരക്ഷകൾ ഒന്നും കൂടാതെ തടങ്കലിലാക്കാൻ ഭരണസംവിധാനത്തിന് അധികാരം നൽകുന്ന യുഎപിഎ നിയമം കൂടുതൽ കർക്കശമാക്കാനുള്ള ഭേദഗതിയും ലോക്സഭ പാസാക്കി. നിലവിലുള്ള നിയമത്തിലുള്ള പരിമിതമായ മനുഷ്യാവകാശങ്ങൾപോലും പുതിയ ഭേദഗതിയിൽ എടുത്തുകളയപ്പെട്ടു. ഇതേ സ്വഭാവത്തിലുള്ളതാണ് എൻഐഎ(നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി) നിയമഭേദഗതി.

ഇന്ത്യൻ സ്വാതന്ത്ര്യ സമര പോരാളികൾക്കെതിരെ ബ്രിട്ടീഷ് ഗവണ്മെന്റ് കൊണ്ടുവന്ന കരിനിയമങ്ങളുടെ ചുവടുപിടിച്ചുള്ളതാണ് ഈ രണ്ടു നിയമങ്ങളും. നിരപരാധികളെ കുറ്റവാളികളാക്കി ചിത്രീകരിച്ച് തടവിലാക്കിയ എത്രയോ ഉദാഹരണങ്ങൾ നമുക്ക് മുൻപിലുണ്ട്. ദേശീയ പൗരത്വ നിയമം ഇന്ത്യയിലാകെ ബാധകമാക്കും എന്നും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അസമിലെ 40 ലക്ഷം പൗരന്മാരെ വിദേശികൾ എന്ന് മുദ്രകുത്തി കഴിഞ്ഞു. കാർഗിൽ യുദ്ധത്തിൽ പങ്കെടുത്ത സൈനികൻ അടക്കമുള്ളവരെ വിദേശിയെന്ന് മുദ്രകുത്തി തടവറയിൽ അടച്ചത് നാം കേട്ടു. ചരിത്രപരമായ ആവശ്യകതയിൽ നിന്ന് രൂപം കൊണ്ട, കാശ്മീരിന് പ്രത്യേക പദവി നൽകുന്ന ഭരണഘടനാ വകുപ്പ് എടുത്തുകളയാനുള്ള നീക്കത്തിലാണ് കേന്ദ്രസർക്കാർ.

നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ നിലവിലുള്ള പരിമിതമായ മേന്മകൾപോലും അപ്പാടെ തുടച്ചു നീക്കുന്ന പുതിയ ദേശീയ വിദ്യാഭ്യാസ നയം അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. യുജിസിയെ പോലുള്ള സംവിധാനങ്ങളെ അട്ടിമറിച്ചും നിലവിലുള്ള അക്കാദമിക് സ്വാതന്ത്ര്യത്തിന്റെ കണികപോലും ഇല്ലാതാക്കിയും ഹിന്ദുത്വ അജണ്ട വിദ്യാഭ്യാസ മേഖലയിൽ അടിച്ചേൽപ്പിക്കാനുള്ള പരിശ്രമമാണതിൽ. പരിപൂർണമായ വാണിജ്യവൽക്കരണവും സ്വകാര്യവൽക്കരണവും ആണ് ലക്ഷ്യം വയ്ക്കുന്നത്. അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ഇന്ത്യൻ കോർപ്പറേറ്റ് മൂലധനത്തിന്റെ സംരക്ഷകരും കാര്യസ്ഥരും എന്ന നിലയിലാണ് അധികാരത്തിൽ അവരോധിതരായിരിക്കുന്ന മോദി ഗവൺമെന്റ് ഈ നീക്കങ്ങളെല്ലാം നടത്തുന്നത്.

ജനരോഷത്തെ ഭയന്ന് മുൻ കോൺഗ്രസ് സർക്കാർ നടപ്പാക്കാൻ മടിച്ചുനിന്ന പല മുതലാളിത്താനുകൂല നടപടികളും ഒന്നാം മോദി ഗവൺമെൻറ് സ്വീകരിച്ചു. അതിന്റെയൊക്കെ ഫലമായി ഇന്ത്യൻ കുത്തകകൾ കരുത്താർജ്ജിച്ചു. മറുവശത്ത് പാപ്പരാക്കപ്പെടുന്ന സാധാരണക്കാരുടെ എണ്ണം അമ്പരപ്പിക്കുന്ന വേഗതയിലാണ് വർദ്ധിക്കുന്നത്. രാജ്യത്തെ 73 ശതമാനം വരുന്ന സമ്പത്ത് ഒരു ശതമാനം വരുന്ന അതിസമ്പന്നരുടെ കൈയിലെത്തി. അംബാനിയുടെ മാത്രം സമ്പത്ത് മൂന്നുമാസം കൂടുമ്പോൾ 10,000 കോടി രൂപ എന്ന നിലയിൽ വർധിച്ചുകൊണ്ടിരിക്കുന്നു. തുറമുഖങ്ങളും വിമാനത്താവളങ്ങളും എണ്ണ ഉൽപാദനവും ഇൻഷുറൻസും തുടങ്ങി ഭക്ഷ്യധാന്യ ഉൽപ്പാദന വിപണനംവരെ സകല മേഖലകളിലും കൈയ്യടക്കി

*(ശേഷം 3-ാം പേജിൽ)*

# കേന്ദ്ര–സംസ്ഥാന ഭരണത്തിൽ പാപ്പരായി സാധാരണ ജനങ്ങൾ

(2–ാം പേജിൽ നിന്ന്)

ക്കൊണ്ട് അദാനി, അംബാനി തുടങ്ങിയ ഒരുപിടി കുത്തകകൾ നാടിന്റെ സാമ്പത്തിക രംഗമാകെ വരുതിയിലാക്കിയിരിക്കുന്നു. ഇതുവരെ ജനങ്ങളുടെ സ്വത്തായിരുന്ന സ്ഥാപനങ്ങൾ രായ്ക്കുരാമാനം ഇക്കൂട്ടരുടെ കൈകളിൽ എത്തിച്ചേർന്നിരിക്കുന്നു. പടക്കോപ്പ് നിർമ്മാണം അടക്കമുള്ള സൈനിക രംഗത്തും അവർ എത്തിയിരിക്കുന്നു. ഇത്തരത്തിലുള്ള മൂലധന കേന്ദ്രീകരണം വഴി ഇന്ത്യൻ കുത്തകകൾ വൻതോതിൽ നിക്ഷേപ മൂലധനം കയറ്റുമതി ചെയ്യുന്ന അവസ്ഥയിലേക്ക് എത്തിയിരിക്കുകയാണ്. ഇന്ത്യൻ മുതലാളി വർഗത്തിന്റെ സാമ്രാജ്യത്വ സ്വഭാവം കൂടുതൽ പ്രകടമായിരിക്കുകയാണിന്ന്. ആയുധ കമ്പോളമടക്കം അന്തർദേശീയ കമ്പോളത്തിലെ ശക്തരായ മത്സരക്കാരായി അവർ മാറിയിരിക്കുന്നു.

കാർഷികരംഗമുൾപ്പെടെ കോടാനുകോടി മനുഷ്യർ ജീവനോപാധികൾ കണ്ടെത്തിയിരുന്ന മേഖലകൾ കുത്തകകളുടെ താൽപര്യാർത്ഥം ആവിഷ്കരിക്കുന്ന ആഗോളവൽക്കരണ നയങ്ങൾമൂലം തകർന്നടിഞ്ഞിരിക്കുകയാണ്. സർക്കാർ നയങ്ങൾ കാർഷിക ഉത്പാദന ചെലവ് വർദ്ധിപ്പിച്ചു. വില തകർച്ച കർഷകരെ യുദ്ധസമാനമായ സാഹചര്യത്തിലേക്ക് തള്ളിവിടുകയാണ്. കടുത്ത വരൾച്ചയുടെയും വെള്ളപ്പൊക്കത്തിന്റെയും മുന്നിൽ അവർ പകച്ചുനിൽക്കുന്നു. കർഷക ആത്മഹത്യകൾ വർദ്ധിക്കുകയാണ്. കർഷകരെ സഹായിക്കാനെന്ന പേരിൽ കൊണ്ടുവന്ന ഇൻഷുറൻസ് പദ്ധതി വൻ തട്ടിപ്പ് ആയിമാറി. ഇൻഷുറൻസ് കമ്പനികൾക്ക് ലാഭമടിക്കാനുള്ള ഏർപ്പാട് മാത്രമാണത്. പണിയെടുക്കാൻ ആരോഗ്യം അവശേഷിക്കുന്ന ദരിദ്ര കർഷകരും കർഷകത്തൊഴിലാളികളും കൊടിയ ദാരിദ്ര്യം കാരണം പണി അന്വേഷിച്ച് നഗരങ്ങളിലേക്ക് പലായനം ചെയ്യുകയാണ്. ഇന്ത്യൻ നഗരങ്ങളിലെല്ലാം തൊഴിൽ തേടിയെത്തുന്ന ഇത്തരം വൻ സംഘങ്ങൾ നിറഞ്ഞിരിക്കുകയാണ്. ദീർഘദൂര ട്രെയിനുകളിൽ യാത്ര ചെയ്യുന്നതിൽ ബഹുഭൂരിപക്ഷവും ഇത്തരം തൊഴിലന്വേഷകരാണ്.

തൊഴിലന്വേഷകരുടെ കണക്കുകൾ ഹൃദയഭേദകമാണ് എന്നതിനാൽ ആ കണക്കുകൾ പുറത്തുവരുന്നതുപോലും സർക്കാർ ഭയക്കുന്നു. ഉറപ്പുള്ള ഒരു തൊഴിൽ നേടുക എന്നത് ഒരു ജീവന്മരണ പോരാട്ടമായി മാറിയിരിക്കുന്നു. തൊഴിലുറപ്പ് പദ്ധതി തുടരാനാവില്ല എന്ന് സൂചനയും നൽകപ്പെട്ടുകഴിഞ്ഞു. കുത്തകകൾ ശക്തിപ്പെട്ടുവരുന്നതിനൊത്ത് ചെറുകിട വ്യാപാരവും ചെറുകിട ഉല്പാദനവും അതുവഴിയുണ്ടാകുന്ന സാമ്പത്തികവളർച്ചയും തകരുന്നു. നോട്ട് നിരോധനവും ജിഎസ്ടിയും സൃഷ്ടിച്ച ആഘാതവും ഇന്ത്യൻ ജനതയുടെ നല്ലൊരു വിഭാഗത്തിന്റെ സാമ്പത്തിക ജീവിതം എന്നെന്നേക്കുമായി തകർത്തുകളഞ്ഞു. വളർച്ച കൈവരിക്കാത്ത ചെറുകിട-ഇടത്തരം വ്യവസായങ്ങളെ സഹായിക്കുന്നത് നിർത്തും എന്ന സൂചന സർക്കാർ നൽകിയിട്ടുണ്ട്. മോദി സർക്കാരിന്റെ രണ്ടാംവരവിന് ശേഷമുള്ള എല്ലാ സാമ്പത്തിക സൂചികകളും താഴോട്ടാണ്. ഭക്ഷ്യ സാധനങ്ങൾക്ക് വൻവിലക്കയറ്റമാണ്. പണപ്പെരുപ്പവും കൂടുന്നു. ഇത് ഇടത്തരക്കാരുടെ വരുമാനത്തിൽ ഉണ്ടാക്കിയ വൻഇടിവിന്റെ സൂചനയായി ഇരുചക്ര വാഹനങ്ങളുടെ വിൽപ്പനയിൽ ഇടിവുണ്ടായി. കാറിന്റെ വിൽപ്പനയിലാകട്ടെ 25 ശതമാനമാണ് കുറവ്.

സാധാരണക്കാരുടെ ഉപഭോഗ വസ്തുക്കൾ നിർമിക്കുന്ന സകല മേഖലകളിലും ഡിമാൻഡ് കുറഞ്ഞതിനാൽ ഉൽപ്പാദനശേഷി കുറയ്ക്കുകയും ഫാക്ടറി അടച്ചുപൂട്ടുകയും തൊഴിലാളികളെ പിരിച്ചുവിടുകയും ചെയ്യുന്നു. ഇന്ധന വില്പനയിലെ കുറവും സാമ്പത്തിക ജീവിതത്തിലെ ശോഷണത്തെയാണ് കാണിക്കുന്നത്. ഓഹരി വിപണിയിലെ തകർച്ചകൾ തുടർക്കഥയാവുന്നു. ജിഡിപിയിൽ ഉണ്ടാകുന്ന താഴ്ച കള്ളക്കണക്കുകൊണ്ടൊന്നും മൂടിവയ്ക്കാനാവുന്നില്ല. ഇന്ത്യ ഭീതിതമായ സാമ്പത്തിക മാന്ദ്യത്തിലേക്കാണ് പോകുന്നത്. ഏതാനുംചില കുത്തകകൾ തഴച്ചുവളരുമ്പോൾ വൻകിട കമ്പനികൾ പോലും തകർന്നടിയുകയും മുതലാളിമാർ ആത്മഹത്യ ചെയ്യുകയും ചെയ്യുന്ന അവസ്ഥയിലേക്ക് കാര്യം എത്തുകയാണ്.

സാധാരണ ജനങ്ങളുടെ ജീവിത മാർഗ്ഗങ്ങൾ ഒന്നൊന്നായി കൊട്ടിയടക്കപ്പെടുന്നതിനുമാത്രം വഴിവയ്ക്കുന്ന ഭരണവർഗ നയങ്ങൾ വല്ലാത്തൊരു സാമൂഹ്യ അസ്വസ്ഥത സൃഷ്ടിക്കുന്നുണ്ട് എന്നകാര്യം സർക്കാരിനും അവരെ നയിക്കുന്ന സംഘപരിവാറിനും നന്നായി അറിയാം. അത് സൃഷ്ടിക്കുന്ന പൊട്ടിത്തെറികളെ, ജനകീയ പ്രക്ഷോഭങ്ങളെ നേരിടാൻ സർക്കാരിന്റെ നിലവിലുള്ള അടിച്ചമർത്തൽ സംവിധാനങ്ങളൊന്നും മതിയാവാതെ വരുമെന്നും അവർക്കറിയാം. അതിനാൽതന്നെ മുതലാളിത്തം ഓരോ മനുഷ്യരുടെയും ജീവിതത്തിൽ വിനാശം വിതയ്ക്കുമ്പോൾ, സർക്കാരിനെതിരെയുള്ള സംഘടിതമായ ജനകീയ പ്രക്ഷോഭമായി അത് വളരാനുള്ള സാധ്യത തടയുകയെന്നത് അവരുടെ ദൗത്യം ആയി കരുതുന്നു. അതിനാലാണവർ മുതലാളിത്ത ചൂഷണത്തിന് ഇരകളായ ജനങ്ങളെ തമ്മിൽ ഭിന്നിപ്പിക്കാ

(ശേഷം 4–ാം പേജിൽ)

# കാശ്മീർ

(1–ാം പേജിൽ നിന്ന്)

ചേരണമെന്ന നിലപാട് സ്വീകരിച്ച നാഷണൽ കോൺഫറൻസ്, ആദ്യം നടന്ന കാശ്മീർ തെരഞ്ഞെടുപ്പിൽ രേഖപ്പെടുത്തപ്പെട്ട വോട്ടിൽ വലിയ പങ്കും നേടിയത്, അവരുടെ നിലപാടിനൊപ്പം കാശ്മീർ ജനതയും നിലകൊണ്ടു എന്നതിന് തെളിവാണ്. പാക്കിസ്ഥാനും മതമൗലിക ശക്തികളും നടത്തിയ എല്ലാ പ്രചാരണങ്ങളെയും തള്ളിക്കളഞ്ഞുകൊണ്ട്, ഇൻഡ്യൻ യൂണിയനിൽ ചേരണമെന്ന് വലിയ പ്രതീക്ഷയോടെ ദൃഢമായ തീരുമാനം കൈക്കൊണ്ട കാശ്മീർ ജനങ്ങളെയൊന്നാകെ ഇന്ന് ബിജെപിയുടെ കേന്ദ്രസർക്കാർ വഞ്ചിച്ചിരിക്കുന്നു.

ദേശീയതകളെ ഉദ്ഗ്രഥിക്കുന്നത് ബലപ്രയോഗത്തിലൂടെയോ കൃത്രിമമായോ അല്ല എന്നത് എത്രയോ ചരിത്രാനുഭവങ്ങളിലൂടെ നമുക്കറിയാം. തനിമയാർന്ന നിലനിൽപ്പിനെ പരസ്പരം ആദരിച്ചുകൊണ്ടുതന്നെ രാഷ്ട്രീയ - സാമ്പത്തിക-സാമൂഹ്യ-വിദ്യാഭ്യാസ-സാംസ്കാരിക കൊടുക്കവാങ്ങലുകളിലൂടെ സ്വഭാവികമായി വിളക്കിച്ചേർത്തെടുത്തുകൊണ്ടാണ് പ്രസ്തുത ധർമ്മം നിർവ്വഹിക്കേണ്ടത്. എന്നാൽ ഇവിടെ കാശ്മീരിന്റെ കാര്യത്തിൽ നാം കണ്ടത് ഇതിനു നേർവിപരീതമായ കാര്യങ്ങളാണ്. തുടക്കം മുതൽ തങ്ങളുടെ അഭിമാനബോധത്തെയും അന്തസ്സിനെയും നിരന്തരമായി ചവിട്ടിമെതിക്കുന്ന അനുഭവമാണ് കേന്ദ്രം ഭരിച്ചിരുന്ന കോൺഗ്രസ്സ് സർക്കാരുകളുടെ ഭാഗത്തുനിന്ന് കാശ്മീരിലെ ജനങ്ങൾക്കുണ്ടായത്. നാഷണൽ കോൺഫറൻസിനെ പിളർത്തി, ഷേക്ക് അബ്ദുള്ളയെ അധികാരത്തിൽ നിന്ന് പുറത്താക്കി, തുടർന്ന് പാക്കിസ്ഥാൻ ചാരനെന്ന് മുദ്ര കുത്തി അറസ്റ്റ് ചെയ്ത് വിവിധ ഘട്ടങ്ങളിലായി നീണ്ട 20 വർഷം തുറുങ്കിലടച്ചു. മതേതര രാജ്യമായ ഇൻഡ്യയോടൊപ്പം നിലകൊള്ളേണ്ടതിന്റെ ആവശ്യകത കാശ്മീരി ജനങ്ങളെ ബോധ്യപ്പെടുത്തിയ അതേ നേതാവ് പാക്കിസ്ഥാൻ ഏജന്റെന്ന് മുദ്ര കുത്തപ്പെട്ടതും തുറുങ്കലടയ്ക്കപ്പെട്ടതും കാശ്മീരി ജനങ്ങളുടെ ഹൃദയത്തിനേൽപ്പിച്ച മുറിവ് നിസ്സാരമായിരുന്നില്ല. കോൺഗ്രസ്സ് സർക്കാരുകൾ 370–ാം വകുപ്പിനെ നിരന്തരമായി ദുർബ്ബലപ്പെടുത്തുകയും വെള്ളം ചേർക്കുകയും ചെയ്തുകൊണ്ടിരുന്നു. 1987ലെ തെരഞ്ഞെടുപ്പിൽ സൈന്യത്തെവരെ ഉപയോഗപ്പെടുത്തി തെരഞ്ഞെടുപ്പ് കൃത്രിമം നടത്തി ജനേച്ഛയെ പരാജയപ്പെടുത്തിയത് കേന്ദ്ര സർക്കാരിലുള്ള ജനങ്ങളുടെ അവിശ്വാസം വീണ്ടും ബലപ്പെടുത്തി. താഴ്‌വരയിലെ ജനങ്ങളെയൊന്നാകെ രാജ്യദ്രോഹികളെന്ന് മുദ്രകുത്തിയതോടെ ഇൻഡ്യയോടുള്ള അവരുടെ കൂറ് നിരന്തരമായി ചോദ്യംചെയ്യപ്പെടുകയായിരുന്നു. നിരപരാധികളായ സാധാരണ മനുഷ്യർ സൈനികനടപടികൾക്കിരയാവുന്ന അനുഭവം വ്യാപകമായി. ജനങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളുടെ പേരിൽ പട്ടാളക്കാർക്കെതിരെ, സൈനികനേതൃത്വത്തിന് ശിക്ഷാനടപടി സ്വീകരിക്കേണ്ട സംഭവങ്ങൾ വരെ ഉണ്ടായി. അങ്ങിനെ ക്രമേണ ജനങ്ങളിലൊന്നാകെ ആഴമാർന്ന അന്യതാബോധം പടരുന്ന സ്ഥിതി ഉണ്ടായി. ഈ സാഹചര്യത്തെ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് ദേശവിരുദ്ധശക്തികൾ സ്വാധീനം ഉറപ്പിച്ചുകൊണ്ടിരുന്നു. ഒരേസമയം ഭീകരരുടെയും സൈന്യത്തിന്റെയും തോക്കിൻമുനയിൽ ജീവിക്കേണ്ട സ്ഥിതിയിലകപ്പെട്ടിരിക്കുന്നുവെന്നതാണ് കാശ്മീരിലെ ലക്ഷക്കണക്കിന് സാധാരണജനങ്ങളുടെ വർത്തമാനദുരന്തം. ഈ സ്ഥിതിവിശേഷത്തെ വഷളാക്കുന്ന നടപടിയാണ് ഇപ്പോൾ കേന്ദ്ര ബിജെപി സർക്കാരിൽനിന്നും ഉണ്ടായിട്ടുള്ളത്.

കാശ്മീർ ഇൻഡ്യയുടെ അവിഭാജ്യ ഭാഗമാണ്. സ്വതന്ത്ര കാശ്മീരെന്ന വിഘടനവാദികളുടെ ലക്ഷ്യത്തെയും പാക്കിസ്ഥാന്റെ സങ്കുചിതമായ ലക്ഷ്യങ്ങളെയും നാം പരാജയപ്പെടുത്തണം. എന്നാൽ കാശ്മീരിലെ ജനങ്ങളുടെ ഹൃദയംഗമമായ പിന്തുണ സമാഹരിച്ചുകൊണ്ടുമാത്രമേ അത് നേടാനാവൂ. അതിനായി ജനങ്ങളുടെ നഷ്ടപ്പെട്ട വിശ്വാസം വീണ്ടെടുക്കണം. ഇന്നത്തെ സാഹചര്യത്തിൽ ആയാസകരവും സങ്കീർണ്ണവുമായ ഒരു ദൗത്യമാണത്. തികഞ്ഞ അവധാനതയോടെയുള്ള, ഒരു വിധത്തിലുമുള്ള വർഗ്ഗീയ മുൻവിധികളില്ലാത്ത, കാശ്മീരി ജനതയുടെ അഭിമാനത്തെയും അവരുടെ വികാരങ്ങളെയും ആദരപൂർവ്വം കാണുന്ന, 370–ാം വകുപ്പിന്റെ ഉള്ളടക്കത്തെ അങ്ങേയറ്റം മാനിക്കുന്ന ഒരു രാഷ്ട്രീയസമീപനവും അതിന്റെ അടിസ്ഥാനത്തിലുള്ള രാഷ്ട്രീയ പരിഹാരവും ഉണ്ടായേ പറ്റൂ. എങ്കിൽ മാത്രമേ താഴ്‌വരയിലെ ജനങ്ങളുടെ വിശ്വാസം നേടാനാകൂ. വർഗ്ഗീയതയും അന്യമതവെറിയും ആളിക്കത്തിച്ചുകൊണ്ട് അധികാരം കൊയ്യാനിറങ്ങിയിരിക്കുന്ന ബിജെപിയിൽനിന്ന് ആ സമീപനം ഒരിക്കലുമുണ്ടാകില്ലെന്ന് വീണ്ടും തെളിഞ്ഞിരിക്കുന്നു. ജനങ്ങളുടെ സംഘടിത പ്രക്ഷോഭത്തിന്റെ ശക്തികൊണ്ടുമാത്രമേ ബിജെപിയുടെ ഭ്രാന്തമായ ഈ സമീപനത്തെ പരാജയപ്പെടുത്താനാകൂ.




**സെക്രട്ടേറിയറ്റിന് മുന്നിൽ ആഗസ്റ്റ് 6ന് നടന്ന പ്രതിഷേധ പരിപാടിയിൽ സഖാവ് ആർ.കുമാർ പ്രസംഗിക്കുന്നു**

അതിനാൽ സർവ്വശക്തിയും സമാഹരിച്ചുകൊണ്ട് ഈ നടപടിയെ ചെറുക്കാൻ ഒരുമിച്ചു പോരടിക്കുകയാണ് ഈ സന്ദർഭത്തിൽ ചെയ്യേണ്ടത്. സിപിഐ, സിപിഐ(എം) പാർട്ടികൾ ഈ ദൗത്യമേറ്റെടുക്കാൻ ഇത്തരമൊരു ഗുരുതര സാഹചര്യത്തിലും മുന്നോട്ടുവരുന്നില്ല എന്നത് അതീവ വേദനാകരമാണ്. മോദി സർക്കാരിന്റെ നയങ്ങൾക്കെതിരെ യോജിച്ചുള്ള പ്രക്ഷോഭത്തിന് തയ്യാറാകണമെന്നുള്ള നമ്മുടെ കത്തിനോടിന് ഇതുവരെ പ്രതികരിക്കാൻപോലും ഇവർ തയ്യാറായിട്ടില്ല. ഏവരെയും യോജിപ്പിച്ചുകൊണ്ട് ഒരു സംയുക്ത പ്രസ്താവന പുറപ്പെടുവിക്കാൻ പോലും അവർ മെനക്കെടുന്നില്ല എന്നത് വളരെ ഖേദകരമാണ്. ഈ നിമിഷത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് ഒറ്റക്കെട്ടായി മുന്നോട്ടുവരാൻ ആത്മസംയമനത്തോടെയും കരുതലോടെയും കാര്യങ്ങളെ വീക്ഷിക്കുന്ന മുഴുവൻ മനുഷ്യസ്നേഹികളോടും ഞങ്ങൾ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. ■

# കേന്ദ്ര – സംസ്ഥാന ഭരണം

(3-ാം പേജിൽ നിന്ന്)

നുള്ള സകല സാധ്യതകളെയും ഉപയോഗപ്പെടുത്തി പരസ്പരവൈരം വളർത്തുന്നത്.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ജനാധിപത്യ വിപ്ലവ കടമകൾ പൂർത്തീകരിക്കപ്പെടാത്തതിനാൽ സമൂഹത്തിൽ അവശേഷിച്ച മതബോധത്തെയും ജന്മിത്ത സാംസ്കാരിക അവശിഷ്ടങ്ങളെയും ജനങ്ങളെ ഭിന്നിപ്പിക്കാൻ അവർ നന്നായി പ്രയോജനപ്പെടുത്തുന്നുണ്ട്. ഭൂരിപക്ഷ മതത്തിന് പുറത്തുള്ള മതങ്ങളോട് മാത്രമല്ല, ഭൂരിപക്ഷത്തിനകത്തുള്ള അധഃസ്ഥിതർക്കെതിരെയും തിരിയുന്നത് ഇതുകൊണ്ടാണ്. പശുവിന്റെ പേരിലുള്ള വ്യാജ വാർത്ത കേട്ടാൽപോലും പ്രകോപിതരായി, സാധുമനുഷ്യരുടെ നിലവിളികളും ജീവന് വേണ്ടിയുള്ള യാചനകളും കണക്കിലെടുക്കാതെ അവരെ തല്ലിക്കൊല്ലാൻ വേണ്ടുന്ന മനോഘടന ഒരു വിഭാഗം ജനങ്ങളിലെങ്കിലും സൃഷ്ടിക്കുന്നതിൽ സംഘപരിവാർ വിജയിക്കുന്നു. മനുഷ്യത്വം ചോർത്തിക്കളയപ്പെടുന്ന ഇത്തരക്കാരുടെ സംഖ്യ കൂടുകയും സമൂഹത്തെയാകെ ഗ്രസിക്കുകയും ചെയ്യുമ്പോഴാണ് ഫാസിസത്തിന് സമ്പൂർണ്ണ ആധിപത്യം സ്ഥാപിക്കാൻ കഴിയുക. ഭൂരിപക്ഷ മതത്തിലുള്ള വരെ ഒഴിവാക്കി മുതലാളിത്തത്തിന് ഒരു സാമ്പത്തിക ചൂഷണനടപടികളും സ്വീകരിക്കാനാവില്ല. ഹിന്ദുക്കളെ ഒഴിവാക്കി ഒരു ഇന്ധന വില വർദ്ധനയും സർക്കാരിന് ചിന്തിക്കാൻ ആവില്ലല്ലോ. പക്ഷേ, വിദ്വേഷഭരിതമായ ഒരു സാഹചര്യത്തിൽ വിവിധ മതവിഭാഗത്തിലുള്ളവർ ഒത്തുചേർന്ന് സർക്കാരിന്റെ ജനദ്രോഹ നയങ്ങൾക്കെതിരെയുള്ള ഒരു യോജിച്ച പോരാട്ടം നടക്കില്ല. ഇതാണ് വർഗീയ വിദ്വേഷം ബോധപൂർവം ജനിപ്പിക്കുന്നതിന് പിന്നിലുള്ള യഥാർത്ഥലക്ഷ്യം എന്നത് മറക്കരുത്.

പശുവിന്റെ പേരിലും ജയ്ശ്രീറാം വിളിയുടെ പേരിലും തല്ലിക്കൊല്ലുന്നതും സർക്കാരിനെ വിമർശിക്കുന്നവർക്കെതിരെ കൊലവിളി നടത്തുന്നതുമെല്ലാം വർദ്ധിച്ചുവരുന്നത് ആശങ്കയോടെയും വേദനയോടെയും കാണുന്നവരാണ് ബഹുഭൂരിപക്ഷം ജനങ്ങളും. പക്ഷേ ഇവയ്ക്കെതിരെ ഉയർന്നുവരേണ്ട പ്രതിഷേധങ്ങൾക്ക് സംഘടിത രൂപം സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. ആരാണിത് ചെയ്യേണ്ടത്? കോൺഗ്രസ് ആവിഷ്കരിച്ച കുത്തകാനുകൂല നയങ്ങൾ തന്നെയാണ് ബിജെപി സർക്കാർ വാശിയോടെ പിന്തുടരുന്നത്. അതിനാൽതന്നെ, മോദി സർക്കാരിനെതിരെ ദേശീയ തലത്തിൽ കോൺഗ്രസ് ജനങ്ങളുടെ ഭാഗത്തുനിന്ന് ആത്മാർത്ഥമായി നിലപാട് എടുക്കും എന്ന് കരുതുന്നത് വങ്കത്തരമാണ്. തന്നെയുമല്ല മോദിയുടെ രണ്ടാം വരവിൽ ജനങ്ങളുടെ മേലുള്ള ആക്രമണങ്ങളുടെ വേഗം കൂടിയിരിക്കുമ്പോൾ നാഥനില്ലാ പാർട്ടിയായി കളമൊഴിഞ്ഞു കൊടുത്തിരിക്കുകയാണ് അവർ.

ഈയൊരു സാഹചര്യത്തിൽ , അതിനിഷ്ഠുരമായ മുതലാളിത്ത കടന്നാക്രമണങ്ങൾക്കെതിരെ ഇടത്-ജനാധിപത്യ പ്രസ്ഥാനങ്ങളും സാമൂഹ്യതാൽപര്യം പേറുന്ന വ്യക്തികളും കഴിയുന്നത്ര വിശാലമായ ഐക്യം സൃഷ്ടിച്ചുകൊണ്ട് പൊരുതുക എന്നതാണ് ഇന്ത്യൻ സമൂഹമനസ് വ്യഗ്രതയോടെ ആവശ്യപ്പെടുന്നത്. ഇടത് എന്ന വകാശപ്പെടുന്ന പാർട്ടികൾ അതിന് നേതൃത്വം നൽകും എന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. പക്ഷേ ഇടതുഭരണം അവശേഷിക്കുന്ന കേരളത്തിൽ നാം കാണുന്നത് എന്താണ്? ബിജെപി സർക്കാർ പ്രദർശിപ്പിക്കുന്ന മുതലാളിത്ത നയങ്ങൾക്കെതിരായ, ജനപക്ഷത്തുനിന്നുകൊണ്ടുള്ള നയങ്ങൾ ആവിഷ്കരിച്ച് ദേശീയതലത്തിൽ മാതൃക കാണിക്കാവുന്ന ഭരണമാണോ ഇവർ കാഴ്ചവയ്ക്കുന്നത്? നേരെ മറിച്ചാണ് കാര്യങ്ങളുടെ പോക്ക്. സംസ്ഥാനത്തെ കടക്കെണിയിൽ പെടുത്തുന്ന വിധത്തിൽ വൻതോതിൽ കടമെടുത്തു സമ്പദ്വ്യവസ്ഥയെ പുഷ്ടിപ്പെടുത്താം എന്ന നയമാണ് അവർ പിന്തുടരുന്നത്. പ്രളയക്കെടുതിയുടെ പേരിൽ എല്ലാ ആഗോള സാമ്രാജ്യത്വ സാമ്പത്തിക ഏജൻസികളെയും വിളിച്ചുവരുത്തി കടമെടുത്ത് അവരുടെ നിബന്ധനകൾക്കൊത്ത് കേരളത്തിലെ സാമ്പത്തികരംഗത്തെ പരുവപ്പെടുത്തുകയാണവർ. ഇത്തരത്തിലുള്ള കടങ്ങൾ വഴി അടിച്ചേൽപ്പിക്കപ്പെട്ട വ്യവസ്ഥകൾപ്രകാരം വൈദ്യുതി, ഗതാഗതം, കുടിവെള്ളം തുടങ്ങിയ മേഖലകൾ സമ്പൂർണ സ്വകാര്യവൽക്കരണത്തിന് മുന്നോടിയായുള്ള വിവിധ ഘട്ടങ്ങളിലൂടെ കടന്നു പോവുകയാണ്.

അദാനിക്ക് വിഴിഞ്ഞം തുറമുഖം എഴുതി കൊടുത്തതുവഴി ആ പ്രദേശമാകെ കേരളത്തിന് നഷ്ടപ്പെട്ടതുപോലെയായി. തിരുവനന്തപുരം വിമാനത്താവളവും നിരവധി തുറമുഖങ്ങളും അദാനിയുടെ കൈയിലാകാൻ പോകുന്നു. സർക്കാർ ജീവനക്കാരുടെ സൗജന്യ ചികിത്സയും റീ-ഇമ്പേഴ്സ്മെൻറും നിർത്തലാക്കി പകരം മെഡിസെപ്പ് എന്ന ഇൻഷുറൻസ് തട്ടിപ്പ് പദ്ധതി അംബാനിയെ ഏൽപ്പിച്ചു. അതുപോലെ സംസ്ഥാന സർക്കാർ നേരിട്ട് നടപ്പിലാക്കിയിരുന്ന പല സേവന സംവിധാനങ്ങളും റിലയൻസിനെ ഏൽപ്പിച്ചുവരികയുമാണ്.

ചുങ്കപ്പാതകൾക്കായി കേരള സർക്കാർ വലിയ വാശിയോടെയാണ് പരിശ്രമിക്കുന്നത്. പാതയോരങ്ങളിൽ താമസിച്ച് ജീവിതമാർഗം കണ്ടെത്തുന്ന ലക്ഷങ്ങളെ കുടിയിറക്കിയിട്ടായാലും വേണ്ടില്ല എന്ന മട്ടിലാണ് സർക്കാർ നീങ്ങുന്നത്. മദ്യം-ലോട്ടറി-ചൂതാട്ടം, കൊള്ള നിരക്കിലുള്ള നികുതികൾ എന്നീ അധാർമിക വരുമാനങ്ങളും പിന്നെ മുച്ചൂടും മുടിഞ്ഞു പോകുന്ന വിധത്തിൽ കടമെടുപ്പും. ഇതാണ് വരുമാന സ്രോതസ്സുകൾ. നാടിനെ തകർത്തു കൊണ്ടിരിക്കുന്ന ജിഎസ്ടിയുടെ പുറത്ത് ഒരു ശതമാനം അധിക വർദ്ധനവും ഏർപ്പെടുത്തിയിരിക്കുന്നു. കൂടാതെ സകല സർക്കാർ സേവനങ്ങളുടെയും നിരക്കും കൂട്ടി. ഭീമമായ തോതിൽ വൈദ്യുതി നിരക്കും വർദ്ധിപ്പിച്ചു.

ഭരണകൂടത്തിന്റെ ക്രൗര്യം വെളിപ്പെടുത്തുംവിധം പോലീസ് അതിക്രമങ്ങൾ വർദ്ധിക്കവെ തന്നെ പോലീസിന് മജിസ്ട്രീരിയൽ അധികാരങ്ങൾ നൽകാൻ ശ്രമിക്കുന്നു. രാഷ്ട്രീയ കൊലപാതകങ്ങൾ തുടരുന്നുവെന്ന് മാത്രമല്ല, സിപിഐ(എം)തന്നെ അതു നടപ്പിലാക്കുകയും ചെയ്യുന്നു. കാർഷികമേഖല തകർന്നടിയുകയാണ്. വിലയിടിഞ്ഞും കടമെടുത്തും മുടിഞ്ഞ കർഷകരുടെ ആത്മഹത്യകൾ വീണ്ടും സംഭവിക്കുന്നു. തീരദേശത്തെ പ്രശ്നങ്ങൾ എണ്ണിയാലൊടുങ്ങില്ല. നിരവധി പ്രശ്നങ്ങളാൽ മത്സ്യത്തൊഴിലാളികൾക്ക് ജീവിതമാർഗ്ഗം ഇല്ലാതാകുന്നു. കടലെടുത്തും തീരസംരക്ഷണത്തിന്റെപേരിലും അവരെ കുടിയൊഴിപ്പിക്കുന്നു. ഹാരിസണെ പോലെയുള്ള വൻകിടഭൂമി കൈയേറ്റക്കാരുടെ ഭാഗത്താണ് സർക്കാർ നിലകൊള്ളുന്നത്. കിടപ്പാടത്തിനു വേണ്ടി നിരവധി ഭൂസമരങ്ങൾ നടക്കുമ്പോഴാണിത്.

അസംഘടിതരുടെ, ദുർബ്ബലരുടെ, പ്രബല കക്ഷികൾ കൈയൊഴിഞ്ഞവരുടെ നിരവധി സമരങ്ങളാണ് കേരളത്തിൽ നടക്കുന്നത്. വിദ്യാഭ്യാസ വായ്പയെടുത്ത് മുടിഞ്ഞവരുടെ, ഭീകരമായ ചൂഷണം അനുഭവിക്കുന്ന നഴ്സുമാരുടെ, സ്വകാര്യ സ്കൂൾ അദ്ധ്യാപകരുടെ, പിരിച്ചുവിടപ്പെട്ട കെഎസ്ആർടിസി കണ്ടക്ടർമാരുടെ, ഡ്രൈവർമാരുടെ, ആശാവർക്കർമാരുടെ സമരങ്ങൾ. വീറോടെയാണ് അവർ പൊരുതുന്നത്. കാരണം അളമുട്ടിയവരുടെ സമരങ്ങളാണവ. പ്രബല പാർട്ടികൾ കൈയൊഴിഞ്ഞ ഈ സമരങ്ങളോടൊപ്പം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) രംഗത്തുണ്ട്.

ഒരുവശത്ത് മോദി സർക്കാർ ജനങ്ങൾക്കെതിരെ നഗ്നമായ ആക്രമണം അഴിച്ചുവിടുമ്പോൾ അതിന് ബദലായ നയങ്ങളിലൂടെ ജനങ്ങളുടെ ചെറുത്തുനിൽപ്പിന് നേതൃത്വം നൽകുന്നതിന് ബാധ്യതപ്പെട്ടവർ ഇത്തരത്തിലുള്ള ഭരണമാണോ കാഴ്ചവയ്ക്കേണ്ടത്? സംഘപരിവാർ ഉയർത്തുന്ന അക്രമാസക്തമായ ഹിന്ദുത്വ അജണ്ടക്കെതിരെ കേരളത്തിന്റെ സാംസ്കാരിക ശക്തിയെ നയിക്കേണ്ടവർ സ്വയം ആക്രമണങ്ങൾക്ക് നേതൃത്വം നൽകുകയും എതിർ ശബ്ദങ്ങളെ അടിച്ചമർത്തുകയും ചെയ്താലോ? തികച്ചും ജനാധിപത്യ വിരുദ്ധമായ, ഇടതുപക്ഷ വിരുദ്ധമായ ഇത്തരം ചെയ്തികൾ കേരളത്തിന്റെ വലതുവൽക്കരണത്തെ ത്വരിതപ്പെടുത്തിയിട്ടുണ്ട് എന്ന് നിസ്സംശയം പറയാം.

സംഘപരിവാർ ഉയർത്തുന്ന പിന്തിരിപ്പൻ ദർശനത്തെ സ്വീകരിക്കാൻ മനസ്സില്ലാത്ത, ഇടതുപക്ഷബോധമുള്ള ധാരാളംപേർ നിവൃത്തികേടുകൊണ്ട് അവരുടെ ചേരിയിൽ ചെന്ന് ചേർന്നിട്ടുണ്ട്. പുരോഗമന-സാംസ്കാരിക മേഖലയിലെ തികഞ്ഞ പാപ്പരത്തം കാരണം എത്ര പിന്തിരിപ്പൻ ആശയങ്ങളെയും ഏറ്റുവാങ്ങാൻ പാകമായ മാനസികാവസ്ഥ സ്വന്തം അണികളിലും അവർ സൃഷ്ടിച്ചിട്ടുണ്ട്. എസ്എഫ്ഐയിലൂടെയും ഡിവൈഎഫ്ഐയിലൂടെയും കടന്നുവരുന്ന ചെറുപ്പക്കാർ തികഞ്ഞ ജനാധിപത്യവിരുദ്ധ സംസ്കാരമാണ് ആർജ്ജിക്കുന്നത്. ചിലപ്പോൾ പ്രകടനപരതയോടെ അവതരിപ്പിക്കുന്ന നവോത്ഥാന-പുരോഗമന ജാഡകൾക്ക് സമൂഹത്തിൽ യാതൊരു ചലനവും സൃഷ്ടിക്കാനാവുന്നില്ല എന്ന് മാത്രമല്ല വിപരീത ഫലങ്ങളാണ് ഉളവാക്കുന്നത്. തെരഞ്ഞെടുപ്പിൽ വലിയ തിരിച്ചടി കിട്ടിയപ്പോഴാണ് ഇനി ജനങ്ങളുടെ അടുത്തേക്ക് പോയിക്കളയാം എന്ന് തീരുമാനമെടുത്തത്. 'സർക്കാരിന്റെ നന്മ ബോധ്യപ്പെടുത്തുന്നതിൽ സംഭവിച്ച പരാജയംകൊണ്ടാണ് തെരഞ്ഞെടുപ്പിൽ തോറ്റത്' എന്നാണ് ജനസമ്പർക്ക പരിപാടിയിലൂടെ അവർക്ക് ബോധ്യപ്പെട്ടത്. വമ്പിച്ച തിരിച്ചടിയിൽനിന്നുപോലും ശരിയായ പാഠങ്ങൾ പഠിക്കാൻ ഈ പ്രസ്ഥാനത്തിന് ശേഷി നഷ്ടപ്പെട്ടിരിക്കുന്നു എന്നാണ് ഇതിൽ നിന്ന് മനസ്സിലാവുന്നത്. ചുരുക്കിപ്പറഞ്ഞാൽ കേരളത്തിന്റെ അതിവേഗത്തിലുള്ള വലതു വൽക്കരണത്തിന് സിപിഐ(എം) വലിയ സംഭാവനകളാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഇടതുമുന്നണി സർക്കാരിന്റെ നയങ്ങൾ കേരളത്തിൽ ബിജെപി രാഷ്ട്രീയത്തെ ശക്തിപ്പെടുത്തും.

ഈ സാഹചര്യത്തിൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഭീഷണമായ കുത്തൊഴുക്കിനെ തടഞ്ഞു നിർത്താനും പുരോഗമന മുന്നേറ്റങ്ങൾക്ക് ശക്തി പകരാനും ആഗ്രഹിക്കുന്നവർ ചെയ്യേണ്ടതെന്താണ്? കേന്ദ്ര ബിജെപി സർക്കാരിന്റെ കിരാത നയങ്ങൾക്കെതിരെ ജനാധിപത്യ-മതേതര മൂല്യങ്ങൾ സംരക്ഷിക്കാനായി ഒരുമിക്കുക എന്നതാണ് ഒന്നാമത്തെ കാര്യം. ഭരണാധികാരം, ജനാഭിലാഷത്തെ പ്രതിഫലിപ്പിക്കുന്നതും ന്യായമായ ജനാധിപത്യ സമരങ്ങളെ വിജയത്തിലെത്തിക്കാൻ സഹായിക്കുന്നതുമാക്കി മാറ്റിത്തീർത്തുകൊണ്ട് ഇടതുപക്ഷ രാഷ്ട്രീയം ഉയർത്തിപ്പിടിക്കുവാൻ സിപിഐ(എം) നേതൃത്വത്തെ നിർബന്ധിക്കുന്ന തരത്തിൽ പ്രവർത്തകർ ഇടപെടണം. അങ്ങനെ ഇടതുരാഷ്ട്രീയത്തിന്റെ മഹത്വം ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള നിരന്തരവും സുദീർഘവുമായ സമരത്തിന് സിപിഐ(എം) അടക്കമുള്ള ഇടതു കക്ഷികൾ തയ്യാറാവണം. അതോടൊപ്പം പുരോഗമന-ജനാധിപത്യ വിശ്വാസമുള്ള വ്യക്തികളും സംഘടനകളും ഒന്നിച്ച്, ജാതി-മത-പരിഗണനകൾക്ക് അതീതമായ സമരശക്തി കെട്ടഴിച്ചുവിടാൻ ആകുമെങ്കിൽ ഫാസിസ്റ്റ് മുന്നേറ്റങ്ങളെ ചെറുത്ത് പരാജയപ്പെടുത്താനാവും. ഇത്തരം ഒരു ദൗത്യം ചുമലിലേറ്റിക്കൊണ്ട് മാർക്സിസം-ലെനിനിസം-സഖാവ് ശിബ്ദാസ് ഘോഷ് ചിന്ത നൽകുന്ന വെളിച്ചത്തിൽ അനിവാര്യമായ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ പാതയിലൂടെ, അതെത്ര പ്രയാസകരമാണെങ്കിലും നിലവിലുള്ള കരാളമായ വ്യവസ്ഥിതിയുടെ ചൂഷണമനുഭവിക്കുന്ന ജനങ്ങളെ അണിനിരത്തി അടരാടി മുന്നേറുന്ന കാര്യത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പ്രതിജ്ഞാബദ്ധമാണ്. ■



**എഐഎംഎസ്എസ്, എഐഡിവൈഒ, എഐഡിഎസ്ഒ സംയുക്തമായി കോട്ടയം കളക്ട്രേറ്റിലേക്ക് നടത്തിയ ലഹരിവിരുദ്ധമാർച്ച് എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി കെ.എം.ബീവി ഉദ്ഘാടനം ചെയ്യുന്നു**

# കേന്ദ്രബജറ്റ്: വസ്തുതകളും തിരിച്ചറിയേണ്ട യാഥാർത്ഥ്യങ്ങളും



**അടുത്ത അഞ്ച് വർഷംകൊണ്ട് രാജ്യത്തെ അഞ്ചുട്രില്ല്യൺ ഡോളറിന്റെ സമ്പദ്ഘടനയാക്കുമെന്ന മോഹനവാഗ്ദാനം നൽകിക്കൊണ്ടാണ്, ജൂലൈ അഞ്ചാം തീയതി, കേന്ദ്ര ധനകാര്യമന്ത്രി നിർമ്മല സീതാരാമൻ രണ്ടാം മോദി സർക്കാരിന്റെ ആദ്യ ബജറ്റ് അവതരിപ്പിച്ചത്. മുതലാളിത്ത സാമ്പത്തികശാസ്ത്ര വിശാരദന്മാരും മുതലാളിമാരുടെ സംഘടനകളും സർക്കാർ അനുകൂല മാധ്യമങ്ങളുമൊക്കെ, ബജറ്റിനെ ‘വളരെ പുരോഗമനപരം’, ‘ഭാവിയിലേക്കുള്ള ഉറച്ച വഴികാട്ടി’ എന്നൊക്കെ പാടിപ്പുകഴ്ത്തിയെങ്കിലും, അവരുടെതന്നെ ഹൃദയമിടിപ്പായ ഓഹരിക്കമ്പോളം ബജറ്റിനോട് തുടക്കത്തിൽ പ്രതികരിച്ചത് നിരാശയോടെയായിരുന്നു.**

ബജറ്റിനുമുന്നോടിയായി പ്രസിദ്ധീകരിച്ച വാർഷിക സാമ്പത്തിക സർവേയിൽ രാജ്യത്തിന്റെ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ്തന്നെ അടിവരയിട്ടുപറഞ്ഞത്, സ്വകാര്യ മൂലധനത്തിന്റെ നിർബാധമായ ഒഴുക്കുമാത്രമാണ് രാജ്യത്തിന്റെ വികസനത്തിനും തൊഴിൽസൃഷ്ടിക്കുമുള്ള ഒരേയൊരു വഴി എന്നതാണ്. എന്നിട്ടും മതിയായ അളവിൽ തങ്ങളെ പരിപോഷിപ്പിക്കുന്ന തരത്തിൽ നടപടികൾ ബജറ്റിലുണ്ടായില്ല എന്നതാണ് ഒരു വിഭാഗം മുതലാളിമാരുടെ പരാതി. കന്നിബജറ്റിൽ ജനപ്രീതി നേടാനുള്ള ചില പദ്ധതികളും പ്രഖ്യാപനങ്ങളും നടത്തിയ ധനമന്ത്രി, അടിമുടി ശക്തമായ സ്വകാര്യവൽക്കരണം എന്ന പ്രഖ്യാപിതലക്ഷ്യത്തോട് പൂർണമായും നീതി പുലർത്തിയില്ലെന്ന് ചിലർ അടക്കം പറയുന്നു.

ധനകാര്യമന്ത്രി തന്റെ ബജറ്റ് പ്രസംഗത്തിന്റെ നല്ലൊരുഭാഗം വിനിയോഗിച്ചത് കഴിഞ്ഞ മോദി സർക്കാർ നടപ്പാക്കിയ ജനക്ഷേമപദ്ധതികളുടെ ഗുണഫലങ്ങളെക്കുറിച്ച് വർണ്ണിക്കാനാണ്. അതിന്റെ തുടർച്ചയായി ഈ ബജറ്റും ‘വളർച്ചയും ഉൾക്കൊള്ളലും’ എന്ന ഇരട്ടലക്ഷ്യങ്ങളെ മുൻനിർത്തുന്നുവെന്ന് അവർ സമർത്ഥിക്കുന്നു. എല്ലാ വിഭാഗം ജനങ്ങളെയും, വിശേഷിച്ചും കർഷകരെയും സാധാരണക്കാരെയും പരിഗണിക്കുന്നതാണ് ബജറ്റ് എന്നും, ബജറ്റ് അനുകൂലികൾ അവകാശപ്പെടുന്നു. എന്നാൽ, ഇന്ത്യൻ സമ്പദ്ഘടന ഇന്നുനേരിടുന്ന നിർണായകമായ പ്രതിസന്ധികളെക്കുറിച്ച് ദുരൂഹമായ മൗനം പുലർത്തുന്നതാണ് ഈ ബജറ്റ് എന്നതല്ലേ യാഥാർത്ഥ്യം? രാജ്യം നേരിടുന്ന രൂക്ഷമായ തൊഴിലില്ലായ്മ, വ്യവസായ-കാർഷിക മേഖലകൾ നേരിടുന്ന മാന്ദ്യം, തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾ തികഞ്ഞ ലാഘവത്തോടെയാണ് കൈകാര്യം ചെയ്തിരിക്കുന്നത്. സാമ്പത്തിക സർവേയിലാകട്ടെ, ഈ പ്രശ്നങ്ങൾക്കെല്ലാമുള്ള ഒറ്റമൂലി വർധിച്ച സ്വകാര്യ മൂലധനനിക്ഷേപം മാത്രമാണെന്നാണ് പറയുന്നത്. മനോഹരവാഗ്ദാനങ്ങളും വാചാടോപവും കൊണ്ട് സാധാരണജനങ്ങളെ ആശയക്കുഴപ്പത്തിലാക്കി, അവരുടെ അവസാനതുള്ളി രക്തവും വിയർപ്പും ഊറ്റിയെടുത്ത്, സ്വകാര്യമൂലധനത്തിന്റെ തേർവാഴ്ച്ചക്കായി രാജ്യത്തെത്തന്നെ വലിച്ചെറിഞ്ഞ് കൊടുക്കാനുള്ള ഈ സർക്കാരിന്റെ നയത്തിന്റെ പ്രത്യക്ഷരൂപവും അതിന്റെ രൂപരേഖയും മാത്രമാണ് ഈ ബജറ്റ്.

### തകരുന്ന ഇന്ത്യൻ സാമ്പത്തികരംഗം

ഈ ബജറ്റ് അവതരിപ്പിക്കുമ്പോൾ എന്താണ് ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ അവസ്ഥ? സർക്കാരും സാമ്പത്തികവിദഗ്ദ്ധരും കൊട്ടിഘോഷിക്കുന്ന വളർച്ചാനിരക്കിനെയും, ജിഡിപി പോലെയുള്ള സൂചകങ്ങളെയും മാറ്റിനിർത്തിക്കൊണ്ട് നമുക്ക് ഇന്ത്യയിലെ സാധാരണക്കാരന്റെ സാഹചര്യമെന്തെന്ന് പരിശോധിക്കാം. നടുവൊടിക്കുന്ന വിലക്കയറ്റംകൊണ്ട് ശരാശരി വരുമാനമുള്ള കുടുംബങ്ങൾ പോലും ജീവിതം മുന്നോട്ടുനീക്കാനാവാതെ നരകിക്കുകയാണ്. ഉയരുന്ന ചെലവിനനുസരിച്ച് വരുമാനം വർദ്ധിക്കുന്നില്ലെന്ന് മാത്രമല്ല, ഉള്ള തൊഴിൽ തന്നെ ഇല്ലാതാകുന്നു. ഒരുവശത്ത് കാലാവസ്ഥ വ്യതിയാനവും, മറുവശത്ത് സർക്കാർ നയങ്ങളും ലാഭാർത്തി മൂത്ത കോർപ്പറേറ്റുകളുടെ കടന്നാക്രമണവും ഇന്ത്യൻ കർഷകന്റെ നട്ടെല്ലൊടിക്കുന്നു. ആയിരക്കണക്കിന് കർഷകർ കടബാധ്യതമൂലം ആത്മഹത്യയിൽ അഭയം പ്രാപിക്കുന്നു. കള്ളപ്പണം ഇല്ലാതാക്കാൻ എന്ന പേരിൽ കൊണ്ടു വന്ന നോട്ട് നിരോധനവും, പിന്നീട് അടിച്ചേൽപ്പിച്ച ജിഎസ്ടിയും, ചെറുകിടവ്യവസായത്തെയും വ്യാപാരികളെയും തകർത്തിരിക്കുന്നു. ജിഎസ്ടി എന്ന പിടിച്ചുപറിക്കുശേഷവും നികുതി വരുമാനം മുൻവർഷങ്ങളേക്കാൾ കുറയുന്നതായുള്ള കണക്കുകൾ പ്രതിഫലിപ്പിക്കുന്നത് വിപണിത്തകർച്ചയെയാണ്. 2019 മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷത്തിലെ നികുതി വരുമാനം, ഇടക്കാല ബജറ്റിൽ പ്രതീക്ഷിച്ചതിലും ഏറെ കുറവാണ്. ജിഡിപിയുടെ 0.9 ശതമാനത്തോളം വരും ഈ അന്തരം എന്നാണ് കണക്കുകൾ.

പ്രധാന വ്യവസായ മേഖലകളായ നിത്യോപയോഗ ഉൽപന്നങ്ങൾ, വാഹനവിപണി, കൂടാതെ റിയൽ എസ്റ്റേറ്റ് മേഖലയിൽപോലും വാണിജ്യമാന്ദ്യം പിടിമുറുക്കിയിരിക്കുന്നു. വാങ്ങാനാളില്ലാതെ പല ഉത്പന്നങ്ങളും കെട്ടിക്കിടക്കുകയാണെന്ന് പത്രങ്ങളുടെ ബിസിനസ്സ് പേജിലെ വാർത്തകൾ വ്യക്തമാക്കുന്നു. പ്രധാനമന്ത്രി ആവാസ് യോജന പോലെയുള്ള പദ്ധതികൾവഴി ഭവനനിർമാണ മേഖലയിൽ പുത്തനുണർവുണ്ടാക്കി, ഭവനരഹിതർ ഇല്ലാതാകുന്നു, എന്നതാണ് മോദിസർക്കാരിന്റെ അവകാശവാദം. ഇപ്പോഴത്തെ ബജറ്റിൽതന്നെ പറയുന്നു, ഒന്നരക്കോടിയോളം ഭവനങ്ങൾ ഈ പദ്ധതിയിലൂടെ നിർമ്മിച്ചു നൽകി, ഇനിയും 1.95 കോടി വീടുകൾകൂടി നിർമ്മിച്ചു നൽകും എന്ന്. പ്രധാനമന്ത്രി ആവാസ് യോജന അടക്കമുള്ള വായ്പ അധിഷ്ഠിത പദ്ധതികൾ സാമൂഹ്യക്ഷേമത്തിന്റെ മേലങ്കിയണിഞ്ഞ് അവതരിപ്പിക്കുന്നതിനു പിന്നിലെ കാപട്യങ്ങളിലേക്ക് സ്ഥലപരിമിതി മൂലം ഇവിടെ തത്ക്കാലം കടക്കുന്നില്ല. പക്ഷേ, രാജ്യത്തെ യഥാർത്ഥ ഭവനരഹിതരുടെയും, ഭൂരഹിതരുടെയും കൃത്യമായ കണക്കുകൾ, അവരെ കണ്ടെത്താനുള്ള മാനദണ്ഡം, ഇതുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ എന്നിവകൂടി സർക്കാർ ഇതോടൊപ്പം പറയേണ്ടതുണ്ട്. ലഭ്യമായ റിപ്പോർട്ടുകൾപ്രകാരം ഇന്ത്യയിലെ ഭവനരഹിതരുടെ എണ്ണം 17 കോടിയിലും അധികമാണ്. നാടോടികളും ഗോത്രവിഭാഗങ്ങളും തെരുവിൽ കഴിയുന്നവരും ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. ഇതിൽ ബഹുഭൂരിപക്ഷവും ഭൂരഹിതരുമാണ്. കോർപ്പറേറ്റുകൾക്കുള്ള പിൻവാതിൽ സഹായം മാത്രം മുന്നിൽകണ്ട് രൂപകൽപ്പന ചെയ്ത ഇത്തരം കപടസാമൂഹ്യക്ഷേമ പദ്ധതികളിലൂടെ പാർപ്പിടപ്രശ്നത്തിന്റെ ഒരംശംപോലും പരിഹരിക്കപ്പെടുകയില്ല.

തൊഴിലില്ലായ്മ നിരക്കിൽ ഉണ്ടായിട്ടുള്ള ഭീമമായ വർധനയുടെ കണക്കുകൾ മൂടിവെക്കാൻ ഒന്നാം മോദിസർക്കാർ പരമാവധി ശ്രമിച്ചിരുന്നു. കണക്കിൽ വെള്ളം ചേർക്കാനും യഥാർത്ഥ കണക്കുകൾ മൂടിവെക്കാനുമുള്ള സർക്കാർ ശ്രമങ്ങളിൽ പ്രതിഷേധിച്ച് കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷനിലെ രണ്ട് അംഗങ്ങൾ രാജി വെച്ചത് നാം ഓർക്കണം. പുറത്തുവന്ന കണക്കുകൾ പ്രകാരം 45 വർഷത്തെ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മ നിരക്കാണ് രാജ്യം ഇന്ന് അഭിമുഖീകരിക്കുന്നത്. ദേശീയ സാമ്പിൾ സർവേ ഓർഗനൈസേഷന്റെ സർവേ ഫലങ്ങൾ അടിസ്ഥാനമാക്കി 6.1% എന്ന് കണക്കാക്കിയ തൊഴിലില്ലായ്മ നിരക്ക്, പക്ഷേ കേന്ദ്രസർക്കാർ അംഗീകരിക്കുന്നില്ല. ഇത് കണ്ടെത്തിയ രീതികളിൽ അപാകതയുണ്ടത്രെ. സെന്റർ ഫോർ മോണിറ്ററിങ്ങ് ഇന്ത്യൻ എക്കോണമി(CMIE) നൽകുന്ന കണക്കുപ്രകാരം 2019 ഫെബ്രുവരിയിൽ 7.2% ആയിരുന്നു തൊഴിലില്ലായ്മ. കണക്കുകൾ മാറ്റിവെക്കാം. വടക്കുകിഴക്കൻ-ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും കൃഷിയും പരമ്പരാഗത തൊഴിലും ഉപേക്ഷിച്ച്, എന്തെങ്കിലുമൊരു ജോലിക്കായി മറ്റ് സംസ്ഥാനങ്ങളിലേക്ക് കുടിയേറുന്നവരെക്കൊണ്ട് നിറയുകയാണ് തീവണ്ടികൾ. കഴിഞ്ഞ ഒരു ദശാബ്ദമായി തൊഴിൽ തെണ്ടിയുള്ള ഈ ദുരിതയാത്രയുടെ ഹൃദയഭേദകമായ കാഴ്ചയാണ് രാജ്യം നേരിടുന്ന തൊഴിൽരാഹിത്യത്തിന്റെ ഏറ്റവും കൃത്യമായ തെളിവ്. എഞ്ചിനീയറിങ്ങ് അടക്കമുള്ള ഉന്നതവിദ്യാഭ്യാസം പൂർത്തീകരിച്ചിട്ടും തൊഴിലിനായി അലയേണ്ടിവരുന്ന, തുച്ഛമായ വരുമാനത്തിന് കിട്ടുന്ന എന്തുജോലിയും സ്വീകരിക്കാൻ നിർബന്ധിതരാകുന്ന ലക്ഷങ്ങൾ വേറെ. സാമ്പത്തികസർവേയും കേന്ദ്രബജറ്റും പക്ഷേ തൊഴിലില്ലായ്മയെപറ്റി ഉരിയാടുന്നില്ല. തൊഴിൽ ലഭിക്കാത്തതിനു കാരണം തൊഴിലവസരങ്ങളുടെ കുറവല്ല, മറിച്ച് തൊഴിലന്വേഷകർക്ക് മതിയായ നൈപുണ്യം ഇല്ലാത്തതാണ് എന്നതാണ് ഒന്നാം മോദി സർക്കാർ നമ്മെ ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നത്. യുവാക്കളുടെ നൈപുണ്യവികസനത്തിനായി ഒരു സർക്കാർ വകുപ്പുതന്നെ ആരംഭിച്ചു. കോടിക്കണക്കിനുരൂപ ആ പേരിലും കഴിഞ്ഞ സർക്കാർ ചെലവഴിച്ചു. അതിന്റെ ബാക്കിപത്രമാണ് ഇപ്പോൾ പുറത്തുവിടാൻ നിർബന്ധിതമായ തൊഴിലില്ലായ്മ നിരക്കിലെ വർധനയുടെ കണക്കുകൾ. അവിടെയും യാഥാർത്ഥ്യം അംഗീകരിക്കാതെ പച്ചക്കള്ളം പ്രചരിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. എന്നാൽ എത്ര മൂടിവെക്കാൻ ശ്രമിച്ചാലും ഈ സത്യത്തെ മറച്ചുവെക്കാൻ സാധിക്കില്ല. കാരണം അപരിഹാര്യമായ മുതലാളിത്തപ്രതിസന്ധിയുടെ സൃഷ്ടിയായ തൊഴിലില്ലായ്മ പൊട്ടിത്തെറികളായി രാജ്യമെമ്പാടും ഉയരുകയാണ്.

ലോകമുതലാളിത്ത വ്യവസ്ഥയുടെ ഭാഗമായ ഇന്ത്യയിലും ദൃശ്യമാകുന്നത്, മരണാസന്ന മുതലാളിത്തത്തിന്റെ രൂക്ഷമായ പ്രതിസന്ധിയുടെ ലക്ഷണങ്ങൾ തന്നെയാണ്. കൃത്രിമ കണക്കുകൾകൊണ്ടോ വ്യാജപ്രചാരണംകൊണ്ടോ മറച്ചുവയ്ക്കാനാവാത്തവിധം വ്യവസായ-വാണിജ്യ മാന്ദ്യം രാജ്യത്തിന്റെ സാമ്പത്തിക ചലനങ്ങളിൽ വളരെ വ്യക്തമായും ദൃശ്യമാണ്. പാർപ്പിട സമുച്ചയ നിർമ്മാണവും വിൽപ്പനയുമെന്ന ഒരൊറ്റരംഗത്തെ പ്രതിസന്ധി മാത്രം പരിശോധിച്ചാൽ നമുക്ക് പ്രശ്നത്തിന്റെ ആഴം മനസ്സിലാകും. രാജ്യത്തിന്റെ 30 നഗരങ്ങളിലായി വിൽക്കപ്പെടാതെ കിടക്കുന്ന ഫ്ളാറ്റുകളുടെ

(ശേഷം 6-ാം പേജിൽ)




**ജനവിരുദ്ധ കേന്ദ്ര ബജറ്റിനെതിരെ കോഴിക്കോട് നഗരത്തിൽ നടന്ന യോഗത്തിൽ എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് എ.ശേഖർ പ്രസംഗിക്കുന്നു**

# സമ്പദ്ഘടന നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് ബജറ്റ് ദുരൂഹമായ മൗനം പുലർത്തുന്നു

(5-ാം പേജിൽ നിന്ന്)

എണ്ണം ഭീമമായി വർദ്ധിച്ച് 13 ലക്ഷമായിരിക്കുന്നു. 17 കോടി ഭവനരഹിതരുള്ള രാജ്യത്താണ് ഈ സ്ഥിതിയെന്ന് ഓർക്കുക. നഗരങ്ങളിലെ ക്രയശേഷി കുത്തനെ ഇടിയുന്നതാണ് ഫ്ളാറ്റു വിൽപ്പന ഇത്രമേൽ കുറയാൻ കാരണം. ബാങ്കുകളിൽ നിന്നും ധനകാര്യസ്ഥാപനങ്ങളിൽനിന്നും ഭീമമായ വായ്പയെടുത്ത് ഈ രംഗത്ത് നിക്ഷേപം നടത്തിയ സ്വകാര്യ കമ്പനികൾ പലതും തകർന്നു. തിരിച്ചടവ് മുടങ്ങിയതിനെത്തുടർന്ന്, കിട്ടാക്കടം വർദ്ധിച്ച് ബാങ്കുകൾ വൻപ്രതിസന്ധിയിലായി. ജപ്തിചെയ്ത ഫ്ളാറ്റുകൾ വില കുറച്ച് വിൽക്കാൻ ബാങ്കുകൾ തയ്യാറായിട്ടും വാങ്ങാൻ ഒരാളുപോലും വരുന്നില്ല. ചെറിയ ചില വ്യത്യാസങ്ങളോടെയാണെങ്കിലും അമേരിക്കയിലെ സബ് പ്രൈം പ്രതിസന്ധിയുടെ വേറൊരു പതിപ്പായി ഇൻഡ്യയിലെ റിയൽ എസ്റ്റേറ്റ് തകർച്ച മാറുകയാണ്. കൃത്രിമമായി ഉണ്ടാക്കിയ റിയൽ എസ്റ്റേറ്റ് ബൂം ഒരു സോപ്പുകുമിളയായി പൊട്ടുന്നു.

നിർമ്മാണ മേഖലയിലെ പതിനായിരക്കണക്കിന് തൊഴിലാളികൾ തൊഴിൽരഹിതരായിരിക്കുന്നു. നിർമ്മാണ ഉൽപ്പന്നങ്ങളുടെ വിപണിയെയും അത് തകർത്തിരിക്കുന്നു. ഒരു പ്രതിസന്ധി മറ്റനേകം പ്രതിസന്ധികൾക്ക് ജന്മം നൽകുന്നതിനാൽ രാജ്യം പ്രതിസന്ധിയുടെ ഒരു ശൃംഖലയിൽ അകപ്പെട്ടിരിക്കുകയാണെന്നതാണ് യാഥാർത്ഥ്യം. ഇത്തരമൊരു സ്ഥിതിവിശേഷം മുതലാളിത്ത വ്യവസ്ഥയുടെ അനിവാര്യഫലം മാത്രമാണ്. ഇതിൽനിന്ന് കരകയറാൻ മുതലാളിത്തഭരണകൂടം നടത്തുന്ന പരിശ്രമങ്ങളുടെ ഭാഗമായി മാത്രമേ ബജറ്റുകളെയും കാണാനാവൂ. അതിനാൽ ജനങ്ങൾ അഭിമുഖീകരിക്കുന്ന ജീവിതയാതനകൾക്ക് എന്തെങ്കിലും ശാശ്വത പരിഹാരം ഭരണകൂടനടപടികൾവഴി ഉണ്ടാകുമെന്ന് യാഥാർത്ഥ്യബോധമുള്ളവർ പ്രതീക്ഷിക്കുന്നില്ല. ബജറ്റുൾപ്പടെയുള്ള ഭരണനടപടികളിൽ വ്യാമോഹം വളർത്തിക്കൊണ്ട് ജനങ്ങളെ കബളിപ്പിക്കാൻ മുതലാളിത്ത മാദ്ധ്യമങ്ങളുൾപ്പെടെയുള്ളവർ നടത്തുന്ന ശ്രമത്തെ തുറന്നുകാണിക്കുകയാണ് ഇന്നു നമ്മുടെ മുമ്പിലുള്ള ദൗത്യം.

**ബജറ്റ് എന്താണ് നൽകുന്നത്?**

വീണ്ടും അധികാരത്തിലേറിയ മോദിസർക്കാരിന്റെ ആദ്യബജറ്റിനെ സംബന്ധിച്ച്, എല്ലാവിഭാഗം ജനങ്ങളിലും വളരെ പ്രതീക്ഷയും വ്യാമോഹവും സൃഷ്ടിക്കാൻ സർക്കാർതന്നെ വലിയ പ്രചാരവേല സംഘടിപ്പിച്ചിരുന്നു. മാധ്യമങ്ങളും ഈ ദിശയിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ ബജറ്റ് വന്നതിനുശേഷം ബജറ്റിലുള്ള ജനാനുകൂലമായ എന്തെങ്കിലും ഒരു നടപടി ചൂണ്ടിക്കാട്ടാനും വിശദീകരിക്കാനും മാധ്യമങ്ങളും സർക്കാരിന്റെ കൂലിയെഴുത്തുകാരും വളരെയധികം പണിപ്പെടുന്നതാണ് നാം കണ്ടത്.

മണിക്കൂറുകൾ നീണ്ട ബജറ്റ് പ്രസംഗത്തിൽ, ഏതൊരു പൊതുബജറ്റിലും അവശ്യം അവതരിപ്പിക്കേണ്ടതായ അടിസ്ഥാന കണക്കുകളും സാമ്പത്തിക വിവരങ്ങളും കീഴ്‌വഴക്കങ്ങൾക്ക് വിരുദ്ധമായി ധനമന്ത്രി ഉൾപ്പെടുത്തിയില്ല. മുൻബജറ്റിലെ വരുമാനത്തിന്റെയും ചെലവിന്റെയും പൊതുകടത്തിന്റെയുമൊക്കെ ലക്ഷ്യങ്ങളും യഥാർത്ഥത്തിൽ കൈവരിച്ച നേട്ടങ്ങളും (Targets and Achievements) അടക്കമുള്ള കണക്കുകൾ ബജറ്റ് അവതരണത്തിന്റെ ഭാഗമായില്ല. അതൊക്കെ സഭയുടെ മേശപ്പുറത്തു വച്ച ബജറ്റ് രേഖകളിൽ മാത്രമാണ് കൂട്ടിച്ചേർത്തിരുന്നത്. അപ്രകാരം അവതരിപ്പിച്ച കണക്കുകളിലും വിവരങ്ങളിലും ഗുരുതരമായ പിശകുകൾ കടന്നുവന്നതായി മാധ്യമങ്ങൾ പിന്നീട് റിപ്പോർട്ട് ചെയ്യുകയുണ്ടായി. പാർലമെന്ററി സംവിധാനത്തെ ദുർബ്ബലപ്പെടുത്തുകയും അപ്രസക്തമാക്കുകയും ചെയ്തുവരുന്ന ബിജെപിയുടെ സമീപനത്തിന്റെ തുടർച്ച ഈ ബജറ്റവതരണത്തിലും അങ്ങിനെ പ്രകടമായി. (പിന്നീട് രാജ്യസഭയിൽ വെറും മൂന്നു ദിവസംകൊണ്ട് 17 ബില്ലുകൾ ചർച്ചകൂടാതെ പാസ്സാക്കിയ നടപടിയിലും ഇതേ സമീപനം തുടരുകയാണ്)

നിലവിൽ 2.7 ട്രില്യൺ ഡോളറിന്റെ സമ്പദ്ഘടനയായ ഇ

**കേന്ദ്രബജറ്റ്**

ന്ത്യയെ, 2024-ഓടെ 5 ട്രില്യൺ ഡോളർ സമ്പദ്ഘടനയാക്കും എന്നതാണ് സർക്കാരിന്റെ പ്രധാന വാഗ്ദാനമായി അവതരിപ്പിക്കപ്പെടുന്നത്. അഞ്ച് ശതമാനത്തിൽ കവിയാത്ത പണപ്പെരുപ്പ നിരക്കും, വർഷം എട്ട് ശതമാനമോ അതിൽ കൂടുതലോ യഥാർത്ഥവളർച്ചാ നിരക്കും ഉണ്ടെങ്കിൽ മാത്രമേ ഈ ലക്ഷ്യം കൈവരിക്കാനാവുകയുള്ളൂ. ഈ അളവിൽ ജിഡിപി വളരണമെങ്കിൽ വൻതോതിൽ നിക്ഷേപമുയരണം. എന്തുമാർഗ്ഗേനയും നിക്ഷേപം ഉയർത്താനുള്ള വഴികളുടെ അവതരണമാണ് ബജറ്റിന്റെ മുഖ്യ ഉള്ളടക്കം. ഇതിൽ സർക്കാരിന്റെ പങ്കെന്താണെന്ന് വളരെ വ്യക്തമാണ്. സർക്കാരിന് അധികം നിക്ഷേപം നടത്താൻ സാധ്യമല്ല, പകരം സ്വകാര്യ നിക്ഷേപകരിൽനിന്നും സാധ്യമായതിന്റെ പരമാവധി നിക്ഷേപം നേടിയെടുക്കണം. ഇതിന് വഴിയൊരുക്കുന്നതിന് ആവശ്യമായ, ഡിജിറ്റൽവൽക്കരണം അടക്കമുള്ള, അടിസ്ഥാനസൗകര്യങ്ങൾക്കായി, അടുത്ത 5 വർഷം കൊണ്ട് 100 ലക്ഷം കോടി രൂപയുടെ വികസനം സർക്കാർ നടത്തുമെന്ന വാഗ്ദാനമുണ്ട്. പ്രധാനപ്പെട്ട മേഖലകൾ അടക്കം സ്വകാര്യമൂലധനശക്തികൾക്ക് വിട്ടുകൊടുത്തുകൊണ്ട് സർക്കാർ പിൻവാങ്ങുന്നതിലൂടെ ഉണ്ടാകുന്ന വളർച്ചയുടെ നേട്ടങ്ങൾ, സാധാരണക്കാർക്കും, ഗ്രാമീണ-ചെറുകിട മേഖലയ്ക്കുമായി നൽകപ്പെടും എന്നതാണ് ബജറ്റിന്റെ പൊതുവാഗ്ദാനം. ഇതേ അരിച്ചിറങ്ങൽ സിദ്ധാന്തത്തിന്റെ (Trickle Down Effect) മേന്മയും ആവശ്യകതയും പറഞ്ഞുകൊണ്ടാണ് സാമ്പത്തികസർവേ റിപ്പോർട്ടും ആരംഭിക്കുന്നത്. പൊതുകടം ജിഡിപിയുടെ 3.3% ആയി കുറച്ച് കാണിക്കുവാനുള്ള വ്യഗ്രത വളരെ ദൃശ്യമാണ്. 2022-ഓടെ എല്ലാവർക്കും വൈദ്യുതി, 2024-ഓടെ എല്ലാ ഗ്രാമീണഭവനങ്ങളിലും ജലലഭ്യത തുടങ്ങിയ വാഗ്ദാനങ്ങളുമുണ്ട്. സ്റ്റാർട്ട് അപ്പുകളെ പ്രോൽസാഹിപ്പിക്കുവാനായി പുതിയ ടിവി ചാനൽ, സ്റ്റാർട്ട് അപ്പുകളിലുള്ള നിക്ഷേപങ്ങൾക്കു മേലുള്ള പരിശോധനകളുടെ ലഘൂകരണം, നിക്ഷേപങ്ങൾക്കുമേൽ ചുമത്തിയിരുന്ന ഏഞ്ചൽ ടാക്സ് ഒഴിവാക്കിയത് തുടങ്ങിയ നടപടികളുമുണ്ട്. കിട്ടാക്കടം കൊണ്ടും കോർപ്പറേറ്റുകളുടെ വൻകിട വായ്പകൾ എഴുതിത്തള്ളിയും രൂക്ഷമായ പ്രതിസന്ധിയിലായ പൊതുമേഖല ബാങ്കുകളിലേക്ക്, പൊതുഖജനാവിൽനിന്നും 70,000 കോടി രൂപയുടെ മൂലധനസഹായം ബജറ്റ് നീക്കിവെക്കുന്നു. കൂടാതെ നഷ്ടത്തിലായ ബാങ്കിങ്ങ്-ഇതര ധനകാര്യ സ്ഥാപനങ്ങൾക്കും പൊതുഖജനാവിൽനിന്നും പരോക്ഷസഹായമുണ്ട്. പ്രതിരോധമേഖലക്കുള്ള നീക്കിയിരുപ്പ് 3.05 ലക്ഷം കോടിയാണ്. ബഹിരാകാശ ഗവേഷണരംഗത്ത് ഐഎസ്ആർഒയിലൂടെ കൈവരിച്ച നേട്ടങ്ങൾ വാണിജ്യവൽക്കരിക്കുവാൻ പുതിയ പൊതുമേഖല സ്ഥാപനം പ്രഖ്യാപിച്ചിട്ടുണ്ട്. ചെറുകിട കച്ചവടക്കാർക്കായി പുതിയ പങ്കാളിത്ത പെൻഷൻ പദ്ധതിയും പ്രഖ്യാപിച്ചിരിക്കുന്നു. വിദേശവിദ്യാർത്ഥികളെ ഇന്ത്യയിലേക്ക് ആകർഷിച്ചുകൊണ്ട്, രാജ്യത്തെ ഒരു വിദ്യാഭ്യാസ ഹബ് ആക്കി മാറ്റിയെടുക്കുന്നതിനുള്ള 'സ്റ്റഡി ഇൻ ഇന്ത്യ' പദ്ധതി, വിദ്യാഭ്യാസരംഗത്തെ സ്വകാര്യമുതൽ മുടക്കും അതിന്റെ വമ്പിച്ച വിപണനവുമാണ് ലക്ഷ്യമിടുന്നത്. ദേശീയ ഗവേഷണ ഫൗണ്ടേഷൻ, വൈദ്യുതവാഹനങ്ങളെ പ്രോൽസാഹിപ്പിക്കാൻ നികുതിയിളവുകൾ അടക്കമുള്ള നടപടികൾ, തുടങ്ങി പ്രഥമദൃഷ്ട്യാ ഭാവിയിലേക്ക് നോക്കുന്നതായി തോന്നിക്കുന്ന പ്രഖ്യാപനങ്ങളുമുണ്ട്. എന്നാൽ വാസ്തവത്തിൽ ഇവയ്ക്ക് ഓരോന്നിനും പിന്നിൽ വ്യക്തമായ മൂലധനതാത്പര്യങ്ങളുണ്ട്.

കർഷകരുടെ വരുമാനം 2022ഓടെ ഇരട്ടിയാക്കുമെന്ന മുൻ മോദി സർക്കാരിന്റെ വാഗ്ദാനം ഇവിടെയും ആവർത്തിക്കുന്നു. എന്നാൽ അതിനുവേണ്ട ഒരു നടപടിക്രമവും ബജറ്റിൽ അവതരിപ്പിക്കുന്നില്ല. വനിത സ്വയംസഹായ സംഘങ്ങളെ രാജ്യമൊട്ടാകെ പ്രോൽസാഹിപ്പിക്കുക, ഓരോ സംഘത്തിലും ഒരാൾക്ക് മുദ്ര വായ്പ ലഭ്യമാക്കുക, തുടങ്ങിയ വാഗ്ദാനങ്ങൾ മൈക്രോഫിനാൻസ് ഇടപാടിന്റെ കൊള്ള വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ, കൃഷിയിടങ്ങളിൽ വൈദ്യുതോൽപാദനം പോലെയുള്ള കൃഷിയേതര വഴികളും തേടും എന്നും ബജറ്റ് പറയുന്നു. ഭൂവുടമകളായ കർഷകർക്ക് വർഷം 6000 രൂപ നേരിട്ട് പണമായി നൽകുന്ന പ്രധാനമന്ത്രി കിസാൻ സമ്മാൻ എന്ന പദ്ധതി തുടരും. മത്സ്യബന്ധന മേഖലക്കായി പ്രത്യേക വകുപ്പ് ആരംഭിച്ച ഈ സർക്കാരിന്റെ ബജറ്റിൽ അവർക്കായി പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന എന്ന പദ്ധതിയും പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

ആകെ 27,86,349 കോടി രൂപയുടെ ചെലവാണ് ബജറ്റിൽ കണക്കു കൂട്ടുന്നത്. ഇനി ഇതിനെല്ലാമുള്ള വരുമാനം എങ്ങനെ കണ്ടെത്തുന്നു? 19,62,761 കോടി രൂപയുടെ റവന്യൂ വരവും, കമ്പോളവായ്പയുൾപ്പടെ 6,52,702 കോടി രൂപയുടെ പൊതുകടം അടക്കം, 8,23,588.42 കോടി രൂപയുടെ മൂലധനവരവുമാണ് ബജറ്റിൽ പ്രതീക്ഷിക്കുന്നത്. 16,49,582 കോടിയുടെ നികുതി വരുമാനം പ്രതീക്ഷിക്കുന്നു. റിസർവ് ബാങ്കിൽ നിന്നും പ്രതീക്ഷിക്കുന്ന വർധിച്ച ഡിവിഡന്റ് അടക്കം, 1,63,528 കോടിയാണ് ലാഭവിഹിതമായി പൊതുമേഖലയിൽനിന്നും ഈ വർഷം പ്രതീക്ഷിക്കുന്നത്. അതേസമയം തന്നെ, പൊതുമേഖല സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കുന്നതിലൂടെ 1,05,000 കോടി രൂപ നേടുന്നതിൽ ബജറ്റ് പ്രതീക്ഷയർപ്പിക്കുന്നു. പൊതുമേഖല സ്ഥാപനങ്ങളെ കഴിയുന്നത്ര വിറ്റഴിക്കുന്നതു കൂടാതെ, അവശേഷിക്കുന്നവയുടെ ഭൂമിയടക്കമുള്ള ആസ്തികളുംകൂടി വിൽക്കണമെന്ന് ഉപദേശിക്കുന്ന സാമ്പത്തിക സർവേ ഇവിടെ ചേർത്തുവായിക്കണം. അങ്ങനെ സർക്കാരിന്റെതന്നെ നടപടികളാൽ തകർന്നുകൊണ്ടിരിക്കുന്ന റെയിൽവെ, ബിഎസ്എൻഎൽ, എംടിഎൻഎൽ, എച്ച്എഎൽ, പ്രസാർ ഭാരതി, തുടങ്ങിയ ചെറുതും വലുതുമായ സ്ഥാപനങ്ങൾകൂടി ഉൾക്കൊള്ളുന്ന അതേ പൊതുമേഖലയിൽനിന്നുമാണ് ഇത്തവണത്തെ ബജറ്റിൽ വർധിച്ച ലാഭവിഹിതം പ്രതീക്ഷിക്കുന്നതെന്നതാണ് വിരോധാഭാസം.

വിദേശത്ത് സർക്കാരിന്റെ കടപത്രങ്ങൾ വിറ്റഴിക്കുന്നതാണ് സർക്കാർ പ്രതീക്ഷിക്കുന്ന മറ്റൊരു ധനാഗമമാർഗം. ആഭ്യന്ത

(ശേഷം 7-ാം പേജിൽ)

> **കണക്കിൽ വെള്ളം ചേർക്കാനും യഥാർത്ഥ കണക്കുകൾ മൂടിവെക്കാനുമുള്ള സർക്കാർ ശ്രമങ്ങളിൽ പ്രതിഷേധിച്ച് കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷനിലെ രണ്ട് അംഗങ്ങൾ രാജി വെച്ചത് നാം ഓർക്കണം. പുറത്തുവന്ന കണക്കുകൾ പ്രകാരം 45 വർഷത്തെ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മ നിരക്കാണ് രാജ്യം ഇന്ന് അഭിമുഖീകരിക്കുന്നത്. ദേശീയ സാമ്പിൾ സർവേ ഓർഗനൈസേഷന്റെ സർവേ ഫലങ്ങൾ അടിസ്ഥാനമാക്കി 6.1% എന്ന് കണക്കാക്കിയ തൊഴിലില്ലായ്മ നിരക്ക്, പക്ഷേ കേന്ദ്രസർക്കാർ അംഗീകരിക്കുന്നില്ല. സെന്റർ ഫോർ മോണിറ്ററിങ്ങ് ഇന്ത്യൻ എക്കോണമി നൽകുന്ന കണക്കുപ്രകാരം 2019 ഫെബ്രുവരിയിൽ 7.2% ആയിരുന്നു തൊഴിലില്ലായ്മ.**

# മോഹന വാഗ്ദാനങ്ങളും കണക്കിലെ കസർത്തുകളുംകൊണ്ട് മൂടിവയ്ക്കുന്നത് പൊള്ളുന്ന ജീവിതയാഥാർത്ഥ്യങ്ങൾ

(6-ാം പേജിൽ നിന്ന്)

രവിപണിയിൽ നിന്നും ഏറ്റവും അധികം കടം വാങ്ങുന്നത് നിലവിൽ സർക്കാരാണ്. അതിലൊരുഭാഗം വിദേശത്തേക്കു മാറ്റുന്നതിലൂടെ, ആഭ്യന്തര സ്വകാര്യനിക്ഷേപകർക്ക് കൂടുതൽ വായ്പ ലഭ്യമാകുമെന്നതാണ് സർക്കാർ ഇതിനു കാണുന്ന ഗുണഫലം. ഇത് വളർച്ചയെ പ്രോൽസാഹിപ്പിക്കുമത്രെ. ബജറ്റ് ചെലവിൽ 6,60,471 കോടി രൂപയും വായ്പയുടെ പലിശക്കായി നിലവിൽ മാറ്റിവെക്കേണ്ടിവരുന്ന (ആരോഗ്യമേഖലയ്ക്കുള്ള നീക്കിയിരുപ്പ് വെറും 64,999 കോടിയും വിദ്യാഭ്യാസത്തിന് 94,854 കോടിയുമാണെന്ന് ഓർക്കണം) സർക്കാരാണ് വർധിച്ച പലിശബാധ്യത വരുന്ന വിദേശകടപത്രങ്ങൾക്കുപിന്നാലെ പോകുന്നത്. ഇതിനുപിന്നിൽ വിദേശ-സ്വദേശ മൂലധനകുത്തകകളുടെ താത്പര്യം മാത്രമാണെന്നത് വ്യക്തമാണ്.

എയർ ഇന്ത്യയെ വിറ്റഴിക്കണമെന്ന് തീരുമാനിക്കുന്ന ബജറ്റ്, വ്യോമയാന മേഖലയെ വിദേശനിക്ഷേപത്തിനായി തുറന്നിടാൻ ശുപാർശ ചെയ്യുന്നു. ഏകബ്രാൻഡ് ചില്ലറ വിൽപന, മാധ്യമങ്ങൾ, ഇൻഷുറൻസ് എന്നീ മേഖലകളിലും വിദേശനിക്ഷേപം വർധിപ്പിക്കും. റെയിൽവെ ആണ് വൻതോതിൽ സ്വകാര്യവൽക്കരിക്കാൻ പോകുന്ന മറ്റൊരു മേഖല. പാസഞ്ചർ തീവണ്ടി സർവീസുകൾ ഒന്നൊന്നായി സ്വകാര്യമേഖലയ്ക്ക് കൈമാറാനുള്ള നടപടികൾ ഇപ്പോൾ ആരംഭിച്ചിരിക്കുന്നു. തീവണ്ടിസ്റ്റേഷനുകളുടെ നടത്തിപ്പ് സ്വകാര്യമേഖലക്കു തീറെഴുതുന്ന നടപടികൾ മുന്നേതന്നെ ആരംഭിച്ചിരുന്നു. തൊഴിലാളികൾക്ക് എന്തെങ്കിലും പരിഗണന നൽകുന്ന നിലവിലെ തൊഴിൽനിയമങ്ങൾ അപ്പാടെ മാറ്റിക്കൊണ്ട് നാല് തൊഴിൽ കോഡുകൾ കൊണ്ടുവന്ന് നിക്ഷേപക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കണമെന്ന് ബജറ്റ് ശുപാർശ ചെയ്യുന്നു. തൊഴിലാളിക്ഷേമത്തിനുപകരം മുതലാളിമാരുടെമാത്രം താത്പര്യം പരിഗണിക്കുന്നതാവും ഇവ എന്നത് സുവ്യക്തമാണ്. ഇതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു.

സ്വർണം ഇറക്കുമതി അടക്കം നിരവധി ഉൽപ്പന്നങ്ങൾക്ക് ചുങ്കം വർധിപ്പിച്ചിട്ടുണ്ട്. പുസ്തകങ്ങളുടെയും പത്രക്കടലാസിന്റെയും തീരുവ വൻതോതിൽ വർധിപ്പിച്ചത് ഇവിടെ എടുത്തുപറയേണ്ടതാണ്. അറിവിനോടും അക്ഷരത്തോടും ഈ സർക്കാരിനെ നയിക്കുന്ന കക്ഷിയുടെ കാഴ്ച്ചപ്പാട് മാത്രമല്ല ഇതിൽ കാണാനാവുന്നത്. കഴിഞ്ഞ മോദിസർക്കാരിന്റെ വിമർശകരായിരുന്ന പത്രങ്ങളോടും സ്വതന്ത്ര പ്രസിദ്ധീകരണങ്ങളോടുമുള്ള ഭീഷണി എന്ന രാഷ്ട്രീയവശംകൂടി ഇതിൽ കാണാവുന്നതാണ്.

### വാഗ്ദാനങ്ങൾക്കും വാചക കസർത്തിനും അപ്പുറമുള്ള യാഥാർത്ഥ്യമെന്ത്?

അഞ്ചു വർഷംകൊണ്ട് അഞ്ചുലക്ഷം കോടി ഡോളറിന്റെ സമ്പദ്ഘടന എന്ന മോഹനവാഗ്ദാനം കൊണ്ട് മറയ്ക്കാവുന്നതല്ല യാഥാർത്ഥ്യം. അസമത്വം കൊടികുത്തി വാഴുന്ന ഈ രാജ്യത്ത്, 130 കോടിയുടെ ജനസംഖ്യക്ക് അഞ്ചു ലക്ഷം കോടിയുടെ ജിഡിപി എന്നത് സമ്പന്നതയുടെ അല്ല ദാരിദ്ര്യത്തിന്റെ ലക്ഷണമാണ്. പ്രതിശീർഷ ജിഡിപി സംഖ്യയാണ് ജനസംഖ്യാനുപാതികമായി കൂടുതൽ വ്യക്തമായ ചിത്രം നൽകുക. ജിഡിപി കണക്കിൽ ലോകത്തെ ആറാമത്തെ സമ്പദ്ഘടന എന്ന് മുതലാളിത്തഭരണകൂടം ഊറ്റം കൊള്ളുമ്പോഴും, പ്രതിശീർഷ ജിഡിപിയുടെ അടിസ്ഥാനത്തിൽ നോക്കിയാൽ ലോകത്ത് 145-ാം സ്ഥാനത്തു മാത്രമാണ് ഇന്ത്യ.

എന്നാൽ എത്രയൊക്കെ വാചകകസർത്തുകൾ നടത്തിയിട്ടും ബജറ്റ് വിഭാവനം ചെയ്യുന്ന വലിയ ലക്ഷ്യങ്ങൾ എത്രത്തോളം സാധ്യമാണ് എന്നതിനെക്കുറിച്ച് സാമ്പത്തികവിദഗ്ദ്ധർതന്നെ ആശങ്കപ്പെടുന്നു. പ്രത്യേകിച്ചും, ആഗോളവും ആഭ്യന്തരവുമായ സാമ്പത്തികമാന്ദ്യത്തിൽനിന്നും കരകയറുന്നതിന്റെ ലക്ഷണങ്ങൾ തീർത്തും അകലെയായ സമ്പദ്ഘടനയിൽ, ജിഎസ്ടിക്കുശേഷം നികുതിപിരിവ് പ്രതീക്ഷകളിൽ തുടരുന്ന ഇടിവുകൂടി കണക്കിലെടുക്കുമ്പോൾ, ലക്ഷ്യങ്ങൾ നേടുന്നതിനാവശ്യമായ സാമ്പത്തികവരുമാനം കണ്ടെത്താൻ എങ്ങനെ സാധിക്കും എന്നതാണ് ചോദ്യം. അങ്ങനെ വരുമ്പോൾ സാമൂഹ്യക്ഷേമത്തിന്റെ മേലങ്കിയണിഞ്ഞ് അവതരിപ്പിക്കുന്ന പദ്ധതികളൊക്കെ വെറും വാഗ്ദാനങ്ങൾ മാത്രമായി അവശേഷിക്കും. മാത്രവുമല്ല, മോദി സർക്കാർ അവതരിപ്പിച്ച സാമൂഹ്യക്ഷേമ പദ്ധതികളെല്ലാംതന്നെ ഒന്നുകിൽ ഇൻഷുറൻസ് അല്ലെങ്കിൽ വായ്പ അധിഷ്ഠിത പദ്ധതികൾ മാത്രമാണെന്നത് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. കുറച്ചു കൂടി വ്യക്തമായി പറഞ്ഞാൽ, സർക്കാർ ചെലവിൽ പൊതുപണവും സാധാരണക്കാരന്റെ കൈ

**കേന്ദ്രബജറ്റ്**

യിൽ അവശേഷിക്കുന്ന ചില്ലിത്തുട്ടുകളും സമാഹരിച്ചെടുത്ത്, സാമ്പത്തികമൂലധന-കോർപ്പറേറ്റ് ശക്തികളുടെ താലത്തിൽ നിക്ഷേപിക്കുന്ന വഞ്ചന മാത്രമാണ് ഇത്തരം പദ്ധതികളെല്ലാം എന്നതല്ലേ സത്യം? കർഷകരെ വഞ്ചിക്കുന്ന വിള ഇൻഷുറൻസ് പദ്ധതി തന്നെ ഉദാഹരണം.

ഇതേ ഭരണകൂടനയം തന്നെയാണ് ഈ ബജറ്റിലും പ്രതിഫലിക്കുന്നത്. സാധാരണക്കാരനോടുള്ള പരിഗണന എന്ന വ്യാജമേലങ്കിയണിഞ്ഞ്, പൊതുമുതലും, ഇതേ സാധാരണക്കാരനെതന്നെ ഞെക്കിപ്പിഴിഞ്ഞെടുക്കുന്ന പൊതുപണവും കോർപ്പറേറ്റ് ശക്തികൾക്ക് അടിയറ വെക്കുന്ന പ്രക്രിയയുടെ ഒരു രൂപരേഖ മാത്രമാണ് ഈ ബജറ്റ്. രൂക്ഷമായ വിലക്കയറ്റവും, കുതിച്ചുയരുന്ന തൊഴിലില്ലായ്മയും, ആത്മഹത്യയിലേക്കുവരെ കർഷകരെ തള്ളിവിടുന്ന കടുത്ത കാർഷികപ്രതിസന്ധിയും നേരിട്ട് നട്ടംതിരിയുന്ന, രാജ്യത്തെ ഇടത്തരക്കാരടക്കമുള്ള അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്ക്, ഈ ബജറ്റ് നൽകിയ ഒരു കടുത്ത ദ്രോഹമുണ്ട്. അന്താരാഷ്ട്രതലത്തിൽ ക്രൂഡോയിൽ വില കുറയുമ്പോഴും പെട്രോളിയം ഉൽപ്പന്നങ്ങളുടെ ചില്ലറ വില രാജ്യത്ത് കുറച്ചില്ലെന്നുമാത്രമല്ല, ദിനേന വർധിപ്പിച്ച്, ജനത്തെ പിഴിഞ്ഞൂറ്റി കൊള്ളലാഭം നേടുകയും, തദ്വാരാ സാർവത്രികമായ വിലക്കയറ്റം സൃഷ്ടിക്കുകയുമാണ് ഇത്രനാളും എണ്ണക്കമ്പനികൾ ചെയ്തുകൊണ്ടിരുന്നത്. അതിനവരെ കയറൂരിവിട്ട് ആ കൊള്ളലാഭത്തിന്റെ പങ്ക് കൈപ്പറ്റുകയായിരുന്നു ഗവൺമെന്റ്. ഇത്തവണത്തെ ബജറ്റിൽ, ഈ ദ്രോഹത്തിന്റെ കടിഞ്ഞാൺ സർക്കാർ നേരിട്ട് ഏറ്റെടുത്തിരിക്കുന്നു.

പെട്രോളിനും ഡീസലിനുംമേൽ പ്രത്യേക അധികനികുതിയായി ഒരു രൂപ വീതവും, റോഡ്-അടിസ്ഥാനസൗകര്യ സെസ്സായി ഒരു രൂപയും ചുമത്താനുള്ള നിർദ്ദേശം നടപ്പാക്കപ്പെടുന്നു. ഈ അധികവില എങ്ങനെ രാജ്യത്തെ സാധാരണക്കാരനെ ബാധിക്കും എന്നത് വിശദീകരിക്കേണ്ട ആവശ്യംതന്നെയില്ല. ഇറാൻ പ്രതിസന്ധിയുടെ വെളിച്ചത്തിൽ അന്താരാഷ്ട്രതലത്തിൽ ക്രൂഡോയിൽ വിലയിൽ വലിയ ചാഞ്ചാട്ടം പ്രതീക്ഷിക്കുമ്പോളാണ്, മുന്നേക്കൂട്ടി സർക്കാരിന്റെ ഈ ഇരുട്ടടി. എന്നാൽ, കേവലമായ രണ്ട് രൂപ വിലവർധന മാത്രമല്ല യഥാർത്ഥത്തിൽ ഇത്. പ്രയോഗത്തിൽ ഇനിയും 5 രൂപ വരെ പെട്രോളിനും ഡീസലിനും ഈ അധികനികുതി ചുമത്തുവാനുള്ള നിയമപരമായ അനുമതിയാണ് വാസ്തവത്തിൽ ബജറ്റിലൂടെ സർക്കാരിന് ലഭ്യമാവുക. ആദ്യം രണ്ട് രൂപ; ശേഷമുള്ളത് പിന്നീട് ആവശ്യമുള്ളപ്പോൾ ചുമത്താം. നിലവിലെ സാഹചര്യത്തിൽ സാധാരണക്കാരനുമേൽ ഇതെത്ര കൊടിയ ദ്രോഹമാണെന്ന് കൂടുതൽ പറയേണ്ടതില്ല. 30,000 കോടിയാണ് ഇങ്ങനെ സാധാരണക്കാരനെ പിഴിഞ്ഞ് നേടാമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നത്. ഇത് ഉപയോഗിക്കുന്നതോ, കോർപ്പറേറ്റ് കടങ്ങൾ എഴുതിത്തള്ളി പ്രതിസന്ധിയിലായ ബാങ്കുകൾക്ക് വീണ്ടും കോർപ്പറേറ്റ് വായ്പകൾ അനുവദിക്കാനുള്ള മൂലധനസഹായമായും, കോർപ്പറേറ്റ് നികുതി വെട്ടിക്കുറച്ചതിലുള്ള നഷ്ടം നികത്താനുമാണ്, എന്നതല്ലേ യാഥാർത്ഥ്യം?

സാധാരണക്കാർ, വിശേഷിച്ചും ഇടത്തട്ടുകാർ ഏറെ പ്രതീക്ഷയർപ്പിച്ചത് ആദായനികുതിഘടനയിൽ വരുത്തുന്ന മാറ്റങ്ങളിലായിരുന്നു. കാലങ്ങളായി പണപ്പെരുപ്പത്തോടും മാറിയ സാമ്പത്തികസാഹചര്യങ്ങളോടും നീതിപുലർത്താതെ നിലകൊള്ളുന്ന ആദായനികുതി ഘടനയാണ് രാജ്യത്തുള്ളത്. എന്നാൽ ഇത്തവണത്തെ ബജറ്റിലും ഇതിൽ മാറ്റം വരുത്തിയിട്ടില്ല. പകരം കണ്ണിൽ പൊടിയിടുന്ന ചില പരിഷ്കാരങ്ങൾ മാത്രമാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഇപ്പോഴും 2.5 ലക്ഷത്തിനു മേലുള്ള വരുമാനത്തിൽ തന്നെയാണ് നികുതി ആരംഭിക്കുന്നത്. 20000 രൂപ മാസവരുമാനമുള്ളവർ നിയമപരമായി ആദായ നികുതി ഒടുക്കേണ്ടവരായിത്തുടരുന്നുവെന്ന് സാരം. (അഞ്ചു ലക്ഷത്തിൽ താഴെയാണ് മൊത്തവരുമാനമെങ്കിൽ അടക്കേണ്ട നികുതി റിബേറ്റിൽ തട്ടിക്കിഴിക്കുമെന്നു മാത്രം) ഈ രാജ്യത്ത് ഇരുപതിനായിരം രൂപയ്ക്ക് എന്തു മൂല്യമാണുള്ളത്. രൂക്ഷമായ വിലക്കയറ്റവും പണപ്പെരുപ്പവും കാരണം ജീവൻ നിലനിർത്താനാവശ്യമായ ഭക്ഷ്യവസ്തുക്കൾപോലും വാങ്ങാൻ തികയാത്ത 20000 രൂപ, ആദായനികുതിയുടെ മാനദണ്ഡമാണത്രെ! ഈ പരിമിത വരുമാനമുള്ള ഒരു പൗരനും നികുതിഭാരം ചുമക്കാൻപോന്ന ആദായമുള്ളയാളായിട്ടാണ് സർക്കാർ കാണുന്നത്. അധികമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ആനുകൂല്യങ്ങൾ വൈദ്യുത വാഹനങ്ങൾ വാങ്ങുന്നവർക്കും, പുതിയ വീടുകൾ വാങ്ങിക്കുന്നവർക്കും നൽകുമത്രെ! എത്ര പ്രഹസനമാണെന്നു നോക്കൂ. സാധാരണക്കാരന് താങ്ങാവുന്ന വിലയിൽ വൈദ്യുത സ്ക്കൂട്ടറുകൾ പോലും രാജ്യത്ത് ലഭ്യമായി തുടങ്ങിയിട്ടുണ്ടോ? ഭവനമേഖലയിലെ അവസ്ഥയെക്കുറിച്ച് നാം തുടക്കത്തിൽ ചർച്ച ചെയ്തിരുന്നു. റിട്ടേൺ ഫയൽ ചെയ്യുന്ന സാങ്കേതികപ്രക്രിയ എളുപ്പമാക്കിയാലോ, പാൻ നമ്പരിനുപകരം ആധാർ കൊണ്ടുവന്നാലോ എന്ത് വ്യത്യാസമാണ് സാധാരണ നികുതിദായകന്റെ ജീവിതാവസ്ഥയിലുണ്ടാവുക? പ്രയോഗത്തിൽ ആദായനികുതിയിലും സാധാരണക്കാരന് യാതൊരു ആശ്വാസവും ഈ ബജറ്റിൽ നിന്നുണ്ടാകുന്നില്ല. സാധാരണക്കാരന്റെ ക്രയശേഷി കൂടുതൽ ദുർബലമാകുന്നു എന്നതാണ് ഇതിന്റെ മറുവശം.

സമ്പന്നർക്കുമേൽ കൂടുതൽ നികുതി ഏർപ്പെടുത്തുന്നു എന്നാണ് സർക്കാരും ബിജെപിയും വീമ്പിളക്കുന്നത്. രണ്ടു കോടിക്കും അഞ്ചുകോടിക്കും ഇടയിൽ വാർഷികവരുമാനമുള്ളവർ ഒടുക്കേണ്ട സർച്ചാർജ് 3 ശതമാനവും, അഞ്ചുകോടി

(ശേഷം 8-ാം പേജിൽ)

**ആഗോളവും ആഭ്യന്തരവുമായ സാമ്പത്തികമാന്ദ്യത്തിൽനിന്നും കരകയറുന്നതിന്റെ ലക്ഷണങ്ങൾ തീർത്തും അകലെയായ സമ്പദ്ഘടനയിൽ, ജിഎസ്ടിക്കുശേഷം നികുതിപിരിവ് പ്രതീക്ഷകളിൽ തുടരുന്ന ഇടിവുകൂടി കണക്കിലെടുക്കുമ്പോൾ, ലക്ഷ്യങ്ങൾ നേടുന്നതിനാവശ്യമായ സാമ്പത്തികവരുമാനം കണ്ടെത്താൻ എങ്ങനെ സാധിക്കും. അപ്പോൾ സാമൂഹ്യക്ഷേമത്തിന്റെ മേലങ്കിയണിഞ്ഞ് അവതരിപ്പിക്കുന്ന പദ്ധതികളൊക്കെ വെറും വാഗ്ദാനങ്ങൾ മാത്രമായി അവശേഷിക്കും. മാത്രവുമല്ല, മോദി സർക്കാർ അവതരിപ്പിച്ച സാമൂഹ്യക്ഷേമ പദ്ധതികളെല്ലാംതന്നെ ഒന്നുകിൽ ഇൻഷുറൻസ് അല്ലെങ്കിൽ വായ്പ അധിഷ്ഠിത പദ്ധതികൾ മാത്രമാണെന്നത് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്.**

# സാമ്പത്തികാക്രമണങ്ങളെ സംഘടിതമായി ചെറുക്കാൻ ജനങ്ങൾ സമരസജ്ജരാകണം

## കേന്ദ്രബജറ്റ്

(7-ാം പേജിൽ നിന്ന്)

ക്കുമേൽ വരുമാനമുള്ളവരുടെ അധികനികുതി 5 ശതമാനവും വെച്ച് വർധിപ്പിച്ചിട്ടുണ്ട്. കൂടാതെ വർഷം ഒരു കോടി രൂപക്കുമേൽ ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിക്കുന്നവർക്ക്, തുകയുടെ 2% ഉറവിടത്തിൽ നികുതി ചുമത്തും. പക്ഷേ ഇവിടെയും നാം മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. രാജ്യത്തെ ജനസംഖ്യയിൽ എത്ര ശതമാനം പേരാണ് കൃത്യമായി നികുതി ഒടുക്കുകയും റിട്ടേൺ ഫയൽ ചെയ്യുകയും ചെയ്യുന്നത്? അത് കൃത്യമായും ശമ്പളവരുമാനക്കാരും, അല്ലെങ്കിൽ രേഖാമൂലം വരുമാനം ഉണ്ടാക്കുന്നവരുമാണ്. അതിൽത്തന്നെ, ഈ രണ്ടുകോടിക്കു മേൽ നികുതിവിധേയവരുമാനം രേഖപ്പെടുത്തുന്നവർ ആകെ ജനസംഖ്യയുടെ ഒരു ശതമാനത്തിൽ താഴെയാണ്.

ഈ നിർദേശങ്ങൾ ചൂണ്ടിക്കാട്ടി സമ്പന്നർക്കുമേൽ കൂടുതൽ നികുതി ചുമത്തി എന്ന് പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. രാജ്യത്തെ ഏറ്റവും വലിയ സമ്പന്നരൊന്നും ഏറ്റവും വലിയ ആദായനികുതിദായകരുടെ പട്ടികയിൽപെടുന്നില്ല എന്നതാണ് നഗ്നമായ യാഥാർത്ഥ്യം. ആദായവും സമ്പത്തും രണ്ടും രണ്ടാണെന്ന് നാം മനസ്സിലാക്കണം. ഇവിടെ യഥാർത്ഥ സമ്പന്നന് ഈ പുതിയ നികുതികളെ പേടിക്കേണ്ടി വരുന്നില്ല. മറിച്ച്, അവരുടെ കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് നികുതി ഇളവ് വാരിക്കോരി നൽകുന്നു. ആദായനികുതിസ്ലാബുകളിൽ തരിമ്പും മാറ്റം വരുത്താൻ തയ്യാറാകാത്ത ഭരണകൂടം, 400 കോടിവരെ വിറ്റുവരവുള്ള കമ്പനികളുടെ കോർപ്പറേറ്റ് നികുതി 30-ൽ നിന്നും 25 ശതമാനമാക്കി കുറച്ചിരിക്കുന്നു. ഇതിനോടകം നടന്നുവരുന്നതുപോലെതന്നെ, വൻകിട കമ്പനികൾക്കും തങ്ങളുടെ സ്ഥാപനങ്ങളെ വിഭജിച്ചുകൊണ്ട് ഈ നികുതിയിളവ് നേടിയെടുക്കാം. മൂലധനശക്തികൾക്ക് തങ്ങളുടെ അധികമൂലധനം നിക്ഷേപിക്കുവാനുള്ള പുത്തൻ മാർഗമായ സ്റ്റാർട്ട് അപ്പ് സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾക്കു മേലും നികുതിയിളവുകൾ നൽകുന്നു. കള്ളപ്പണത്തിനെതിരേ യുദ്ധം ചെയ്യുന്നുവെന്ന് പറയുന്ന സർക്കാർതന്നെ, ആഗോളതലത്തിൽ കള്ളപ്പണം വെളുപ്പിക്കുന്നതിനുള്ള പ്രധാനമാർഗങ്ങളിൽ ഒന്നായ സ്റ്റാർട്ട് അപ്പ് നിക്ഷേപങ്ങൾക്കു മേലുള്ള അനാവശ്യനിയന്ത്രണങ്ങളും പരിശോധനകളും ലഘൂകരിക്കുമെന്ന് വാഗ്ദാനം ചെയ്യുന്നു. വിദേശനിക്ഷേപ പരിധികളും നിയന്ത്രണങ്ങളും ഒഴിവാക്കുന്നു. ഇവിടെ യഥാർത്ഥത്തിൽ ആരുടെ താത്പര്യങ്ങളാണ് സർക്കാർ സംരക്ഷിക്കുന്നത്? ഏത് സമ്പന്നർക്കാണ് ബജറ്റ് ഭീഷണിയാകുന്നത്? പാവപ്പെട്ടവരെയും ദുർബലരെയും കുറിച്ച് ആശങ്കപ്പെടുന്നതായി നടിച്ചുകൊണ്ട്, സമ്പന്നരുടെയും കോർപ്പറേറ്റുകളുടെയും താത്പര്യങ്ങൾ നിറവേറ്റിക്കൊടുക്കുന്ന ദാസ്യവേലയല്ലേ, ഇന്ത്യയിലെ മുതലാളിവർഗത്തിന്റെ ഏറ്റവും വിശ്വസ്തസേവകരായ ബിജെപി സർക്കാരിന്റെ ഈ ബജറ്റ് നിർവഹിക്കുന്നത്? മോഹനവാഗ്ദാനങ്ങൾക്കും പൊള്ളയായ പ്രഖ്യാപനങ്ങൾക്കും പ്രചാരവേലകൾക്കുമപ്പുറം, തങ്ങളുടെ ജീവിതത്തെ തകർക്കുന്ന കാതലായ പ്രശ്നങ്ങളൊക്കെ കൗശലപൂർവം ഒഴിവാക്കി, കൂടുതൽ ദുരിതത്തിലേക്ക് തങ്ങളെ തള്ളിനീക്കുന്ന ഒന്നു മാത്രമാണ് ഈ ബജറ്റ് എന്നത്, സാധാരണജനങ്ങൾ തിരിച്ചറിയേണ്ടേ? ഈ വസ്തുനിഷ്ഠയാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട്, ബജറ്റിന് പിന്നിലെ യഥാർത്ഥ വർഗതാത്പര്യം മനസ്സിലാക്കുകയാണ്, ഇവിടെ അധ്വാനിച്ചു ജീവിക്കുന്ന ഓരോ പൗരനും ചെയ്യേണ്ടത്.

### ബജറ്റ് സാധാരണ ജനങ്ങളുടെ ജീവിത പ്രതിസന്ധി രൂക്ഷമാക്കും

ബജറ്റിന് പിന്നിലെ മുതലാളിത്തവർഗ താത്പര്യം വളരെ വ്യക്തമാണ്. അങ്ങനെയുള്ളപ്പോഴും ജനങ്ങൾക്ക് താത്കാലികമായെങ്കിലും എന്തെങ്കിലും ആശ്വാസം നൽകാനുള്ള ആത്മാർത്ഥമായ നടപടികൾ ഒന്നും അതിലില്ല എന്നതും വെളിപ്പെട്ടിരിക്കുന്നു. മറിച്ച്, സാധാരണ ജനങ്ങളോടും ഗ്രാമീണ-കർഷക വിഭാഗങ്ങളോടും ഒപ്പം നിൽക്കുന്നു എന്ന വ്യാജമുഖംമൂടി അണിഞ്ഞ്, യഥാർത്ഥത്തിൽ അവരുടെ ജീവിതത്തിൽ കൂടുതൽ തീ കോരിയിടുന്ന നടപടികളാണ് ബജറ്റിലുള്ളത്. ആരുടെ വളർച്ചയാണ്, ആരുടെ ഉൾക്കൊള്ളലാണ് ഭരണകൂടതാത്പര്യം എന്നത് പകൽപോലെ വ്യക്തമാണ്.

തൊഴിലില്ലായ്മയെക്കുറിച്ച് മിണ്ടുന്നില്ല എന്നുമാത്രമല്ല, തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുതകുന്ന ഒരു പദ്ധതിയും ബജറ്റിലില്ല. പൊതുമേഖലയിൽ നേരിട്ട് കൂടുതൽ നിക്ഷേപം നടത്തി തൊഴിലവസരങ്ങൾ വർധിപ്പിക്കാനല്ല സർക്കാർ ശ്രമിക്കുന്നത്. മറിച്ച്, ഉള്ള പൊതുമേഖലയെത്തന്നെ ഇല്ലാതാക്കാനാണ്; സർക്കാരിന്റെ മൂലധനനിക്ഷേപം മുതലാളിവർഗ താത്പര്യത്തിനനുസരിച്ചുമാത്രം വിനിയോഗിക്കുവാനാണ്. നിലവിലുള്ള സ്ഥിരം തൊഴിലുകൾ കൂടി ഇല്ലാതാക്കുന്ന തൊഴിൽ നിയമഭേദഗതികൾ നടപ്പിൽ വരുത്തുമ്പോൾ എന്ത് തൊഴിൽ സുരക്ഷയാണ് രാജ്യത്ത് ബാക്കിയുണ്ടാവുക? ആദായനികുതിഘടനയിൽ കാലോചിതമായ മാറ്റം വരുത്തി, തലതിരിഞ്ഞ ജിഎസ്ടി സമ്പ്രദായം അവസാനിപ്പിച്ച്, ജനങ്ങളുടെ ക്രയശേഷിയിൽ എന്തെങ്കിലും മെച്ചമുണ്ടാക്കാനാണോ ബജറ്റ് ലക്ഷ്യം വെച്ചത്? അല്ല എന്നു മാത്രമല്ല, ജനജീവിതത്തെ നേരിട്ട് ബാധിക്കുന്ന പെട്രോൾ-ഡീസൽ വിലവർധനയിലൂടെ, ഉള്ള ക്രയശേഷി കൂടി ഇല്ലാതാക്കുന്നു. പ്രഖ്യാപനങ്ങൾക്കും വാഗ്ദാനങ്ങൾക്കുമപ്പുറം, ദുരിതമനുഭവിക്കുന്ന കർഷകരുടെയോ സാധാരണക്കാരന്റെയോ ജീവിതത്തെ നേരിട്ട് സ്പർശിക്കുന്ന നടപടികളൊന്നുമില്ല. ഒരു വിഭാഗം കർഷകർക്ക് 6000 രൂപ വീതം നൽകുന്നതുകൊണ്ട് രാജ്യത്തെ കാർഷികമേഖലയോ കർഷകന്റെ ജീവിതമോ പ്രശ്നരഹിതമാകുന്നില്ല. തങ്ങൾ കൂടുതൽ പ്രാധാന്യം നൽകുന്നത്, രാജ്യത്തെ അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ജീവിതദുരിതത്തിന് ആശ്വാസം നൽകുന്നതിനോ, തൊഴിൽ നൽകുന്നതിനോ, സാധാരണക്കാരന്റെ ക്രയശേഷി വർധിപ്പിക്കുന്ന നടപടികൾക്കോ അല്ല എന്ന് സർക്കാർ സ്ഥാപിക്കുകയാണ് ഈ ബജറ്റിലൂടെ. പകരം, സ്വകാര്യമൂലധനത്തിന്റെ വളർച്ചക്കായി വഴിയൊരുക്കുന്നതിനും, പൊതുവിഭവങ്ങൾ കോർപ്പറേറ്റുകളുടെ ലാഭക്കൊതിക്കായി വിട്ടുനൽകുന്നതിനും, സ്വകാര്യമൂലധനത്തിന്റെ മുന്നിലെ എല്ലാ തടസ്സങ്ങളും നീക്കിക്കൊടുക്കുന്നതിനുമാണ് പ്രാധാന്യം, എന്ന് ഉറക്കെ പറയുകയാണ് ഈ ബജറ്റും സാമ്പത്തികസർവേ റിപ്പോർട്ടും. ഇതാണ് യാഥാർത്ഥ്യം.

എന്നാൽ എത്രയൊക്കെ ശ്രമിച്ചാലും മുതലാളിത്തത്തിന്റെ ഈ വിശ്വസ്ത സേവകർക്ക്, മരണാസന്ന മുതലാളിത്തത്തെ അതിന്റെതന്നെ സൃഷ്ടിയായ പ്രതിസന്ധിയിൽ നിന്നും കരകയറ്റാനാകില്ല. മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് പുകഴ്ത്തുന്ന അരിച്ചിറങ്ങൽ സിദ്ധാന്തം ഒരു തികഞ്ഞ പരാജയമാണെന്നും, സമൂഹത്തിൽ സാമ്പത്തിക അസമത്വം വർദ്ധിപ്പിക്കാനും, അതിലൂടെ ഗുരുതരമായ സാമൂഹികപ്രശ്നങ്ങൾ സൃഷ്ടിക്കാനും മാത്രമേ അത് ഉതകിയുള്ളു എന്നും, ഇന്ന് പല മുതലാളിത്ത സാമ്പത്തികശാസ്ത്രജ്ഞർപോലും സമ്മതിക്കുന്നു. വൻതോതിലുള്ള സ്വകാര്യ-വിദേശനിക്ഷേപം മാത്രം ആശ്രയം എന്ന മട്ടിൽ നമ്മുടെ ഭരണകൂടം നയം രൂപീകരിക്കുമ്പോൾ, പല മുതലാളിത്തരാജ്യങ്ങളും കമ്പോളപ്രതിസന്ധിയുടെ തീക്ഷ്ണതയിൽ, ആഗോളവൽക്കരണത്തെ ഉപേക്ഷിച്ച് തീവ്രദേശീയവൽക്കരണത്തെ പുൽകുന്ന കാഴ്ചയാണ് കാണാനാവുക. ഈ അനിശ്ചിതാവസ്ഥയിൽ, എങ്ങനെയും കൊള്ളലാഭമുണ്ടാക്കിയെടുക്കാൻമാത്രം കാംക്ഷിക്കുന്ന മുതലാളിത്ത കുത്തകകൾക്ക് അടിയറ വെക്കാനുള്ളതാണോ നമ്മുടെ സമ്പദ്വ്യവസ്ഥ? കൂടുതൽ പ്രതിസന്ധിയിലേക്ക് രാജ്യത്തെ തള്ളിവിടുകയും, ജനജീവിതത്തെ കൂടുതൽ ദുരിതത്തിലാക്കുകയും ചെയ്യുകയെന്നതാവില്ലേ അതിന്റെ അനന്തരഫലം? അത് അറിയാത്തവരല്ല സർക്കാരും മുതലാളിത്ത ലോകവും. പക്ഷേ മുതലാളിത്തവർഗത്തിന്റെ ഈ വിശ്വസ്തദാസന്മാരിൽനിന്ന് മറിച്ചൊന്നുമ പ്രതീക്ഷിക്കാനില്ല.

മധുരവാക്കുകളിലും വാഗ്ദാനങ്ങളിലും മയങ്ങി വഞ്ചിതരാകാതിരിക്കണമെങ്കിൽ യാഥാർത്ഥ്യം നാം തിരിച്ചറിയണം. ബജറ്റിനെ സംബന്ധിച്ച് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി കേന്ദ്രക്കമ്മിറ്റി പുറപ്പെടുവിച്ച പ്രസ്താവനയിൽനിന്നും ഞങ്ങൾ ആവർത്തിക്കട്ടെ: ബിജെപിയെ പോലുള്ള ഭരണവർഗത്തിന്റെ രാഷ്ട്രീയ കാര്യസ്ഥന്മാർ വാചാടോപവും കണക്കിലെ കസർത്തുകളും കൊണ്ട് ഈ ബജറ്റിനെ വെള്ളപൂശുമ്പോൾ, രൂക്ഷമായിക്കൊണ്ടിരിക്കുന്ന മുതലാളിത്ത പ്രതിസന്ധിയുടെ കെടുതികൾ മുഴുവൻ ഏറ്റുവാങ്ങേണ്ടി വരുന്ന, അധ്വാനിച്ചു ജീവിക്കുന്ന ജനവിഭാഗങ്ങൾ, ഇതിന്റെ മാരകമായ അനന്തരഫലങ്ങൾ തിരിച്ചറിഞ്ഞ്, തങ്ങൾക്കുമേൽ പതിക്കാനിരിക്കുന്ന വർദ്ധിതമായ സാമ്പത്തിക ആക്രമണങ്ങളെ സംഘടിതമായി ചെറുക്കാൻ തയ്യാറാകേണ്ടതുണ്ട്. ■

> **തൊഴിലില്ലായ്മയെക്കുറിച്ച് മിണ്ടുന്നില്ല എന്നുമാത്രമല്ല, തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുതകുന്ന ഒരു പദ്ധതിയും ബജറ്റിലില്ല. പൊതുമേഖലയിൽ നേരിട്ട് കൂടുതൽ നിക്ഷേപം നടത്തി തൊഴിലവസരങ്ങൾ വർധിപ്പിക്കാനല്ല സർക്കാർ ശ്രമിക്കുന്നത്. മറിച്ച്, ഉള്ള പൊതുമേഖലയെത്തന്നെ ഇല്ലാതാക്കാനാണ്; സർക്കാരിന്റെ മൂലധനനിക്ഷേപം മുതലാളിവർഗ താത്പര്യത്തിനനുസരിച്ചുമാത്രം വിനിയോഗിക്കുവാനാണ്. നിലവിലുള്ള സ്ഥിരം തൊഴിലുകൾ കൂടി ഇല്ലാതാക്കുന്ന തൊഴിൽ നിയമഭേദഗതികൾ നടപ്പിൽ വരുത്തുമ്പോൾ എന്ത് തൊഴിൽ സുരക്ഷയാണ് രാജ്യത്ത് ബാക്കിയുണ്ടാവുക?**




**ഉന്നാവോ സംഭവത്തിൽ കുറ്റവാളികൾക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്ത്രീ സുരക്ഷാ സമിതിയുടെ നേതൃത്വത്തിൽ മുളന്തുരുത്തിയിൽ നടന്ന ജനകീയ സംഗമം സംസ്ഥാന പ്രസിഡന്റ് പ്രൊഫ.വിൻസന്റ് മാളിയേക്കൽ ഉദ്ഘാടനം ചെയ്യുന്നു**

# വിജ്ഞാന ശാസ്ത്രം, വൈരുദ്ധ്യാത്മക ഭൗതികവാദം, വിപ്ലവ ജീവിതം എന്നിവയെപ്പറ്റി

**സമുന്നത മാർക്സിസ്റ്റ് തത്വചിന്തകനും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയുമായ സഖാവ് ശിബ്ദാസ് ഘോഷ് 1967 ൽ കൽക്കത്തയിൽ നടന്ന ഒരു സ്കൂൾ ഓഫ് പൊളിറ്റിക്സിൽ, വിജ്ഞാന ശാസ്ത്രത്തെക്കുറിച്ചും വൈരുദ്ധ്യാത്മക ഭൗതികവാദത്തെ ആഴത്തിൽ വിശകലനം ചെയ്തുകൊണ്ടും നടത്തിയ പ്രസംഗമാണ് 'വിജ്ഞാന ശാസ്ത്രം, വൈരുദ്ധ്യാത്മക ഭൗതികവാദം, വിപ്ലവ ജീവിതം എന്നിവയെപ്പറ്റി' എന്ന കൃതിക്ക് ആധാരമായിട്ടുള്ളത്. അതിന്റെ മലയാള പരിഭാഷ നാല് ഭാഗങ്ങളായി *യൂണിറ്റി*യിൽ പ്രസിദ്ധീകരിക്കുകയാണ്. അതിന്റെ രണ്ടാം ഭാഗമാണ് ഈ ലക്കത്തിൽ കൊടുത്തിരിക്കുന്നത്.**

### സ്വാഭാവിക പ്രതികരണവും (unconditioned reflex) ശിക്ഷിത പ്രതികരണവും (conditioned reflex)

മനുഷ്യ മസ്തിഷ്കത്തിന്റെ ഘടനയെയും അതിന്റെ പ്രവർത്തനത്തെയും സംബന്ധിച്ച് പാവ്‌ലോവ് നടത്തിയിട്ടുള്ള പഠനങ്ങളുടെയും അവ സുഗ്രാഹ്യമാംവിധം വെളിവാക്കിയ യാഥാർത്ഥ്യങ്ങളുടെയും ചില സുപ്രധാന വശങ്ങൾ ഇനി വിശദമാക്കാം. മറ്റുമൃഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മനുഷ്യ മസ്തിഷ്കത്തിലെ സെറിബ്രൽ കോർടെക്സ് എന്ന ഭാഗം വലുപ്പം കൂടിയതാണെന്നുമാത്രമല്ല കൂടുതൽ വികസിതവുമാണെന്ന കാര്യം നമ്മൾക്കറിയാം. മറ്റുമൃഗങ്ങളുടെ കാര്യത്തിൽ, ബാഹ്യലോകവുമായുള്ള പരസ്പര പ്രവർത്തനം എങ്ങനെയാണ് സംഭവിക്കുന്നത്? ഇന്ദ്രിയങ്ങളിലൂടെയാണ് ബാഹ്യലോകവുമായി നിരന്തരബന്ധം പുലർത്തുന്നത് എന്നത് വ്യക്തമാണ്. അതായത്, കണ്ടും കേട്ടും മണത്തും രുചിച്ചും സ്പർശിച്ചും ബാഹ്യലോകത്തെ മസ്തിഷ്കവുമായോ കേന്ദ്ര നാഡീവ്യവസ്ഥയുമായോ നിരന്തരബന്ധത്തിൽ നിലനിർത്തുന്നു. ഈ പ്രക്രിയയിലൂടെയാണ് പരസ്പരപ്രവർത്തനം നടക്കുന്നത്. അതിന്റെ ഫലമായി സംവേദനം(sensation) ഉണ്ടാകുന്നു. ഇതോടെ പ്രഥമ സന്ദേശ വ്യവസ്ഥ(first signal system) നിലവിൽ വരുകയും പേശീചാലക പ്രവർത്തനം(motor action) ഏറെക്കുറെ അപ്പോൾത്തന്നെ സംഭവിക്കുകയും ചെയ്യുന്നു. അതായത്, സംവേദനത്തിൽനിന്ന് പേശീചാലക പ്രവർത്തനത്തിലേയ്ക്ക് കടക്കുന്നു. ഇവിടെ ആദ്യ സന്ദേശ വ്യവസ്ഥയാണ് ഈ പ്രക്രിയയെ നിയന്ത്രിക്കുന്നത്. റെയിൽവേ സിഗ്നൽ സംവിധാനം വഴി ഒരു ട്രെയിൻ എവിടെ നിർത്തണം, ഏത് ട്രാക്കിൽ ഓടണം എന്നൊക്കെ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ, ഏത് ഉത്തേജനം(stimulus) എന്ത് പ്രതിപ്രവർത്തനം(reaction) ഉളവാക്കണം, അതായത്, ഏത് ഉത്തേജനം അഥവാ സംവേദനം എന്തുതരം പ്രതിപ്രവർത്തനം അഥവാ പേശീചാലക പ്രവർത്തനം സൃഷ്ടിക്കണം എന്ന് നിർണയിക്കുന്നത് പ്രഥമ സന്ദേശ വ്യവസ്ഥ തന്നെയാണ്. ഇത്തരം പ്രവൃത്തികൾ നിർണയിക്കുന്ന മസ്തിഷ്ക പ്രവർത്തനത്തെയാണ്, അതായത്, ഒരു പട്ടിയുടെ വായിൽ എപ്പോൾ ഉമിനീര് വരണം, അത് എപ്പോൾ കുതിക്കണം, അഥവാ എപ്പോൾ, ഏത് നാഡീപ്രതികരണം ഉണ്ടാകണം എന്ന് നിർണയിക്കുന്ന മസ്തിഷ്ക പ്രവർത്തനത്തെയാണ് പ്രഥമ സന്ദേശ വ്യവസ്ഥ എന്ന് വിളിക്കുന്നത്.

ഏത് നാഡി അല്ലെങ്കിൽ ഗ്രന്ഥി എന്ത് ചെയ്യണം, അല്ലെങ്കിൽ ഏത് അവയവം ഏത് രീതിയിൽ പ്രവർത്തിക്കണം എന്ന് യഥാർത്ഥത്തിൽ നിർണയിക്കുന്നത് ഈ സന്ദേശ സംവിധാനത്തിലൂടെയാണ്. എന്തുകൊണ്ടെന്നാൽ സംവേദനങ്ങളും പ്രവർത്തനങ്ങളുമെല്ലാം ഒരേ സ്വഭാവത്തിലുള്ളതല്ല. ഭക്ഷണം കാണുമ്പോൾ പട്ടിയിൽ ഒരു സംവേദനമുണ്ടാകുകയും അതിന്റെ വായിൽ വെള്ളം വരുകയും ചെയ്യുന്നു –

ചില ഗ്രന്ഥികളിന്മേലാണ് അത് പ്രവർത്തിക്കുന്നത്. ഇനി, ആ നായയെ വടികൊണ്ട് അടിക്കുകയാണെങ്കിൽ അത് മോങ്ങിയെന്നിരിക്കും. അതിന്റെയർത്ഥം, വ്യത്യസ്ത സംവേദനങ്ങൾ വ്യത്യസ്ത രീതികളിൽ പ്രവർത്തിക്കുകയും അതിന് വ്യത്യസ്തങ്ങളായ പ്രതികരണങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു എന്നതാണ്. പാവ്‌ലോവ് ഇവയെയെല്ലാം റിഫ്ളക്സ് ആക്ഷൻ (reflex action) എന്ന നിലയിലാണ് വിശദീകരിച്ചത്. ബാഹ്യലോകത്തുനിന്നുള്ള ഒരു ഉത്തേജനം ഒന്നോ അതിലധികമോ ഇന്ദ്രിയങ്ങളിലൂടെ സംപ്രേക്ഷണം ചെയ്യപ്പെട്ട് തലച്ചോറിലോ സുഷുമ്നാ കാണ്ഡത്തിലോ എത്തുമ്പോൾ, മനുഷ്യന്റെയും മറ്റുപല മൃഗങ്ങളുടെയും കേന്ദ്ര നാഡീവ്യവസ്ഥയിലെ നാഡീകോശങ്ങളുടെ പ്രത്യേക പ്രവർത്തന ശേഷിമൂലം ഒരു അനുഭൂതി സൃഷ്ടിക്കപ്പെടുകയും അത് ഒരു പ്രവർത്തനത്തിന് അല്ലെങ്കിൽ ഒരു പ്രതിപ്രവർത്തനത്തിന് ഇടയാക്കുകയും ചെയ്യുന്നു. ഇതിനെയാണ് റിഫ്ളക്സ് ആക്ഷൻ എന്ന് പറയുന്നത്. ചിന്താശേഷി മനുഷ്യമസ്തിഷ്കത്തിന് മാത്രമേയുള്ളുവെങ്കിലും ഈ റിഫ്ളക്സ് ആക്ഷൻ എല്ലാ ജന്തുക്കളിലും സംഭവിക്കുന്നുണ്ട് എന്നത് ശരിയാണ്. അല്ലെങ്കിൽ എങ്ങനെയാണ് ഒരു ജന്തുവിന് യഥാർത്ഥത്തിൽ നിലനിൽക്കാൻ കഴിയുക? റിഫ്ളക്സ് ആക്ഷൻ രണ്ടുതരത്തിലുണ്ടെന്ന് പാവ്‌ലോവ് തെളിയിച്ചു. ഒന്ന് സ്വാഭാവിക പ്രതികരണവും മറ്റേത് ശിക്ഷിത പ്രതികരണവും. ജന്തുലോകത്ത് ഇതുരണ്ടും പ്രവർത്തിക്കുന്നു.

എന്താണ് സ്വാഭാവിക പ്രതികരണം? ചില ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കാം. ഒരു നായയെ അടിച്ചാൽ അത് മോങ്ങുമെന്നും ചിലപ്പോൾ കുരയ്ക്കുമെന്നും ഭക്ഷണം കൊടുത്താൽ ഉമിനീര് വായിലെത്തുമെന്നുമൊക്കെ മുമ്പ് പറഞ്ഞല്ലോ. ഇതെല്ലാം സ്വാഭാവിക പ്രതികരണങ്ങളാണ്.

ഇനി, ഉറങ്ങുന്ന ഒരു മനുഷ്യന്റെ കാര്യമെടുക്കാം. ഉറങ്ങുമ്പോൾ മനസ്സിന്റെ സബോധമായ പ്രവർത്തനം നടക്കുന്നില്ല. അയാൾക്ക് പ്രവർത്തിക്കാനാവില്ല. എന്നാൽ അയാളുടെ കാൽപ്പാദത്തിൽ ഇക്കിളിപ്പെടുത്തിയാൽ അയാൾ ഉറക്കത്തിലാണെങ്കിലും പാദം പിൻവലിക്കും. പാദം മാറ്റിയത് അയാൾ അറിയുന്നില്ല. എന്തുതരം പ്രവർത്തനത്തിന്റെ ഫലമാണിത്? നാഡീവ്യവസ്ഥയുടെ സ്വാഭാവിക പ്രവർത്തനം മാത്രമാണിത്. ഇതെങ്ങനെ സംഭവിക്കുന്നു? മനുഷ്യശരീരത്തിൽ കുറെ പ്രതികരണ കേന്ദ്രങ്ങളുണ്ട്. ഇവയാണ് ഉടനടിയുള്ള പ്രതികരണത്തിന് കാരണമാകുന്നത്. ഇതെല്ലാം സ്വാഭാവിക പ്രതികരണങ്ങളാണ്. ഇവിടെ മനസ്സിനും ആശയത്തിനുമൊന്നും ഒരു പങ്കുമില്ല. ഇത് തികച്ചും ശരീരശാസ്ത്രപരമായ പ്രവർത്തനമാണ്. ഒരു ഉത്തേജനമുണ്ടാകുമ്പോൾ ഉടനടി ശാരീരികമായ പ്രതികരണമുണ്ടാകുന്നു.

എന്നാൽ, മറുവശത്ത് സോപാധിക ശാരീരിക പ്രതികരണം എന്താണ്? ഒരു മൃഗം ഒരു പ്രത്യേക കാര്യം ശീലിക്കുകയോ ഒരു പ്രത്യേക സാഹചര്യവുമായി പൊരുത്തപ്പെടുകയോ ചെയ്യുമ്പോഴാണ് സോപാധിക പ്രതികരണം ഉണ്ടാകുന്നത്. അല്ലെങ്കിൽ അങ്ങനെ സംഭവിക്കില്ല. പാവ്‌ലോവ് തന്നെ പരീക്ഷിച്ചതും വളരെ അറിയപ്പെടുന്നതുമായ ഒരു ഉദാഹരണം പറയാം. വളർത്തുനായ്ക്കളിലാണ് അദ്ദേഹം പരീക്ഷണം നടത്തിയത്. അവയ്ക്ക് ഭക്ഷണം കൊടുക്കുമ്പോൾ ഒരു മണി അടിക്കും. ഭക്ഷണത്തോടൊപ്പമുള്ള ഈ മണിയടിയുമായി നായ്ക്കൾ പൊരുത്തപ്പെട്ടു. ഇത് ശീലമായതോടെ ഭക്ഷണം നൽകാതെ മണിയടിക്കുക മാത്രം ചെയ്യുമ്പോഴും അവയുടെ വായിൽ വെള്ളം നിറയും. ഇവിടെ മണിയടി ഉമിനീര് വരാനുള്ള പ്രലോഭനമായി മാറുകയായിരുന്നു. ഇത്തരം പ്രതികരണങ്ങളെയാണ് സോപാധിക ശാരീരിക പ്രതികരണങ്ങൾ എന്ന് പറയുന്നത്. എന്നാൽ കുറച്ചുദിവസം മണിയടിക്കുകയും ഭക്ഷണം നൽകാതിരിക്കുകയും ചെയ്താൽ, മണിയടി കേൾക്കുമ്പോൾ ഉമിനീർ വരാതാകും. അതായത് നായയോ മറ്റ് മൃഗങ്ങളോ ഒക്കെ ഒരു പ്രത്യേക സാഹചര്യവുമായി പൊരുത്തപ്പെടുകയോ ഒരു പ്രത്യേക കാര്യം ശീലമാക്കുകയോ ചെയ്യുമ്പോൾ മാത്രമാണ് സോപാധിക പ്രതികരണം സംഭവിക്കുന്നത്.

### ഒന്നാമത്തെയും രണ്ടാമത്തെയും സന്ദേശ വ്യവസ്ഥയുടെ (signal system) ധർമ്മം

ഇണങ്ങിയ നായ്ക്കളുടെ കാര്യം നമുക്കുവീണ്ടും പരിഗണിക്കാം. ഏറെ വർഷങ്ങൾക്കുശേഷം കാണുമ്പോൾപോലും നായ അതിന്റെ യജമാനനെ തിരിച്ചറിയുന്നത് കണ്ടിട്ടുണ്ട്. അത് തന്റെ വാലാട്ടുന്നതും യജമാനന്റെ കാൽക്കൽ കിടക്കുന്നതും അയാളുടെ ദേഹത്ത് മുട്ടിയുരുമ്മുന്നതും കാണാം. ഏറെക്കാലത്തിനുശേഷം കാണുകയാണെങ്കിലും, എങ്ങനെയാണോ അത് നേരത്തേ വാലാട്ടിയും കാൽക്കൽ കിടന്നുമൊക്കെ പെരുമാറിയിരുന്നത്, അതേപോലെതന്നെ പെരുമാറുന്നതായി നാം നിരീക്ഷിക്കുന്നു. ഈ പെരുമാറ്റം കാണുമ്പോൾ, നായ തന്റെ യജമാനനെ തിരിച്ചറിഞ്ഞതായി പലരും വിശ്വസിക്കുന്നു. അതുകൊണ്ട്, നായയ്ക്ക് ബുദ്ധിയുണ്ട് എന്നാണ് അവർ ചിന്തിക്കുന്നത്. മനുഷ്യരെപോലെതന്നെ ചിന്തിക്കാൻ സാധിക്കുകയില്ലെങ്കിലും, നായ്ക്കൾക്കും ചിമ്പാൻസിക്കുമൊക്കെ ഏതെങ്കിലുമൊക്കെ അളവിൽ ബുദ്ധിയോ മേധാശേഷിയോ ഉണ്ടെന്ന് ഇന്നും ഒരുപാടുപേർ വിശ്വസിക്കുന്നുണ്ട്. അല്ല, എന്തായാലും അതല്ല വസ്തുത. നായ്ക്കൾക്ക് ആളുകളെ തിരിച്ചറിയാനുള്ള കഴിവ്, മണം പിടിച്ച് ആ ഗന്ധത്തിനനുസരിച്ച് പ്രവർത്തിക്കുവാനുള്ള കഴിവ്, അതിന് യജമാനനോടുള്ള വിശ്വസ്തത–ഇതെല്ലാം ശിക്ഷിത പ്രതികരണത്തിന്റെ (conditioned reflex) വളരെ ഉയർന്ന തലത്തിലുള്ള പ്രവൃത്തികളാണ്. ശിക്ഷിത പ്രതികരണത്തിന്റെ വിവിധ അളവിലുള്ള ഉദാഹരണങ്ങൾ ആണ് ഇവയെല്ലാം. ബുദ്ധിക്ക് ഇവിടെ യാതൊരു സ്ഥാനവുമില്ല. ഇത്തരം പ്രതിഭാസങ്ങളും സംഭവങ്ങളുമൊക്കെ ശിക്ഷിത പ്രതികരണത്തിന്റെ ഗണത്തിൽ മാത്രമേ പെടുത്താൻ സാധിക്കുകയുള്ളൂ. ഉടമസ്ഥനുമായുള്ള നീണ്ട കാലത്തെ ബന്ധത്തിന്റെ ഫലമായി, നായയുടെ നാസിക മാത്രമല്ല, നാഡീവ്യൂഹമൊന്നാകെ ഒരു പ്രത്യേകരീതിയിൽ പരിശീലിപ്പിക്കപ്പെടുകയോ ക്രമപ്പെടുത്തുകയോ ചെയ്തിട്ടുണ്ട്. പരിശീലനക്രമത്തിന്റെ ഈ സ്ഥിരരൂപം ദീർഘകാലം പ്രവർത്തിക്കുമ്പോൾ, അല്ലെങ്കിൽ ദീർഘകാലം ശേഖരിക്കപ്പെടുകയോ സൂക്ഷിക്കുകയോ ചെയ്യുമ്പോൾ, അതേ പ്രചോദനത്തിന്റെ ക്രിയ, പിന്നീട്, ശിക്ഷിത പ്രതികരണത്തിന്റെ രൂപത്തിൽ വെളിപ്പെടുന്നു. ദീർഘകാലത്തിനുശേഷം യജമാനനെ കണ്ടാലും നായയിൽ അതേ ഇന്ദ്രിയാനുഭവംതന്നെ(sensation) സൃഷ്ടിക്കപ്പെടുന്നു. അതുകൊണ്ടാണ് നായ വാലാട്ടുന്നതും യജമാനന്റെ കാൽക്കൽ കിടക്കുന്നതും. എന്നാൽ ഇതുമാത്രം കണ്ടിട്ടാണ് നായ തന്റെ യജമാനനെ തിരിച്ചറിയുന്നു എന്ന് പലരും തെറ്റിദ്ധരിക്കുന്നത്. അങ്ങനെയല്ല, നായ തന്റെ യജമാനനെ ചിന്തയിലോ, മനസ്സിലോ, ഓർമ്മയിലോ സൂക്ഷിക്കുന്നില്ല. നായയുടെ പെരുമാറ്റം, ചിന്തയുടെയൊ ആശയത്തിന്റെയോ അടിസ്ഥാനത്തിലുള്ള പ്രവൃത്തിയല്ല. അത് അതിന്റെ നാഡീവ്യൂഹത്തിന്റെ ശിക്ഷിത പ്രതികരണത്തിന്റെ ഒരു പ്രക്രിയ മാത്രമാണ്.

പാമ്പുകളുടെ കാര്യം ഉദാഹരണമായെടുക്കാം. പല പാമ്പാട്ടികളും പാമ്പുകടിക്കുള്ള മറുമരുന്നായി ചില വേരുകളൊക്കെ വിൽക്കാറുണ്ട്. യഥാർത്ഥത്തിൽ അങ്ങനെയുള്ള മറുമരു

*(ശേഷം 10-ാം പേജിൽ)*

വിജ്ഞാന ശാസ്ത്രം

# പദാർത്ഥലോകം മനുഷ്യബോധത്തിൽനിന്നും സ്വതന്ത്രമായി നിലനിൽക്കുന്നു

(9-ാം പേജിൽ നിന്ന്)

ന്നുകളൊന്നുമില്ല. ഒന്നാമതായി, ഒരു പാമ്പ് വിഷമുള്ള ഇനമല്ലെങ്കിൽ അതിന്റെ ദംശനം മനുഷ്യന് ഹാനികരമാകണമെന്നില്ല. മാത്രവുമല്ല, കൊത്തിയ പാമ്പ് വിഷമുള്ളതാണെങ്കിൽതന്നെയും, അതിന്റെ വിഷസഞ്ചി നിറഞ്ഞ് വിഷമുണ്ടായിരിക്കുകയും, കടിയേറ്റയാൾക്ക് ഉടനടി ശരിയായ വൈദ്യസഹായം ലഭിക്കാതിരിക്കുകയും ചെയ്യുമ്പോഴാണ് ദംശനം മരണകാരണമാകുന്നത്. പാമ്പാട്ടികളുടെ രീതിയെന്തെന്നാൽ, അവരൊരു വിഷപാമ്പിനെ പിടിക്കുകയാണെങ്കിൽ അതിനു മുന്നിൽ, കണ്ടാൽ വേരുപോലെ തോന്നുന്ന ചൂടാക്കിയ ഇരുമ്പുകഷണം കാണിക്കും. ചുട്ടുപൊള്ളിയ ഇരുമ്പിൽ കൊത്തി വായ പൊള്ളുന്ന പാമ്പ് പിന്നെ അതേപോലെയുള്ള വേരുകണ്ടാലും തല താഴ്ത്തും. എന്തു കൊണ്ടാണിങ്ങനെ സംഭവിക്കുന്നത്? ഇത് ശിക്ഷിത പ്രതികരണംമൂലം സംഭവിക്കുന്നതാണ്. എന്നാൽ ഇങ്ങനെ ചൂടാക്കിയ ഇരുമ്പിൽ കൊത്തിയിട്ടില്ലാത്ത പാമ്പ്, നിങ്ങൾ അതിനുമുന്നിൽ ഒരു വേരുകാണിച്ചാലും നിങ്ങളെ കൊത്തുമെന്നതിൽ ഒരു സംശയവും വേണ്ട. ഇതെല്ലാം ശിക്ഷിത പ്രതികരണത്തിന്റെ ഉദാഹരണങ്ങളാണ്.

അൽപ്പം മുമ്പ് ഞാൻ പ്രഥമ സന്ദേശ വ്യവസ്ഥയെക്കുറിച്ച് (First Signal System) ചർച്ച ചെയ്തിരുന്നു. ദ്വിതീയ സന്ദേശ വ്യവസ്ഥയെന്ന (Second Signal System) ഒരു വ്യവസ്ഥ കൂടിയുണ്ട്. ഇത് മനുഷ്യനിൽ മാത്രമാണ് പ്രവർത്തിക്കുന്നത്. എല്ലാ മൃഗങ്ങളിലും ഇന്ദ്രിയാനുഭവത്തിൽനിന്നും ചലനത്തിലേക്ക് എന്ന പാതയിലാണ് പ്രഥമ സന്ദേശ വ്യവസ്ഥ പ്രവർത്തിക്കുന്നത്. അതായത്, ഏതൊരു പ്രചോദനത്തിനുകീഴിൽ ഒരു പ്രത്യേക ഇന്ദ്രിയാനുഭവം സൃഷ്ടിക്കുന്നത് എന്തുഫലമാണ് എന്നുനിശ്ചയിക്കുന്നത് സന്ദേശമാണ്. മനുഷ്യന്റെ കാര്യത്തിലാകട്ടെ, പ്രഥമ സന്ദേശ വ്യവസ്ഥയ്ക്കുപുറമേ നിലനിൽക്കുന്ന, ദ്വിതീയ സന്ദേശ വ്യവസ്ഥയുടെ പ്രക്രിയക്കുകീഴിൽ, സന്ദേശം ഇന്ദ്രിയാനുഭവത്തിൽനിന്നും സംവേദനത്തിലേക്കും(perception) അവിടെനിന്ന് വീണ്ടും വിവർത്തനം (Translation) എന്നു വിളിക്കപ്പെടുന്ന വ്യത്യസ്തമായ ഒരു പ്രക്രിയയിലേക്കും പോകുന്നു. ദ്വിതീയ സന്ദേശ വ്യവസ്ഥ ഈ വിവർത്തനത്തിന്റെ പ്രക്രിയ തലച്ചോറിനുള്ളിൽതന്നെയാണ് ചെയ്യുന്നത്. അതിൽ പിന്നെ തലച്ചോർ ചിന്തിക്കുന്നു, വിശകലനം ചെയ്യുന്നു, ഗ്രഹിക്കുന്നു. ഈ പ്രക്രിയകളെല്ലാം ദ്വിതീയ സന്ദേശ വ്യവസ്ഥയാണ് നിയന്ത്രിക്കുന്നത്. മനുഷ്യന് ഈ വിവർത്തനശേഷി, അതായത് ചിന്തിക്കുവാനുള്ള കഴിവ് ഉള്ളതുകൊണ്ടാണ്, ബാഹ്യമായ ഒരു പ്രചോദനത്തിൽനിന്നുള്ള ഇന്ദ്രിയാനുഭവം, ഇന്ദ്രിയാനുഭവത്തിൽ നിന്നും പേശീചാലക പ്രവർത്തനം എന്ന സ്ഥിതിയിൽ അവസാനിക്കാത്തത്. അത് സ്വീകരിക്കുന്ന പാത, അടിസ്ഥാനപരമായി ഇന്ദ്രിയാനുഭവത്തിൽ നിന്നും സംവേദനം, അവിടെ നിന്നും ഗ്രഹണം (Conception) എന്നതാണ്. ഇതിൽ പേശീചാലക പ്രവർത്തനം ഏതുഘട്ടത്തിലും സംഭവിക്കാം. ഞാൻ മുമ്പ് പറഞ്ഞിരുന്നു, വികാസത്തിന്റെ പാതയിൽ സംവേദനം, ഉയർന്ന ആശയം അഥവാ ഗ്രഹണത്തിന് ജന്മം നൽകുന്നു. തലച്ചോറിന്റെ ഘടന സംവേദനത്തിനും ഗ്രഹണത്തിനും കഴിവുള്ളതാണ്. അതായത്, തലച്ചോറിന് അത് ഓർമ്മയിൽ സൂക്ഷിക്കാം അല്ലെങ്കിൽ വിപരീതദിശയിൽ, പരസ്പരപൂരകമായ ക്രിയയിലൂടെ സംവേദനത്തിനും ആശയത്തിനും, ഇന്ദ്രിയാനുഭവത്തിനും ചലനത്തിനുംമേൽ പ്രവർത്തിക്കാം. ഇതൊന്നും ലളിതമായ പ്രക്രിയകളല്ല. ഇതെല്ലാം കൂടിച്ചേരുമ്പോൾ അത്യധികം സങ്കീർണ്ണമായ പ്രക്രിയയായി മാറുന്നു. അങ്ങനെയായിരിക്കുമ്പോൾ, സംവേദനം ഉണ്ടാകുമ്പോൾ ആശയം ജനിക്കുന്നു, അവബോധം(cognition) എന്ന പ്രതിഭാസം സംഭവിക്കുന്നു. ഇത് എങ്ങനെ നമ്മൾ പ്രകടിപ്പിക്കുന്നു എന്നതാണ് അപ്പോൾ ഉണ്ടാകുന്ന ചോദ്യം. നമ്മൾ അത് ഭാഷയിലൂടെ പ്രകടിപ്പിക്കുന്നു. ഭാഷയാണ് ചിന്തയുടെ വാഹനം. മനുഷ്യൻ നടത്തുന്ന സംഭാഷണം, ഭാഷയിലൂടെ അവന്റെ മനസ്സിന്റെയോ ആശയത്തിന്റെയോ പ്രകാശനം – ഇതിനെയാണ് സംഭാഷണം അഥവാ സംഭാഷണശേഷി എന്നു പറയുന്നത്. ഇതും ദ്വിതീയ സന്ദേശ വ്യവസ്ഥയുടെ സഹായത്തോടെയാണ് അവൻ ചെയ്യുന്നത്. ഇത് മനുഷ്യനിലല്ലാതെ ജന്തുലോകത്തിൽ വേറെയൊന്നിലും നിലനിൽക്കുന്നില്ല. മനുഷ്യന്റെ തലച്ചോറിൽ, ചുറ്റുപാടുകളുമായുള്ള വൈരുദ്ധ്യത്തിലൂടെയും സംഘർഷത്തിലൂടെയും ആശയവും ചിന്തയും എന്തുരൂപം കൈക്കൊള്ളുന്നു എന്നത്, ദ്വിതീയ സന്ദേശ വ്യവസ്ഥയാണ് നിശ്ചയിക്കുന്നത്. അതായത്, മനുഷ്യന്റെ തലച്ചോറിന്റെ സവിശേഷ ഘടനയുടെ ഫലമായി ചിന്താപ്രക്രിയയോ, ആശയരൂപീകരണമോ മനുഷ്യനിൽ ആരംഭിച്ചു. എങ്ങനെ, ഏതു രീതിയിൽ ഈ ചിന്താശേഷി പ്രവർത്തിക്കണമെന്ന് നിശ്ചയിക്കുന്നത് ദ്വിതീയ സന്ദേശ വ്യവസ്ഥയുടെ സവിശേഷതകളാണ്. പരസ്പരപ്രവർത്തനത്തിന്റെ പ്രതിഭാസവും, വൈരുദ്ധ്യത്തിന്റെയും സംഘർഷത്തിന്റെയും പ്രക്രിയയും നമ്മളിലെല്ലാം പ്രവർത്തിക്കുന്നുണ്ട് എന്നത് വസ്തുതയാണ്. എന്നാൽ, ഞാനോ നിങ്ങളോ മറ്റാരെങ്കിലുമോ, ഒരേ സംഭവത്തോടുള്ള പ്രതികരണമായി ഒരേ രീതിയിൽ ചിന്തിക്കാറുണ്ടോ? ഇല്ല, നമ്മളത് ചെയ്യാറില്ല. ഒരു സംഭവം തന്നെ, ഒരു വ്യക്തിക്ക് വളരെ ആഴത്തിലുള്ള ആസ്വാദനം നൽകുമ്പോൾ, മറ്റൊരുവ്യക്തി തികച്ചും വിപരീതമായ രീതിയിലാകും അതിനെ കാണുന്നത്, അഥവാ തികച്ചും വ്യത്യസ്തമായ വ്യാഖ്യാനത്തിലാണ് എത്തിച്ചേരുക. അയാളുടെ മനസ്സിൽ എന്തോ പൂർവകൽപ്പിതമായ തോന്നലോ, മനോഭാവമോ പ്രവർത്തിച്ചിട്ടുണ്ട്, അതുകൊണ്ട് അയാളിൽ വിവർത്തനപ്രക്രിയ മറ്റൊരുപാതയാണ് സ്വീകരിച്ചത് എന്നതാണ് ഇതിനർത്ഥം. ഇങ്ങനെ മനുഷ്യന്റെ തലച്ചോറിന്റെ പ്രവർത്തനങ്ങളിലും ചര്യകളിലുമുള്ള വ്യതിയാനങ്ങളാണ് വിവിധ വ്യക്തികളിൽ വിവിധങ്ങളായ ചിന്തകളും ആശയങ്ങളും സൃഷ്ടിക്കുന്നത്. നാം അതിനെ വ്യത്യസ്തമായ വിവർത്തനശേഷി, അല്ലെങ്കിൽ വ്യത്യസ്തമായ വിശകലനപ്രക്രിയ എന്ന് വിളിക്കുന്നു. ദ്വിതീയ സന്ദേശ വ്യവസ്ഥയാണ് ഇതിനെ നിയന്ത്രിക്കുന്നത്. എങ്ങനെയായാലും, ഈ രീതിയിലാണ് മനുഷ്യൻ തന്റെ ചിന്താശേഷി നേടിയെടുത്തതും, പദാർത്ഥത്തെ പഠിക്കുവാനുള്ള ശേഷി കൈവരിച്ചതും, അവനവനെകുറിച്ചുതന്നെ പഠിക്കുവാനുള്ള ശേഷി – മറ്റൊരു മൃഗത്തിനും ഈ ശേഷിയില്ല – സ്വന്തമാക്കിയതും.

**മാറ്റത്തിലും വികാസത്തിലും സാഹചര്യങ്ങൾക്കുള്ള പങ്ക്**

അപ്പോൾ ശാസ്ത്രത്തിലും ചരിത്രത്തിലുംനിന്ന് നമ്മൾ കണ്ടെത്തുന്നത്, പദാർത്ഥലോകത്തെ മാറ്റത്തിന്റെ വഴിയിൽ, പ്രകൃതിയിൽത്തന്നെയുള്ള വൈരുദ്ധ്യത്തിന്റെയും സംഘർഷത്തിന്റെയും മാർഗ്ഗത്തിലാണ് കൃത്യമായും ബോധം ഉയിർത്തത്. ബോധവും പദാർത്ഥവും തമ്മിലുള്ള പരസ്പരപ്രവർത്തനത്തിന്റെ കാര്യം, ഭൂമിയിൽ മനുഷ്യൻ പ്രത്യക്ഷമായതിനുശേഷംമാത്രമേ ഉദിക്കുകയുള്ളൂ. അപ്പോൾമുതലാണ് പ്രകൃതിയുമായും തന്റെ ചുറ്റുപാടുകളുമായുമൊക്കെയുള്ള മനുഷ്യന്റെ സംഘർഷവും വൈരുദ്ധ്യവും ആരംഭിക്കുന്നത്. നമ്മൾ ഈ ചുറ്റുപാടുകൾ എന്നു വിളിക്കുന്നതിനെ സംബന്ധിച്ച് പലപ്പോഴും അമിതമായ ലളിതവൽക്കരണം ഉണ്ടാകുന്നുണ്ട്. ഞാൻ വിശ്വസിക്കുന്നു, ഇത് ഈ സ്കൂൾ ഓഫ് പൊളിറ്റിക്സിൽ ഒരു ചോദ്യം ഉയർത്താൻ ഇടയാക്കിയിട്ടുണ്ട്. ഒരേ മാതാപിതാക്കൾക്ക് ജനിച്ച്, ഒരേ സാഹചര്യത്തിൽ വളർത്തിയ രണ്ട് കുട്ടികൾ എങ്ങനെയാണ് രണ്ട് വ്യത്യസ്തമായ തരത്തിൽ വളർന്നു വരുന്നത്? ഒരാൾ ഒരുപക്ഷേ ഒരു സാമൂഹികവിരുദ്ധനായും, മറ്റേയാൾ വളരെ ആത്മാർത്ഥതയുള്ള, വിവേകിയായ, മര്യാദയുള്ള ഒരാളായി, മാത്രമല്ല വിപ്ലവപോരാട്ടത്തിന്റെ വിശ്വസ്ത അനുയായിയായിത്തന്നെ മാറുന്നതും സംഭവ്യമാണ്. അങ്ങനെയാണെങ്കിൽ, സാഹചര്യത്തിന്റെ പങ്കിനെക്കുറിച്ചും, എല്ലാം പ്രാഥമികമായി സാഹചര്യത്തെ ആശ്രയിച്ചിരിക്കുന്നു എന്നും മാർക്സിസ്റ്റുകൾ ഉറപ്പിച്ചുപറയുന്നത് ശരിയാണോ? അങ്ങനെ ഒരു ചോദ്യം ഉന്നയിച്ചിരുന്നു. ഈ ചോദ്യം ഉയർത്തുവാനുണ്ടായ കാരണം, സംശയമില്ലാതെ പറയാം, ഇതിലെ സാഹചര്യത്തെക്കുറിച്ചുള്ള ധാരണ അതിലളിതവൽക്കരിച്ച രീതിയിൽ മനസ്സിലാക്കിയതുകൊണ്ടാണ്. മനുഷ്യന്റെ ചിന്തകളും ആശയങ്ങളും, അവന്റെ മാനസികശേഷിയും അവന്റെ ചുറ്റുപാടുകളുടെ സാഹചര്യങ്ങളും മൂർത്ത സന്ദർഭവും കൊണ്ടെന്ന് ഊന്നിപ്പറയുമ്പോൾ, ഇവിടെ സൂചിപ്പിക്കുന്ന സാഹചര്യം എന്ന ധാരണ വളരെ വിശാലമായ അർത്ഥത്തിലാണെന്ന് മനസ്സിലാക്കിയാൽ ഇത്തരത്തിലുള്ള അതിലളിതവൽക്കരണം ഉണ്ടാകില്ല. സാഹചര്യത്തെയും ചുറ്റുപാടിനെയുംകുറിച്ചുള്ള മാർക്സിസ്റ്റ് ധാരണയിൽ അതിലെ ഏറ്റവും സൂക്ഷ്മമായ വിശദാംശങ്ങളും ഉൾക്കൊള്ളുന്നു. ഉദാഹരണത്തിന്, തങ്ങളുടെ എല്ലാ മക്കളെയും ഒരേപോലെ സ്നേഹിക്കുന്നു എന്നാണ് മാതാപിതാക്കൾ വിശ്വസിക്കുന്നത്. എന്നാൽ, കണിശമായി പറഞ്ഞാൽ ഈ ഒരേപോലെ

എന്നത് അത്ര യാഥാർത്ഥ്യമല്ല. ശാസ്ത്രീയമായ വീക്ഷണത്തിൽ നിന്നും പറഞ്ഞാൽ, സൈദ്ധാന്തികമായും മാനുഷികമായും അത് അസാധ്യമാണ്. ഒരേ കുട്ടിയോട് എപ്പോളും ഒരേ രീതിയിൽ തന്നെ പെരുമാറാൻ മാതാപിതാക്കൾക്ക് സാധിക്കണമെന്നില്ല. അച്ഛന് കുട്ടിയോടും, തിരിച്ച് കുട്ടിക്ക് അച്ഛനോടുമുള്ള വാത്സല്യവും അടുപ്പവും രണ്ട് വ്യത്യസ്ത സന്ദർഭങ്ങളിൽ കൃത്യമായും ഒരേ രൂപത്തിൽതന്നെ ആകണമെന്നില്ല. ഈ വസ്തുത നമ്മൾ അംഗീകരിക്കുകയും രണ്ട് കുട്ടികളെ ഒരേ മാതാപിതാക്കൾ വളർത്തുന്ന സാഹചര്യത്തിന്റെ വിശദാംശങ്ങൾ വിമർശനബുദ്ധിയോടെ പരിശോധിക്കുവാനുള്ള ബുദ്ധിമുട്ട് ഏറ്റെടുക്കാൻ തയ്യാറാവുകയും ചെയ്യുകയാണെങ്കിൽ – അതിൽ രണ്ടുപേരുടേയും കൂട്ടുകാർ ആരൊക്കെ, അവർ ആരോടൊക്കെ ഇടപെടുന്നു, ആര് ആരുടെയൊക്കെ സാമീപ്യത്തിലിരിക്കുന്നു എന്നതെല്ലാം പരിഗണിച്ചുകൊണ്ട് – രണ്ട്കുട്ടികളുടെയും ചുറ്റുപാടുകൾ തമ്മിൽ കാര്യമായ അന്തരം നിലനിൽക്കുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. അത് മാത്രമല്ല. രണ്ടുപേരിലുമുള്ള ചിന്താപ്രക്രിയ, ഇരുവരുടെയും മനസ്സിലുള്ള സംഘർഷങ്ങൾ, രണ്ടുപേരുടെയും ജീവിതസമരങ്ങൾ, ജീവിതത്തിന്റെ അവസ്ഥാന്തരങ്ങളോടുള്ള പ്രതികരണം സ്വഭാവത്തെയും പെരുമാറ്റത്തെയും വീക്ഷണത്തെയും നിർണ്ണയിക്കുന്നത് – ഇതെല്ലാം ചേർന്ന് രണ്ടുപേർക്കുമിടയിൽ വളരെ വലിയ വ്യത്യാസമാണ് സൃഷ്ടിക്കുന്നത്. അതുകൊണ്ട്, സാഹചര്യം എന്നതിന്റെ കൃത്യമായ മനസ്സിലാക്കൽ, സാധാരണക്കാരായ ജനങ്ങളോ സഖാക്കളോ പൊതുവിൽ സ്വീകരിക്കുന്ന മനസ്സിലാക്കൽപോലെ വിവക്ഷയിൽ അത്ര ഇടുങ്ങിയതല്ല. പറഞ്ഞുവരുന്നത്, സാഹചര്യത്തെ സംബന്ധിക്കുന്ന മാർക്സിസ്റ്റ് ധാരണ, അതിലളിതമായോ ഉപരിപ്ലവമായോ എടുക്കേണ്ടതല്ല. മനുഷ്യനും അവന്റെ ചുറ്റുപാടുകളും തമ്മിൽ വൈരുദ്ധ്യത്തിന്റെ അനേകമനേകം ഘടകങ്ങളുണ്ട്. വൈരുദ്ധ്യത്തിനുള്ളിൽപോലും വൈരുദ്ധ്യമുണ്ട്. മാർക്സിസത്തിൽ ഇവയെല്ലാംതന്നെ, അവയുടെ ഏറ്റവും സൂക്ഷ്മമായ വിശദാംശങ്ങളിൽ പരിഗണിക്കേണ്ടതുണ്ട്. പ്രത്യക്ഷത്തിൽ സാധാരണ ദൃശ്യമല്ലാത്ത ഘടകങ്ങളും കണക്കിലെടുക്കേണ്ടതുണ്ട്. ഈ ഘടകങ്ങളെല്ലാം എപ്പോഴും നിരന്തരം പരസ്പരസംഘർഷത്തിൽ ഏർപ്പെട്ടിരിക്കുന്നവയാണ്. ഇങ്ങനെ വിശകലനം ചെയ്യുകയാണെങ്കിൽ, ഒരേ മാതാപിതാക്കളുടെ രണ്ടുകുട്ടികളും തികച്ചും വ്യത്യസ്തമായ രണ്ട് സ്വഭാവത്തോടെ വളർന്നുവരുന്നത് എങ്ങനെയെന്നത് മനസ്സിലാകും.

കൂടാതെ, നമ്മൾ സാധാരണ കാണുന്നതുപോലെ വ്യക്തികൾക്കിടയിലെ വ്യത്യസ്തതകൾ – അവ പ്രകൃത്യാ ഉള്ളതാണോ? നമ്മൾ അതിനെ അങ്ങനെ കാണാൻ പാടില്ല. മിക്കവാറും എല്ലാ വ്യക്തികൾക്കും

(ശേഷം 11-ാം പേജിൽ)

# ആദിവാസി കൂട്ടക്കൊല: അഖിലേന്ത്യാ പ്രതിഷേധദിനം ആചരിച്ചു

ഉത്തർപ്രദേശിൽ സോനാഭദ്ര ജില്ലയിലെ ഉംഭ വില്ലേജിൽ നടന്ന ആദിവാസി കൂട്ടക്കൊലയ്ക്കെതിരെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ ആഭിമുഖ്യത്തിൽ രാജ്യവ്യാപകമായി പ്രതിഷേധ പരിപാടികൾ നടന്നു. തലമുറകളായി ആദിവാസി ജനത അധിവസിച്ചുവന്നിരുന്ന ഭൂമി പിടിച്ചെടുക്കാൻ ഗുണ്ടകളുടെ നേതൃത്വത്തിൽ നടന്ന ആസൂത്രിത വെടിവെപ്പിൽ കൊല്ലപ്പെട്ടത് 10 ആദിവാസികളാണ്. നിരവധി ആളുകൾക്ക് പരിക്കേറ്റു. പലരുടേയും നില ഗുരുതരമാണ്. മരണസംഖ്യ ഉയർന്നേക്കാമെന്ന് ആശങ്കകൾ ഉയരുന്നുണ്ട്. ആക്രമണവും വെടിവെപ്പും ഉണ്ടാകുമെന്ന് മുന്നറിയിപ്പ് ഉണ്ടായിരുന്നിട്ടും പോലീസ് നിരുത്തരവാദപരമായാണ് പെരുമാറിയത്. കാലങ്ങളായി ആദിവാസികൾക്കെതിരെ നടന്നുവരുന്ന ആക്രമണങ്ങൾ ഇപ്പോഴും തുടരുകയാണ്. പ്രതികൾക്ക് കർശന ശിക്ഷ ഉറപ്പാക്കുക, കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് മതിയായ നഷ്ടപരിഹാരം നൽകുക, പരിക്കേറ്റവരുടെ ചികിത്സാ ചെലവുകൾ സർക്കാർ ഏറ്റെടുക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ജൂലൈ 7 ന് പ്രതിഷേധ ദിനം ആചരിച്ചത്.



തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് മുമ്പിൽ നടന്ന പ്രതിഷേധയോഗം

### ആലുവ

അഖിലേന്ത്യാ പ്രതിഷേധ ദിനാചരണത്തോടനുബന്ധിച്ച് ആലുവയിൽ പ്രകടനവും പൊതുയോഗവും നടന്നു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) എറണാകുളം ജില്ലാ സെക്രട്ടേറിയറ്റംഗം പി.പി.അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. ലോക്കൽ കമ്മിറ്റി സെക്രട്ടറി കെ.പി.സാൽവിൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ലോക്കൽ കമ്മിറ്റിയംഗം എ.ബ്രഹ്മകുമാർ പ്രസംഗിച്ചു. സഖാക്കൾ എ.റജീന, എം.കെ.തങ്കപ്പൻ, എ.ജി.അജയൻ, ബി.പി.ബിന്ദു, എം.വി.വിജയകുമാർ, സിജു എന്നിവർ പ്രതിഷേധ പരിപാടിക്ക് നേതൃത്വം നൽകി.

### കോഴിക്കോട്

കോഴിക്കോട് മൊഫ്യൂസിൽ ബസ് സ്ററാൻറ് പരിസരത്ത് ചേർന്ന പൊതുയോഗത്തിൽ സ.പി.എം.ശ്രീകുമാർ പ്രസംഗിച്ചു. സ.പോൾ ടി.സാമുവൽ അദ്ധ്യക്ഷത വഹിച്ചു. നഗരത്തിൽ പ്രതിഷേധ പ്രകടനവും നടന്നു.

### ആലപ്പുഴ

ആലപ്പുഴയിൽ പ്രകടനവും പൊതുയോഗവും നടന്നു. ബോട്ട്ജെട്ടിക്ക് സമീപം നടന്ന പൊതുയോഗം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി എസ്.സീതിലാൽ ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മിറ്റി അംഗം ടി.മുരളി അധ്യക്ഷത വഹിച്ചു. ആലപ്പുഴ ടൗൺ ലോക്കൽ കമ്മിറ്റി സെക്രട്ടറി അഡ്വ.എം.എ.ബിന്ദു പ്രസംഗിച്ചു. ടിഡി സ്കൂളിനു സമീപത്തുനിന്നും ആരംഭിച്ച പ്രകടനത്തിന് ജില്ലാ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ പി.ആർ.സതീശൻ, കെ.പി.മനോഹരൻ, കെ.ജെ.ഷീല, എൻ.കെ.ശശികുമാർ എന്നിവർ നേതൃത്വം നൽകി.

### കൊല്ലം

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)കൊല്ലം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ചിന്നക്കടയിൽ പ്രതിഷേധപ്രകടനവും പൊതുയോഗവും നടന്നു. ചിന്നക്കട ബസ്സ്റ്റാന്റിന് മുന്നിൽ നടന്ന പ്രതിഷേധയോഗം ജില്ലാ സെക്രട്ടറി ഷൈല കെ. ജോൺ ഉദ്ഘാടനം ചെയ്തു. ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് എ.ജെയിംസ്, എഐയുറ്റിയുസി ജില്ലാ സെക്രട്ടറി ബി.വിനോദ്, എഐഡിവൈഒ ജില്ലാ കൺവീനർ പി.പി.പ്രശാന്ത് കുമാർ തുടങ്ങിയവർ പ്രസംഗിച്ചു. ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ എസ്.രാഘവൻ, ജി.ധ്രുവകുമാർ, ബി.രാമചന്ദ്രൻ, ഇ.എൻ.ശാന്തിരാജ്, ടിങ്കിൾ പ്രഭാകരൻ തുടങ്ങിയവർ പ്രതിഷേധ പരിപാടികൾക്ക് നേതൃത്വം നൽകി. ■




പത്തനംതിട്ട ടൗണിൽ നടന്ന പ്രതിഷേധ യോഗത്തിൽ എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് എസ്.രാജീവൻ പ്രസംഗിക്കുന്നു

## വിജ്ഞാനശാസ്ത്രം...

(10-ാം പേജിൽ നിന്ന്)

സാധാരണപോലെ വികസിച്ച തലച്ചോറുണ്ടാകും, അല്ലെങ്കിൽ സാമാന്യ നിലവാരത്തിലുള്ള പ്രാപ്തിയുണ്ടാകും. ഒരു വ്യക്തിയുടെ തലച്ചോറിന് എന്തെങ്കിലും കാരണത്താൽ ചില വൈകല്യങ്ങൾ ഉണ്ടാകുന്നത് വിഭിന്നമായ കാര്യമാണ്. അത് ഒഴിച്ചുനിർത്താവുന്നതാണ്. ഒരേ സംഭവത്തോടുള്ള പ്രതികരണമായി, രണ്ട് വ്യത്യസ്തരായ ആളുകളുടെ തലച്ചോറിൽ പരസ്പര വിപരീതമായ രണ്ട് ആശയരൂപീകരണം ഉണ്ടാകാമെന്ന വസ്തുത സംഭവിക്കുന്നത്, ചിന്താശേഷിയുടെ കാര്യത്തിൽ ഓരോ തലച്ചോറും വ്യത്യസ്തമായിരിക്കുന്നു എന്നതിനാലാണ്. കുറച്ചുകൂടി കൃത്യമായി പറഞ്ഞാൽ, വ്യക്തികൾക്കിടയിൽ താന്താങ്ങളുടെ സാഹചര്യങ്ങളുമായുള്ള സംഘർഷത്തിന്റെയും ഇടപഴകലിന്റെയും വഴികളുടെ വ്യത്യസ്തതകളുടെ തുടർച്ചയെന്ന നിലയിൽ, ധാരണകൾ വികസിക്കുന്നതിനുമേൽ വ്യക്തികൾ തമ്മിലുള്ള വ്യത്യാസങ്ങൾമൂലം, തികച്ചും സ്വാഭാവികമായി ഉയർന്നുവരുന്ന വൈജാത്യങ്ങൾ കാരണമാണ് അതുണ്ടാകുന്നത്. ജനനംമുതൽക്കുതന്നെ, അവനവന്റെ സാഹചര്യങ്ങളുടെ വ്യത്യാസം, വിദ്യാഭ്യാസപരവും സാംസ്കാരികവുമായ പ്രാപ്തിയിലുള്ള വ്യത്യാസം, അനുഭവത്തിലും ഓരോരുത്തരുടെയും ആന്തരികസമരത്തിലുമുള്ള വ്യത്യാസം, എന്നിങ്ങനെയുള്ളവ ക്രമേണ വ്യക്തികൾക്കിടയിൽ ആകെത്തുകയിലുള്ള മാനസികപ്രവർത്തനം, യുക്തിവിചാരം, മൂല്യബോധം, വീക്ഷണം, സമീപനം എന്നിവയിലെല്ലാം വ്യത്യാസങ്ങൾ സൃഷ്ടിക്കുന്നു. ഇതിന്റെ ഫലമായി, ഒരേ സംഭവത്തെ സംബന്ധിച്ച രണ്ട് വിപരീതമായ പ്രതികരണങ്ങൾ രണ്ട് വ്യക്തികളിൽ സൃഷ്ടിക്കുന്നു. അവരുടെ തലച്ചോറിൽ നടക്കുന്ന ഇടപഴകലിന്റെയോ സംഘർഷത്തിന്റെയോ സ്വഭാവമാണ് പരിണതഫലമായ ചിന്തയെ നിശ്ചയിക്കുന്നത്. വസ്തുതയെന്തെന്നാൽ, രണ്ട് വ്യത്യസ്ത വ്യക്തികളുടെ ധാരണകൾ വ്യത്യസ്തമാകാം. കാരണം അവരുടെ ഇടപഴകലുകൾ വ്യത്യസ്ത തരത്തിലാണ്. പക്ഷേ, ധാരണകൾ വ്യത്യസ്തമാണ് എന്നതുകൊണ്ട്, സംഭവങ്ങൾ തന്നെയും വ്യത്യസ്തമാണെന്നത് ഒരു രീതിയിലും സത്യമല്ല.

പാർട്ടിയിൽ നിന്നുള്ള ഉദാഹരണങ്ങൾ കൊണ്ടുതന്നെ, എങ്ങനെ ഓരോ വ്യക്തിയിലും വ്യത്യാസങ്ങൾ ഉണ്ടാകുന്നു എന്നത് നമുക്ക് പഠിക്കാവുന്നതാണ്. ഇക്കാര്യത്തിൽ പാർട്ടിയുടെ അനുഭവജ്ഞാനം തന്നെ നമുക്ക് ഉൾക്കൊള്ളാവുന്നതാണ്. പാർട്ടിയിലെ എല്ലാ സഖാക്കളും ഒരേ തരത്തിലോ തലത്തിലോ ഉള്ളവരാണോ? ഒരേ നേതാവിനുകീഴിൽ പ്രവർത്തിക്കുന്ന ചില സഖാക്കളുടെ കാര്യമെടുക്കാം. ചിലർ വിചാരിക്കും, ഈ സഖാക്കളെല്ലാം ഒരേ പാർട്ടിയിൽ ഒരേനേതാവിനു കീഴിൽ ഒരുമിച്ചു പ്രവർത്തിക്കുന്നതുകൊണ്ട്, അവർക്കെല്ലാം ഏറെക്കുറെ ഒരേ സാഹചര്യമാണെന്ന്. എന്നാൽ സംഗതി അങ്ങനെയല്ലതന്നെ. ഭിന്നതകളുണ്ട്, ഉറപ്പായും ഭിന്നതകളുണ്ടാവുകയും ചെയ്യും. ഇവിടെ നേതാക്കൾക്കും പങ്കുണ്ട്, കേഡർമാർക്കും പങ്കുണ്ട്. നമ്മൾ സഖാക്കളോട് പറയുന്നു, ബാഹ്യലോകം, ചുറ്റുപാടുകൾ, ഒരാൾ നടത്തുന്ന പ്രവർത്തനം, തുടങ്ങി എല്ലാത്തിനും ഓരോരുത്തരുടെയും ജീവിതത്തിൽ ഒരു പങ്കുണ്ടെന്ന്. നമുക്കറിയാം, നാം ജീവിക്കുന്ന മുതലാളിത്ത സമൂഹത്തിന്റെ ദുഷിപ്പുകൾ ഓരോ നിമിഷത്തിലും നമ്മളിലും അടിഞ്ഞുകൂടുന്നുണ്ട്. നമ്മുടെ മനസ്സിനെ അവയിൽ നിന്നും മുക്തമാക്കുന്നതിന് പോരാടുവാനായി സഖാക്കളോട് പാർട്ടി നിരന്തരം അഭ്യർത്ഥിക്കുന്നു. അതായത് ഓരോ സഖാവും നടത്തേണ്ട, നാം ആന്തരികസമരം എന്നു വിളിക്കുന്ന, അവനവന്റെ ഉള്ളിൽ നടത്തേണ്ട സമരത്തിന്, എപ്പോഴും ഏറ്റവും വലിയ പ്രധാന്യം പാർട്ടി നൽകുന്നു. അതെ, അതെല്ലാം ശരിയാണ്. പക്ഷേ, സഖാക്കൾക്കിടയിൽ ഓരോരുത്തർക്കും ഒരേ രീതിയിൽ, ഈ മാലിന്യങ്ങളിൽനിന്നെല്ലാം തങ്ങളുടെ മനസ്സിനെ മുക്തമാക്കി നിർത്താൻ സാധിക്കുന്നുവെന്ന് നിങ്ങൾ കരുതുന്നുണ്ടോ? അവർക്കെല്ലാംതന്നെ തങ്ങളുടെ മനസ്സിനെ വിശാലമാക്കാൻ സാധിച്ചുവോ? കേവലം പ്രഭാഷണത്തിൽ മാത്രമല്ല, യഥാർത്ഥത്തിൽ എല്ലാ സഖാക്കളെയും സ്നേഹിക്കാൻ എല്ലാവർക്കും സാധിക്കുന്നുണ്ടോ? ആയിരക്കണക്കിന് പാർട്ടി പ്രവർത്തകരെ ആകെത്തന്നെ, ഒരേപോലെ തുല്യമായി നേതാക്കൾ സ്നേഹിക്കുന്നുണ്ടോ? ചുരുങ്ങിയത്, അവർക്ക് വ്യക്തിപരമായി അടുത്തറിയാവുന്നവരെയെങ്കിലും? അതിലുപരിയായി, നേതാക്കൾ സഖാക്കളെ സ്നേഹിക്കുന്നത്, അന്ധരായ അനുയായികളായി അവർ മാറിത്തീരാൻ അനുവദിക്കാത്തതുപോലെയാണോ? ഇനി ഈ സഖാക്കൾ തങ്ങളുടെ നേതാക്കളെ സ്നേഹിക്കുന്നത്, ആ സ്നേഹം പാർട്ടിയോടും പാർട്ടി നേതൃത്വത്തോടുമുള്ള സ്നേഹത്തിന്റെ വ്യക്തിവൽകൃത പ്രകാശനം എന്ന രീതിയിലാണോ? പാർട്ടി പ്രവർത്തകരെ ഈ രീതിയിൽ സ്നേഹിക്കുവാനുള്ള കഴിവ് നേതാക്കൾ ആർജ്ജിക്കുകയാണെങ്കിൽ, സഖാക്കളുടെ മനസ്സിലെ അസ്വാസ്ഥ്യങ്ങളെല്ലാം ക്രമേണ അപ്രത്യക്ഷമാകും. പാർട്ടിയോടും അതിന്റെ പ്രത്യയശാസ്ത്രത്തോടും തടുക്കാനാവാത്ത ആകർഷണം അത് അവരിൽ സൃഷ്ടിക്കും. അങ്ങനെ, അവരുടെ കുടുംബത്തിൽ നിന്നുയരുന്ന പ്രശ്നങ്ങൾക്കൊന്നുംതന്നെ, അവ എത്രത്തോളം വിപുലമായിക്കൊള്ളട്ടെ, അവരെ തടഞ്ഞുനിർത്താനാകില്ല. ഇവിടെ എത്ര നേതാക്കളും സംഘാടകരും പ്രവർത്തകരെ ഈ രീതിയിൽ സ്നേഹിക്കുവാനുള്ള കഴിവുനേടിയിട്ടുണ്ട്? ഈ സ്നേഹം തികച്ചും വ്യത്യസ്തമായ ഒരു മാതൃകയിൽ പെടുന്നതാണ്. ആലോചിച്ചുനോക്കൂ, ഒരു പ്രവർത്തകൻ ഏതെങ്കിലുമൊരു സമ്പർക്കംവഴി പാർട്ടിയോട് അടുക്കുകയും, പ്രത്യയശാസ്ത്രത്തോടുള്ള ആകർഷണംവഴി അതിനോട് അടുപ്പിക്കപ്പെടുകയും ചെയ്യുമ്പോൾ, പലപ്പോഴും ആ ആളിന്റെ മനസ്സ് കളിമണ്ണുപോലെ മൃദുവായിരിക്കും. കൃഷ്ണനഗറിലെ കളിമൺ ശിൽപ്പികൾ മൃദുവായ കളിമണ്ണിൽ നിന്നും വിവിധ അച്ചുകളിലൂടെ പല രൂപങ്ങളിൽ കളിമൺ ശിൽപ്പങ്ങൾ ഉണ്ടാക്കാറുണ്ട്. സമാനമാണ് നമ്മൾ വിപ്ലവകാരികളുടെയും കടമ. കലാകാരൻമാരെപ്പോലെ, കളിമൺ ശിൽപ്പികളെപ്പോലെ, ഓരോരുത്തരുടെയും മൃദുവായ മനസ്സിനെ സ്നേഹത്തിന്റെ അച്ചിലൂടെ ഒരു യഥാർത്ഥ മനുഷ്യനാക്കി വാർത്തെടുക്കുക. വിപ്ലവ പോരാട്ടത്തിന്റെ തീച്ചൂളയിൽ ഉറച്ചതും കരുത്തുറ്റതുമാക്കി അവരെ പ്രബലീകരിച്ചെടുക്കുക. ■

# സഖാവ് ശിബ്ദാസ് ഘോഷ് അനുസ്മരണ സമ്മേളനം

**എസ്** യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയും ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ചിന്തകനുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ 43-ാമത് അനുസ്മരണ ദിനം ആചരിച്ചുകൊണ്ടുള്ള സംസ്ഥാനതല സമ്മേളനം പാലക്കാട് തൃപ്തി ഹാളിൽ നടന്നു. എസ്‌യുസിഐ(സി) പൊളിറ്റ് ബ്യൂറോ അംഗം സഖാവ് കെ.രാധാകൃഷ്ണ മുഖ്യപ്രസംഗം നടത്തി.

എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി സഖാവ് വി.വേണുഗോപാൽ അദ്ധ്യക്ഷത വഹിച്ചു. കാശ്മീരിന് പ്രത്യേക പദവി നൽകുന്ന ഭരണഘടനയുടെ 370-ാം വകുപ്പ് റദ്ദാക്കിയ നടപടി ഭരണഘടനാവിരുദ്ധവും ജനാധിപത്യ വിരുദ്ധവുമാണെന്നും രാഷ്ട്രപതിയുടെ ഉത്തരവ് പിൻവലിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സഖാവ് ജയ്സൺ ജോസഫ് അവതരിപ്പിച്ച പ്രമേയം സമ്മേളനം ഐകകണ്ഠ്യേന പാസ്സാക്കി. സഖാവ് കെ.രാധാകൃഷ്ണയുടെ പ്രസംഗം സഖാവ് പി.എസ്.ബാബു പരിഭാഷപ്പെടുത്തി. സഖാവ് ശിബ്ദാസ് ഘോഷിനെക്കുറിച്ചുള്ള ഗാനാലാപനത്തോടെ ആരംഭിച്ച യോഗനടപടികൾ തൊഴിലാളിവർഗ്ഗത്തിന്റെ സാർവ്വദേശീയ ഗാനത്തോടെ സമാപിച്ചു. യോഗത്തിന് മുന്നോടിയായി നഗരത്തിൽ ആവേശകരമായ പ്രകടനം നടന്നു.

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം അഭിമുഖീകരിക്കുന്ന ദേശീയവും സാർവ്വദേശീയവും സംഘടനാപരവുമായ വെല്ലുവിളികൾ ശിബ്ദാസ് ഘോഷ് ചിന്തയുടെ വെളിച്ചത്തിൽ സഖാവ് രാധാകൃഷ്ണ വിശകലനം ചെയ്തു.

**സഖാവ് രാധാകൃഷ്ണയുടെ പ്രസംഗത്തിന്റെ സംഗ്രഹം**

ഭൂമിശാസ്ത്രപരമായ ദേശീയതയെ ആർഎസ്എസ് അംഗീകരിക്കുന്നില്ല. സാംസ്കാരികദേശീയത അഥവാ ഹിന്ദു ദേശീയത എന്നതാണ് അവരുടെ പ്രമാണം. അതുകൊണ്ടുതന്നെ സ്വാതന്ത്ര്യസമരത്തെ അവർ പിന്തുണച്ചിരുന്നില്ല, ബ്രിട്ടനെ എതിർത്തിരുന്നില്ല, ഗാന്ധിജി, നേതാജി, ഭഗത് സിംഗ് തുടങ്ങിയ നേതാക്കളെയൊന്നും അംഗീകരിച്ചിരുന്നുമില്ല. ക്വിറ്റ് ഇന്ത്യ സമരത്തെപ്പോലും അവർ തള്ളിപ്പറഞ്ഞു. എന്നാൽ ഇന്ത്യയിലെ ജനങ്ങളൊന്നടങ്കം സ്വാതന്ത്ര്യസമരത്തോടൊപ്പമായിരുന്നു എന്നതുകൊണ്ട് ജനങ്ങളുടെ മനസ്സിൽ ഇടംപിടിക്കാൻ ആർഎസ്എസിന് സാധിച്ചില്ല. മാത്രവുമല്ല, ലോകസാഹചര്യവും ആർഎസ്എസിന്റെ വളർച്ചയ്ക്ക് സഹായകമായിരുന്നില്ല. ലോകമെങ്ങും ജനങ്ങളുടെ മുന്നേറ്റങ്ങൾ, സ്വാതന്ത്ര്യസമരങ്ങൾ, സർവ്വോപരി സോഷ്യലിസ്റ്റ് രാജ്യങ്ങളുടെയും കമ്മ്യൂണിസ്റ്റ് ആശയത്തിന്റെയും സ്വാധീനം എന്നിവയും നിലനിന്നിരുന്നു. ഇതെല്ലാം ആർഎസ്എസിന്റെ വളർച്ചയ്ക്ക് വിഘാതമായി നിലകൊണ്ടു.

എന്നാൽ 1990ൽ ലോകസാഹചര്യം മാറി. സോഷ്യലിസ്റ്റ് ചേരി തകർക്കപ്പെട്ടു. ലോകമെമ്പാടും പ്രതിലോമത്വം വീശിയടിച്ചു. അതോടെ, ഹിന്ദുത്വ പ്രത്യയശാസ്ത്രം സ്വാധീനം ചെലുത്താനും ജനങ്ങളെ വഴിതെറ്റിക്കാനും തുടങ്ങി. കോൺഗ്രസ്സ് ദുർബ്ബലവും ആ ശൂന്യത നികത്താൻ ഇടത് എന്ന് അറിയപ്പെട്ട സിപിഐ(എം), സിപിഐ പാർട്ടികൾ അശക്തരുമായതോടെ മുതലാളി വർഗ്ഗത്തിന്റെ പിന്തുണയോടെ ബിജെപി മുന്നേറ്റമാരംഭിച്ചു.

1975ൽ ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ഇത് വിപരീത ഫലമാണ് ഉളവാക്കിയത്. ജനരോഷം മുതലാളിത്തവ്യവസ്ഥിതിയുടെ നിലനിൽപ്പിനെത്തന്നെ ദോഷകരമായി ബാധിക്കും എന്നു ഭയന്ന മുതലാളിവർഗ്ഗം ദ്വികക്ഷി സമ്പ്രദായത്തിലൂടെ ജനങ്ങളെ കബളിപ്പിക്കാനും മുതലാളിത്ത ഭരണം നിർബാധം തുടരാനും പുതിയ മാർഗ്ഗം കണ്ടെത്തി. കോൺഗ്രസിന് ബദലായി വന്ന ജനതാ പാർട്ടിയുടെ പരീക്ഷണം പരാജയപ്പെട്ടതോടെ ബിജെപിയുടെ വളർച്ച മുതലാളിവർഗ്ഗത്തിന്റെ ആവശ്യകതയായി മാറി.

ബിജെപി ഭരണത്തിന്റെ തനിനിറവും ഇന്ന് വ്യക്തമായി കഴിഞ്ഞിരിക്കുന്നു. തകർച്ചയിൽ നിന്നും തകർച്ചയിലേയ്ക്ക് കൂപ്പുകുത്തുന്ന ഒരു ചിത്രമാണ് സമ്പദ്‌രംഗം ഇന്ന് വ്യക്തമാക്കുന്നത്. ജിഡിപി വളർച്ച താഴോട്ടാണ്. ബിജെപിയുടെ നിശിതവിമർശകരായി മുതലാളിമാർപോലും രംഗത്തുവന്നിരിക്കുന്നു. പ്രതിസന്ധി പരിഹരിക്കാൻ മുതലാളിത്തം ആവിഷ്ക്കരിക്കുന്ന നടപടികൾ പ്രതിസന്ധി മൂർച്ഛിപ്പിക്കാനേ ഉതകൂ എന്ന് സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാട്ടിയത് ഇന്ന് യാഥാർത്ഥ്യമായിത്തീർന്നിരിക്കുന്നു.

പ്രതിസന്ധി മറികടക്കാനുള്ള മുതലാളിത്തത്തിന്റെ അവസാന ആയുധവും ആശ്രയവുമാണ് ഫാസിസം. ലോകമുതലാളിത്തത്തിന്റെ രണ്ടാം പൊതുക്കുഴപ്പത്തിന്റെ കാലത്ത് രക്ഷകനായി അവതരിച്ചത് ഹിറ്റ്ലറാണ്. സൂപ്പർമാന്റെ പരിവേഷമായിരുന്നു ഹിറ്റ്ലർക്ക്. അന്ധവും ഭ്രാന്തവുമായ ദേശീയ ബോധം ഹിറ്റ്ലർ പരമാവധി ആളിക്കത്തിച്ചു. ജൂതൻമാർക്കെതിരെ കൈക്കൊണ്ട നടപടികൾ സമാനതയില്ലാത്തക്രൂരതകളായിരുന്നു.

ഇന്ത്യയിൽ ക്വിറ്റ് ഇന്ത്യ പ്രക്ഷോഭത്തിന്റെ കാലമായിരുന്നു അത്. രണ്ടാം ലോകമഹായുദ്ധത്തിൽ സോവിയറ്റ് യൂണിയന്റെ സഖ്യകക്ഷിയായിരുന്നു ബ്രിട്ടൻ എന്ന വിചിത്രവാദമുയർത്തി സിപിഐ ക്വിറ്റ് ഇന്ത്യ സമരത്തെ തള്ളിപ്പറഞ്ഞു, ബ്രിട്ടനെ പിന്തുണച്ചു. ഇന്ത്യയിൽ ഇടതുപക്ഷ മുന്നേറ്റത്തിനുണ്ടായ വലിയ തിരിച്ചടിയായിരുന്നു അത്. സിപിഐയെ മാത്രമല്ല, കമ്മ്യൂണിസത്തെത്തന്നെ ജനങ്ങൾ സംശയത്തിന്റെ നിഴലിൽ നിർത്തി. സഖാവ് ശിബ്ദാസ് ഘോഷ് സിപിഐയുടെ നടപടിയെ അതിനിശിതമായി വിമർശിച്ചു. ക്വിറ്റ് ഇന്ത്യ സമരത്തിൽ നിന്നും വിട്ടുനിൽക്കുകവഴി സിപിഐ സ്വാതന്ത്ര്യസമരത്തെ നിരുപാധികം കോൺഗ്രസ്സിന് അടിയറവച്ചു.

ഇന്ന് രാജ്യം കടന്നുപോകുന്ന ഈ കടുത്ത പ്രതിസന്ധിയിലും സിപിഐ സിപിഐ(എം) പ്രസ്ഥാനങ്ങളുടെ മുൻകൈയിൽ ഒരു ബഹുജന മുന്നേറ്റം കാണാനില്ല. അവർ സമരപാത സമ്പൂർണ്ണമായും വെടിഞ്ഞിരിക്കുന്നു. സിപിഐയും സിപിഐ(എം)ഉം കമ്മ്യൂണിസ്റ്റ് പാർട്ടികളല്ല എന്ന സഖാവ് ശിബ്ദാസ് ഘോഷിന്റെ വിശകലനം മേൽക്കുമേൽ ശരിവയ്ക്കപ്പെടുകയാണ് ഓരോ നിലപാടുകളിലൂടെയും.

ലോകസാമ്രാജ്യത്വം കടുത്ത വെല്ലുവിളികളിലൂടെയാണ് കടന്നുപോകുന്നത്. സാമ്രാജ്യത്വ ക്യാമ്പിന്റെ ക്യാപ്റ്റൻ അമേരിക്ക ആടിയുലയുകയാണ്. യൂറോപ്പാകട്ടെ പ്രത്യേക ഗ്രൂപ്പുണ്ടാക്കിയിട്ടും നാണയമിറക്കിയിട്ടും രക്ഷപ്പെടുന്നില്ല. സോഷ്യലിസ്റ്റ് ചേരി തകർന്നിട്ടും മുതലാളിത്തത്തിന് രക്ഷയില്ലെന്നർത്ഥം.

ഇനി മറ്റൊന്ന്, സ്റ്റാലിനുശേഷം സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം റിവിഷനിസ്റ്റ് ആയി. പാർട്ടിയും ക്രമേണ സോവിയറ്റ് യൂണിയനും തകർന്നു. മാവോയ്ക്കുശേഷം ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും ഗതി മറ്റൊന്നായിരുന്നില്ല. ഈ സംഭവവികാസങ്ങൾക്കും സഖാവ് ശിബ്ദാസ് ഘോഷ് വ്യക്തമായ വിശദീകരണം നൽകിയിട്ടുണ്ട്. സോവിയറ്റ് ചൈനീസ് വിപ്ലവങ്ങൾ മാനവവാദത്തിന്റെയും ദേശീയതാ സങ്കൽപ്പത്തിന്റെയും പുഷ്ക്കല കാലത്താണ് നടന്നത്. എന്നാൽ ലോകമുതലാളിത്തം മൂന്നാം പൊതുക്കുഴപ്പത്തിൽ അകപ്പെട്ടിരിക്കുന്ന ഇന്ന് വ്യക്തിവാദം അങ്ങേയറ്റം ദുഷിച്ചതായിരിക്കുന്നു, ദേശീയത സങ്കൽപ്പം അറുപിന്തിരിപ്പനുമായിരിക്കുന്നു. ആയതിനാൽ കമ്മ്യൂണിസ്റ്റുകളെ സംബന്ധിച്ചിടത്തോളം വ്യക്തിതാൽപ്പര്യത്തെ സമൂഹത്തിന്റെ താൽപര്യവുമായി താദാത്മ്യപ്പെടുത്തുക എന്ന സമരമാണ് ഇന്ന് വേണ്ടത് എന്ന് സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാണിച്ചു.

വ്യക്തിവാദത്തിന്റെ അവശേഷിപ്പുകൾ സൂക്ഷ്മാംശത്തിലുള്ളതാണെങ്കിൽപ്പോലും അതിനെതിരെ ബോധപൂർവ്വമായ സമരം നടത്തുന്നില്ലെങ്കിൽ അത് സോഷ്യലിസ്റ്റ് വ്യക്തിവാദത്തിന് കളമൊരുക്കുമെന്നും സാമൂഹികതയുടെ സംസ്കാരം ആർജ്ജിക്കുന്നതിലൂടെ മാത്രമേ സോഷ്യലിസ്റ്റ് വ്യക്തിവാദത്തെ ഇല്ലായ്മ ചെയ്യാനാകൂ എന്നും സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാട്ടി.

സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകളുടെ പ്രധാന്യം വർദ്ധിച്ചുവരുന്ന ലോകസാഹചര്യമാണിന്നുള്ളത്. നമ്മുടെ രാജ്യത്തും ജനങ്ങൾക്ക് പ്രതീക്ഷ നൽകിക്കൊണ്ട് മുന്നേറുന്ന ഒരേയൊരു പ്രസ്ഥാനം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയാണ്. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ട് അധ്വാനിച്ച് ജീവിക്കുന്ന ജനവിഭാഗങ്ങളൊന്നാകെ മുന്നോട്ട് വരേണ്ട അടിയന്തര സാഹചര്യമാണ് ഇന്നുള്ളതെന്ന് സഖാവ് രാധാകൃഷ്ണ ഓർമ്മിപ്പിച്ചു. ■




അനുസ്മരണ സമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പൊളിറ്റ്ബ്യൂറോ അംഗം സഖാവ് കെ.രാധാകൃഷ്ണ മുഖ്യപ്രഭാഷണം നടത്തുന്നു

## നാഷണൽ മെഡിക്കൽ കമ്മീഷൻ ബില്ലിനെതിരെ ഡോക്ടർമാർ നടത്തുന്ന സമരത്തെ പിന്തുണയ്ക്കുക

**മെ**ഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ(എംസിഐ) പിരിച്ചുവിട്ട് പകരം നാഷണൽ മെഡിക്കൽ കമ്മീഷൻ(എൻഎംസി) കൊണ്ടുവരാൻ മോദി സർക്കാർ അവതരിപ്പിച്ച മെഡിക്കൽ കമ്മീഷൻ ബിൽ അങ്ങേയറ്റം ജനാധിപത്യവിരുദ്ധമാണെന്ന് എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി സഖാവ് വി.വേണുഗോപാൽ പ്രസ്താവിച്ചു. രാജ്യമെമ്പാടും ഡോക്ടർമാർ ഉയർത്തിയ എതിർപ്പിനെ അവഗണിച്ചുകൊണ്ട്, പാർലമെന്റിലെ മൃഗീയ ഭൂരിപക്ഷം ഉപയോഗപ്പെടുത്തി ബിൽ നിയമമാക്കാനാണ് മോദി സർക്കാർ ശ്രമിച്ചത്. എൻഎംസി എന്നത് പൂർണ്ണമായും നോമിനേറ്റ് ചെയ്യപ്പെട്ട ഒരു സമിതിയാണ്. ഇതിന്റെ ഒരേയൊരു ഉദ്ദേശം മെഡിക്കൽ വിദ്യാഭ്യാസവും ആരോഗ്യരംഗവും സമ്പൂർണ്ണമായി സ്വകാര്യവത്കരിക്കുക എന്നതാണ്. ജനകീയാരോഗ്യത്തിന് വലിയ പ്രഹരമേൽപ്പിക്കാൻപോന്ന ഈ നിയമത്തിനെതിരെ രാജ്യവ്യാപകമായി ഡോക്ടർമാർ നടത്തുന്ന സമരത്തിന് പൊതുസമൂഹം ഒന്നടങ്കം പിന്തുണ നൽകണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. ■

എസ്‌യുസിഐ(സി)
മുഖപത്രം
യൂണിറ്റി
വായിക്കുക...
വരിക്കാരാകുക...
വരിസംഖ്യ 100 രൂപ

# ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ അഹമ്മദാബാദിലും ചെന്നൈയിലും സമ്മേളനങ്ങൾ

ആൾ ഇന്ത്യ സേവ് എജ്യുക്കേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 'ദേശീയ വിദ്യാഭ്യാസ നയം 2019' ചർച്ചചെയ്തുകൊണ്ട് അഹമ്മദാബാദിലും ചെന്നൈയിലും സമ്മേളനങ്ങൾ നടന്നു. രണ്ടാം എൻഡിഎ സർക്കാർ അധികാരത്തിലേറിയ ഉടൻതന്നെ ഒരു പുതിയ വിദ്യാഭ്യാസ നയത്തിന്റെ കരടുമായി രംഗത്ത് വന്നിരിക്കുകയാണ്. മതിയായ ചർച്ചകൾ ഇല്ലാതെ, വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്നവരുടെ അഭിപ്രായം ആരായാതെയാണ് ഇത്തരമൊരു നീക്കം നടന്നിരിക്കുന്നത്. വിദ്യാഭ്യാസ പ്രക്രിയയുടെ അന്തസ്സത്തയെ തന്നെ ചോർത്തിക്കളയുകയും ഭരണകക്ഷിയുടെ നിക്ഷിപ്ത താല്പര്യം അടിച്ചേല്പിക്കുകയും ചെയ്യുന്ന പരിഷ്കാരങ്ങൾ ആണ് ബില്ലിൽ ഉൾപ്പെട്ടിരിക്കുന്നത്. വിദ്യാഭ്യാസത്തിന്റെ ഫെഡറൽ സ്വഭാവം ഇല്ലാതാക്കി കേന്ദ്രീകരണം ഉറപ്പാക്കുകയും സ്വകാര്യവത്കരണത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന നയം, 200ലധികം വിദേശ സർവകലാശാലകളെ ഇന്ത്യയിലേക്ക് ആനയിക്കുന്നു. യൂണിവേഴ്സിറ്റികളുടെ ജനാധിപത്യപരമായ നടത്തിപ്പിനും വിഘാതം സൃഷ്ടിക്കുന്ന കരട് നയം തള്ളിക്കളയണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. ഇതിനെതിരെ രാജ്യവ്യാപകമായ പ്രക്ഷോഭണം വളർത്തിയെടുക്കുമെന്നും പ്രഖ്യാപിച്ചു.




ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ ചെന്നൈയിൽ നടന്ന സെമിനാറിൽ സേവ് എഡ്യുക്കേഷൻ കമ്മിറ്റി കേരള സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ പ്രസംഗിക്കുന്നു

അഹമ്മദാബാദിലെ ഗുജറാത്ത് വിദ്യാപീഠ്ൽ വെച്ച് 2019 ജൂലൈ 28നു നടന്ന ദേശീയ സമ്മേളനത്തിൽ പ്രമുഖ മാദ്ധ്യമപ്രവർത്തകനും സേവ് എജ്യുക്കേഷൻ കമ്മിറ്റിയുടെ ദേശീയ പ്രസിഡന്റുമായ പ്രകാശ്ഭായ് എൻ.ഷാഹ് അദ്ധ്യക്ഷത വഹിച്ചു. സേവ് എജ്യുക്കേഷൻ കമ്മിറ്റി ദേശീയ സെക്രട്ടറി അനീസ് കുമാർ റേ, പ്രൊഫ. സ്വാതിബെൻ ജോഷി, ഡോ.നികുൽ പട്ടേൽ, ഡോ. അമിത് ദോലക്കിയ, ശാർദാ ദീക്ഷിത്, എം.ഷാജർ ഖാൻ(കേരളം), രാജശേഖർ (കർണാടകം), പ്രൊഫ.പ്രദീപ് മഹാപാത്ര(അസം), ഡോ.തരുൺകാന്തി നസ്കർ, ദേബാശിഷ് റായ്(പശ്ചിമ ബംഗാൾ), രാജ്കുമാർ ചൗധരി(ബീഹാർ), ഡോ.അമീന്ദർപാൽ സിംഗ്(പഞ്ചാബ്), ഡോ.രാമാവതാർ ശർമ(മധ്യപ്രദേശ്) തുടങ്ങിയവർ പങ്കെടുത്തു.

മദ്രാസ് യൂണിവേഴ്സിറ്റിയിലെ പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് കൊണ്ട് 2019 ജൂലൈ 25ന് നടന്ന തമിഴ്നാട് സംസ്ഥാന കൺവൻഷനിൽ, സംസ്ഥാനത്തെ വിദ്യാഭ്യാസ മുന്നേറ്റങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന പ്രൊഫ.കെ.യോഗരാജ വിഷയം അവതരിപ്പിച്ചു. സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന കൺവീനർ എസ്.എച്ച്. തിലഗർ മോഡറേറ്ററായിരുന്നു. വിദ്യാഭ്യാസത്തിന്റെ സമ്പൂർണ്ണമായ കച്ചവടവത്കരണവും കേന്ദ്രീകരണവും ലക്ഷ്യം വെയ്ക്കുന്ന ഫാസിസ്റ്റ് പരിഷ്കാരമാണ് ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ രാജ്യത്ത് നടപ്പിലാക്കാൻ പോകുന്നതെന്നും ഈ അത്യാപത്തിനെതിരെ വിദ്യാഭ്യാസ സ്നേഹികളുടെയും ജനാധിപത്യ വിശ്വാസികളുടെയും പ്രതിഷേധം ഉയർന്നു വരണമെന്നും സമ്മേളനം അഭിപ്രായപ്പെട്ടു.

എം.ഷാജർഖാൻ, പ്രൊഫ.പി.ശിവകുമാർ, പ്രൊഫ.എ.കരുണാനന്ദൻ, പ്രൊഫ.ആർ.മണിവണ്ണൻ, പ്രൊഫ.ആർ.മുരളി, പ്രൊഫ.ജെ.ഗാന്ധിരാജ്, പ്രൊഫ.അരുൾ അറാം, എം.ജെ.വോൾട്ടയർ എന്നിവർ പ്രസംഗിച്ചു. ■

# ജാലിയൻവാലാബാഗ് ശതാബ്ദി ആചരണം

ബ്രിട്ടീഷ് സാമ്രാജ്യത്വം ഇന്ത്യൻ സ്വാതന്ത്ര്യസമര പോരാളികൾക്കുനേരെ നടത്തിയ ഏറ്റവും പൈശാചികമായ ആക്രമണമായിരുന്നു ജാലിയൻവാലാബാഗ്. റൗലറ്റ് ആക്റ്റിനെതിരെ ഉയർന്നുവന്ന ജനകീയ പ്രതിഷേധത്തെ ചോരയിൽ മുക്കിക്കൊല്ലുകയായിരുന്നു ബ്രിട്ടീഷ് ഭരണകൂടത്തിന്റെ ലക്ഷ്യം. ആയിരത്തിലധികം സ്വാതന്ത്ര്യ സമര സേനാനികളെ വെടിവെച്ചു കൊന്നെങ്കിലും ഇന്ത്യയിലെ വിപ്ലവകാരികളുടെ പോരാട്ട വീര്യത്തെ ജാലിയൻവാലാബാഗ് സംഭവം ജ്വലിപ്പിക്കുകയാണുണ്ടായത്. ഭഗത് സിംഗിനെയും ഉദ്ധം സിംഗിനെയും പോലുള്ള അനേകം വിപ്ലവകാരികൾ, മാതൃരാജ്യത്തിനു വേണ്ടി സർവ്വതും ത്യജിച്ച് സ്വാതന്ത്ര്യ സമരത്തിലേക്ക് കടന്നുവരുന്നതിന് ജാലിയൻവാലാബാഗ് പ്രചോദനമായി.

ജാലിയൻവാലാബാഗ് സംഭവത്തിന്റെ ചരിത്രപ്രാധാന്യം വിശദീകരിച്ചു കൊണ്ട് ആൾ ഇൻഡ്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ വിവിധ ജില്ലകളിൽ ശതാബ്ദി ആചരണ പരിപാടികൾ സംഘടിപ്പിച്ചു.

കണ്ണൂർ പബ്ലിക് ലൈബ്രറിയിൽ നടന്ന ശതാബ്ദി ആചരണ സമ്മേളനം കവിയും രാഷ്ട്രീയ നിരീക്ഷകനുമായ കെ.സി.ഉമേഷ് ബാബു ഉദ്ഘാടനം ചെയ്തു. എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശ് വിഷയാവതരണം നടത്തി. ജില്ലാ പ്രസിഡന്റ് സഖാവ് പി.സി.വിവേക് അധ്യക്ഷത വഹിച്ച യോഗത്തിൽ എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് സഖാവ് ബിനു ബേബി, ഇ.സനൂപ്, ആർ.അപർണ എന്നിവർ പ്രസംഗിച്ചു.യോഗത്തിന് മുന്നോടിയായി നടന്ന സംഘ ചിത്രരചന സഖാവ് ബിനു ബേബി ഉദ്ഘാടനം ചെയ്തു. നിരവധി ചിത്രകാരന്മാർ പങ്കെടുത്തു.



കണ്ണൂരിൽ ജൂലൈ 16ന് നടന്ന ചർച്ചാ സമ്മേളനം കെ.സി.ഉമേഷ് ബാബു ഉദ്ഘാടനം ചെയ്യുന്നു

കോട്ടയത്ത് വൈക്കം മുഹമ്മദ് ബഷീർ സ്മാരക ഹാളിൽ ഉദ്ധം സിംഗ് രക്തസാക്ഷിത്വ ദിനാചരണവും ജാലിയൻവാലാബാഗ് ശതാബ്ദി ആചരണവും നടത്തി. എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്തു. എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് സഖാവ് എൻ.കെ.ബിജു മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പ്രസിഡന്റ് സഖാവ് രജിത ജയറാം അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ സെക്രട്ടറി സഖാവ് അനില ബോസ്, സഖാവ് വി.അരവിന്ദ് എന്നിവർ പ്രസംഗിച്ചു.

കൊല്ലം ജില്ലയിൽ അഞ്ചലിൽ നടന്ന ശതാബ്ദി ആചരണ സമ്മേളനം എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്തു. എഐഡിവൈഒ ജില്ലാ പ്രസിഡന്റ് സഖാവ് പി.പി.പ്രശാന്ത് കുമാർ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് സഖാവ് എൻ.കെ.ബിജു മുഖ്യപ്രഭാഷണം നടത്തി. എഐഡിവൈഒ ജില്ലാ സെക്രട്ടറി സഖാവ് കെ.മഹേഷ്കുമാർ, സഖാക്കൾ ജി.ധ്രുവകുമാർ, കെ.ശശാങ്കൻ എന്നിവരും പ്രസംഗിച്ചു. ■

# എൻഐഎ – യുഎപിഎ ഭേദഗതികൾ ഫാസിസ്റ്റ് സ്വഭാവത്തിലുള്ളത്

*എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് ജൂലൈ 29ന് പുറപ്പെടുവിച്ച പ്രസ്താവന*

കേന്ദ്രത്തിലെ ബിജെപി നയിക്കുന്ന എൻഡിഎ സർക്കാർ പാർലമെന്റിലെ മൃഗീയ ഭൂരിപക്ഷം ഉപയോഗിച്ചുകൊണ്ട് അടുത്തിടെ പാസ്സാക്കിയ യുഎപിഎ ബിൽ 2019നോട് ഞങ്ങൾ ശക്തമായി വിയോജിക്കുകയും അതിനെ അപലപിക്കുകയും ചെയ്യുന്നു. 1967ൽ അന്നത്തെ കോൺഗ്രസ്സ് സർക്കാർ കൊണ്ടുവന്ന യുഎപിഎ നിയമവും തുടർന്നുണ്ടായ എല്ലാ ഭേദഗതികളും വീണ്ടും ഭേദഗതി ചെയ്തുകൊണ്ടാണ് പുതിയ നിയമം കൊണ്ടുവന്നിരിക്കുന്നത്. ഏതൊരു വ്യക്തിയെയും ഭീകരവാദിയെന്ന് മുദ്രകുത്താൻ പുതിയ ബില്ലിലൂടെ സർക്കാരിന് കഴിയും. ദേശീയ അന്വേഷണ ഏജൻസി (എൻഐഎ) നിയമത്തിലാണ് മറ്റൊരു ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഭീകരവാദത്തിന്റെ പരിധിയിൽപ്പെടുന്നതാണെന്ന് തോന്നുന്ന എത് വിഷയത്തിലും, സംസ്ഥാന ഭരണനിർവ്വഹണ സംവിധാനത്തെ ഉൾപ്പെടുത്താതെ നേരിട്ട് അന്വേഷിക്കുവാനും, ഭീകരവാദത്തിലൂടെ സമാഹരിച്ചത് എന്ന് അന്വേഷണ ഏജൻസിക്ക് തോന്നുന്ന, ഏതൊരു വ്യക്തിയുടെയും സ്വത്തുവകകൾ കണ്ടുകെട്ടുവാനും റിമാൻഡ് കാലാവധി 14 ദിവസത്തിൽനിന്നും 30 ദിവസമാക്കി വർദ്ധിപ്പിക്കുവാനും ഈ നിയമത്തിലൂടെ സാധിക്കുന്നു. രാജ്യത്തെ ഭീകരവാദത്തിന്റെ വേര് പിഴുതെടുക്കുവാനെന്ന നാട്യത്തോടെയാണ് ഈ ഭേദഗതികളെല്ലാം കൊണ്ടുവരുന്നതെങ്കിലും ഇതുവഴി കേന്ദ്ര സർക്കാരിന് പരിധിയില്ലാത്ത അധികാരമാണ് കിട്ടുന്നത് എന്ന് വ്യക്തമാണ്. ഇതിലൂടെ ഏതൊരു എതിർശബ്ദത്തെയും, നിലവിലുള്ള ചൂഷണ വ്യവസ്ഥയ്ക്കെതിരായ ഏതൊരു പ്രതിഷേധത്തെയും ഇല്ലായ്മചെയ്യാനും ജനാധിപത്യ പ്രക്ഷോഭങ്ങളെ ദേശവിരുദ്ധമെന്നും രാജ്യദ്രോഹമെന്നും മുദ്രചാർത്തി നിർദ്ദാക്ഷിണ്യം അടിച്ചമർത്താനും കഴിയും. കൂടുതൽ അധികാര കേന്ദ്രീകരണത്തിലേക്കും ഭരണപരമായ ഫാസിസത്തിന്റെ ദൃഢീകരണത്തിലേക്കും ഇത് രാജ്യത്തെ നയിക്കും. കിരാതമായ ഈ ഫാസിസ്റ്റ് ആക്രമണത്തെ ചെറുക്കുവാനായി, രാജ്യവ്യാപകവും അതിശക്തവും സംഘടിതവും വീറുറ്റതുമായ ജനകീയ പ്രക്ഷോഭണം കെട്ടഴിച്ചുവിടുവാനായി മുന്നോട്ടുവരുവാൻ, ഇടത്-ജനാധിപത്യ പാർട്ടികളോടും ശക്തികളോടും നന്മകാംക്ഷിക്കുന്ന ജനാധിപത്യ മനസ്സുള്ള വ്യക്തികളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

# ബിജെപി സർക്കാരിന്റെ തൊഴിലാളിദ്രോഹ ലേബർ കോഡിനെതിരെ രാജ്യവ്യാപക പ്രതിഷേധം

കേന്ദ്ര ബിജെപി സർക്കാരിന്റെ തൊഴിൽനിയമ കശാപ്പിനെതിരെ 2019 അഗസ്റ്റ് 2ന് തൊഴിലാളികൾ രാജ്യവ്യാപകമായി വിവിധ പ്രതിഷേധ സമരങ്ങളുമായി തെരുവിലിറങ്ങി. ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന 44 സുപ്രധാന തൊഴിൽനിയമങ്ങൾ കോർപ്പറേറ്റ് താൽപ്പര്യങ്ങൾക്ക് ഇണങ്ങുംവിധം നാല് ലേബർ കോഡുകളാക്കി അട്ടിമറിച്ച മോദി സർക്കാരിന്റെ ഏകപക്ഷീയവും ഭരണഘടനാവിരുദ്ധവുമായ നടപടിക്കെതിരെ ആയിരുന്നു പ്രതിഷേധ സമരം. കേന്ദ്ര ട്രേഡ് യൂണിയനുകളുടെ എതിർപ്പിനെ ഒട്ടും വകവെക്കാതെയാണ് ആദ്യം ബജറ്റ് പ്രസംഗത്തിൽ പറയുകയും പിന്നീട്, ജൂലായ് 23ന് പാർലമെന്റിൽ രണ്ട് ലേബർ കോഡുകൾ അവതരിപ്പിക്കുകയും ചെയ്തത്. വേജ് കോഡ് ബിൽ 2019, ഒക്യുപ്പേഷണൽ സേഫ്റ്റി, ഹെൽത്ത് ആന്റ് വർക്കിംഗ് കണ്ടീഷൻസ് കോഡ് ബിൽ 2019 എന്നിവയാണ് ആ ബില്ലുകൾ. ഈ രണ്ട് ബില്ലുകളും സാർവ്വദേശീയമായും ദേശീയമായും തൊഴിലാളിവർഗ്ഗം രക്തംചിന്തി സുദീർഘ പോരാട്ടങ്ങളിലൂടെ നേടിയെടുത്ത അവകാശങ്ങൾ കവർന്നെടുക്കുന്നതാണ്.

15-ാം ഇന്ത്യൻ ലേബർ കോൺഫറൻസ് അംഗീകരിച്ചതും, സുപ്രീം കോടതി ഉത്തരവിലൂടെ ശരിവെച്ചതും, 45, 46 ഐഎൽസികൾ ഏകകണ്ഠമായി അംഗീകരിച്ചതുമായ വേതന ഗണന ഫോർമുല നിരാകരിക്കുന്നതാണ് വേജ് കോഡ്. ട്രേഡ് യൂണിയൻ പ്രതിനിധികളെ ഒഴിവാക്കിക്കൊണ്ട് കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ ദേശീയ മിനിമം വേജ് നിർദ്ദേശങ്ങളും ഇതിനെതിരാണ്. 2019 ജൂലായ് 10ന് കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രി പ്രതിമാസ മിനിമം വേതനം 4,628 രൂപയാണെന്ന് പ്രഖ്യാപിച്ചു. 2016 ജനുവരി 1 മുതൽ പ്രതിമാസ മിനിമം വേതനം 18,000 രൂപയായി 7-ാം കേന്ദ്ര ശമ്പള കമ്മീഷൻ പോലും പ്രഖ്യാപിച്ചിരിക്കുമ്പോഴാണ് ഈ നടപടി.

നിലനില്ലുള്ള 13 തൊഴിൽ നിയമങ്ങൾക്ക് പകരമായി കൊണ്ടുവന്നതാണ് 'ഒക്യുപേഷണൽ സേഫ്റ്റി, ഹെൽത്ത് ആന്റ് വർക്കിംഗ് കണ്ടീഷൻസ് ബിൽ 2019'. പത്തിലധികം പേർ പണിയെടുക്കുന്ന സ്ഥാപനങ്ങൾക്കാണ് ഈ നിയമം ബാധകമാകുക. ഇതിലൂടെ ഈ രംഗത്ത് പണിയെടുക്കുന്ന 90 ശതമാനം തൊഴിലാളികളും എല്ലാ തൊഴിലവകാശങ്ങൾക്കും പുറത്തായിരിക്കുകയാണ്. തൊഴിൽ സമയം 14 മണിക്കൂർവരെ വർദ്ധിപ്പിക്കുക, നിശ്ചിതകാല തൊഴിൽ പോലുള്ള ഹയർ ആന്റ് ഫയർ വ്യവസ്ഥ വ്യാപകമാക്കുക തുടങ്ങിയ കോർപ്പറേറ്റ് ആവശ്യങ്ങൾക്ക് വഴങ്ങിക്കൊണ്ടാണ് ഈ നടപടികളത്രയും. മാത്രമല്ല, ഇന്ത്യൻ റെയിൽവെ അടക്കം 46 പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാനുള്ള നടപടികൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു.

ബിഎംഎസ് ഒഴികെയുള്ള കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്ത വേദി ആഹ്വാനം ചെയ്ത ആഗസ്റ്റ് രണ്ടിന്റെ പ്രതിഷേധ പരിപാടി, കേരളത്തിൽ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും കേന്ദ്ര ഗവൺമെന്റ് ഓഫീസുകൾക്കു മുമ്പിൽ മാർച്ചും ധർണ്ണയും നടത്തിക്കൊണ്ട് സംഘടിപ്പിച്ചു. തിരുവനന്തപുരത്ത് ജിപിഒ ഓഫീസ് മാർച്ചാണ് നടന്നത്. പാളയം മാക്കറ്റിനുമുമ്പിൽനിന്നും പ്രകടനം ആരംഭിച്ചു. ജിപിഒയ്ക്ക് മുമ്പിൽ സിഐറ്റിയു സംസ്ഥാന പ്രസിഡണ്ട് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. എഐയുറ്റിയുസിയെ പ്രതിനിധീകരിച്ച് സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ പ്രസംഗിച്ചു. സംസ്ഥാന ട്രഷറർ സഖാവ് ഹരി, ജില്ലാ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ ആർ.ബിജു, ജി.ആർ.സുഭാഷ്, കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ ജില്ലാ കൺവീനർ സഖാവ് എസ്.മിനി തുങ്ങിയവർ മാർച്ചിന് നേതൃത്വം നൽകി.



ട്രേഡ് യൂണിയൻ സംയുക്തവേദിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് നടന്ന ജിപിഒ മാർച്ചിൽ എഐയുറ്റിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ പ്രസംഗിക്കുന്നു



കൊച്ചിൻ ഷിപ്പ്യാർഡിനുമുമ്പിൽ നടന്ന പ്രതിഷേധ ധർണ്ണയിൽ എഐയുറ്റിയുസി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് എൻ.ആർ.മോഹൻകുമാർ പ്രസംഗിക്കുന്നു

കൊല്ലത്ത് ചിന്നക്കടയിൽനിന്നും പ്രകടനം ആരംഭിച്ചു. ഹെഡ് പോസ്റ്റാഫീസിനു മുമ്പിൽ സമാപിച്ചു. എഐയുറ്റിയുസി സംസ്ഥാന വൈസ് പ്രസിഡണ്ട് സഖാവ് എസ്.രാധാകൃഷ്ണൻ പ്രസംഗിച്ചു. ജില്ലാ കമ്മിറ്റി അംഗം സഖാവ് ബി.രാമചന്ദ്രൻ നേതൃത്വം നൽകി.

ആലപ്പുഴ നഗര ചത്വരത്തിൽനിന്നും പ്രകടനം ആരംഭിച്ചു. ബിഎസ്എൻഎൽ ഓഫീസിനുമുമ്പിൽ സമാപിച്ചു. എഐയുറ്റിയുസി ജില്ലാ പ്രസിഡണ്ട് സഖാവ് കെ.ആർ.ശശി പ്രസംഗിച്ചു. ജില്ലാ സെക്രട്ടറി സഖാവ് പി.ആർ.സതീശൻ, ജില്ലാ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ എം.എ.ബിന്ദു, എൻ.കെ.ശശികുമാർ, കെ.പി.സുബൈദ, കെ.ആർ.ഓമനക്കുട്ടൻ എന്നിവർ പ്രകടനത്തിന് നേതൃത്വം നൽകി.

കോട്ടയത്ത് ബിഎസ്എൻഎൽ ഓഫീസ് മാർച്ചാണ് നടന്നത്. ജില്ലാ ആശുപത്രി പരിസരത്തുനിന്നും പ്രകടനം ആരംഭിച്ചു. എഐയുറ്റിയുസി സംസ്ഥാനകമ്മിറ്റി അംഗം സഖാവ് എ.ജി.അജയകുമാർ പ്രസംഗിച്ചു. സംയുക്ത ട്രേഡ് യൂണിയൻ ജില്ലാ കൺവീനറും എഐയുടിയുസി ജില്ലാ സെക്രട്ടറിയുമായ സഖാവ് വി.പി.കൊച്ചുമോൻ കൃതജ്ഞത പറഞ്ഞു. ജില്ലാ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ എം.കെ.കണ്ണൻ, കെ.എൻ.രാജൻ, കെ.എസ്.ചെല്ലമ്മ എന്നിവർ നേതൃത്വം നൽകി.

എറണാകുളം, കൊച്ചിൻ ഷിപ്പിയാർഡിനുമുമ്പിൽ പ്രതിഷേധ ധർണ നടന്നു. എഐയുറ്റിയുസി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് എൻ.ആർ.മോഹൻകുമാർ പ്രസംഗിച്ചു. ജില്ലാ സെക്രട്ടറി സഖാവ് പി.എം.ദിനേശൻ, ജില്ലാകമ്മറ്റി അംഗങ്ങളായ സഖാക്കൾ കെ.ഒ.ഷാൻ, സി.കെ.രാജേന്ദ്രൻ, സി.കെ.ശിവദാസൻ എന്നിവർ നേതൃത്വം നൽകി.

തൃശ്ശൂരിൽ നടന്ന എജീസ് ഓഫീസ് മാർച്ചിൽ എഐയുറ്റിയുസി ജില്ലാ പ്രസിഡണ്ട് സഖാവ് ബെന്നി ബോണിഫസ് പ്രസംഗിച്ചു. ജില്ലാ സെക്രട്ടറി സഖാവ് ഒ.കെ.വൽസലൻ, എഐപിഎഫ് സംസ്ഥാന ട്രഷറർ കെ.വി.രാജീവൻ, കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ നേതാവ് സജീവൻ പണിക്കശ്ശേരി, എഐയുറ്റിയുസി ജില്ലാ വൈസ് പ്രസിഡണ്ട് സഖാവ് സി.ആർ.ഉണ്ണികൃഷ്ണൻ എന്നിർ നേതൃത്വം നൽകി.

പത്തനംതട്ടയിൽ ഹെഡ് പോസ്റ്റാഫീസ് മാർച്ചും ധർണ്ണയും നടന്നു. എഐയുറ്റിയുസി ജില്ലാ പ്രസിഡണ്ട് സഖാവ് എസ്.രാജീവൻ പ്രസംഗിച്ചു. വയനാട്ടിൽ, കല്പറ്റയിൽ നടന്ന ബിഎസ്എൻഎൽ ഓഫീസ്സ് മാർച്ചിലും ധർണ്ണയിലും എഐയുറ്റിയുസിയെ പ്രതിനിധീകരിച്ച് അഡ്വ.റ്റി.ജെ.ഡിക്സൺ പ്രസംഗിച്ചു. പാലക്കാട് അഞ്ചുവിളക്കിൽനിന്നും പ്രകടനം ആരംഭിച്ചു. ഹെഡ് പോസ്റ്റാഫീസ്സിനു മുമ്പിൽ സമാപിച്ചു. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് കെ.അബ്ദുൾ അസീസ് പ്രസംഗിച്ചു. കോഴിക്കോട് നടന്ന ജിഎസ്റ്റി ഓഫീസ് മാർച്ചിൽ എഐയുറ്റിയുസി ജില്ലാ സെക്രട്ടറി സഖാവ് പി.എം.ശ്രീകുമാർ പ്രസംഗിച്ചു. കണ്ണൂരിൽ നടന്ന ഹെഡ് പോസ്റ്റാഫീസ് ധർണ്ണയിൽ എഐയുറ്റിയുസി ജില്ലാ പ്രസിഡണ്ട് സഖാവ് എം.കെ.ജയരാജൻ പ്രസംഗിച്ചു. ജില്ലാ സെക്രട്ടറി സഖാവ് അനൂപ് ജോൺ, സഖാക്കൾ അഡ്വ. പി.സി.വിവേക്, വി.രാമചന്ദ്രൻ, വിജേഷ് എന്നിവർ നേതൃത്വം നൽകി. ■

## വിദ്യാഭ്യാസവായ്പാ കടക്കെണി: പ്രധാനമന്ത്രിക്ക് കത്തയച്ചു




നന്ദനൻ വലിയപറമ്പ് മാർച്ച് ഉദ്ഘാടനം ചെയ്യുന്നു

വിദ്യാഭ്യാസ വായ്പ എടുത്ത് വിവിധ കോഴ്സുകൾ പഠിച്ചിറങ്ങിയെങ്കിലും ജോലി കിട്ടാതെ വന്നതിനാൽ തിരിച്ചടവ് മുടങ്ങിയ വിദ്യാർത്ഥികളുടെ കുടുംബങ്ങൾ പ്രധാനമന്ത്രിക്ക് രജിസ്റ്റേർഡ് കത്തയച്ചു. ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷന്റെയും ജപ്തിവിരുദ്ധ സമിതിയുടേയും സംയുക്ത ആഭിമുഖ്യത്തിൽ ചേർത്തല ഹെഡ് പോസ്റ്റ് ഓഫീസിലേയ്ക്ക് മാർച്ച് നടത്തിയാണ് കത്തുകൾ അയച്ചത്. ഐഎൻപിഎ ജില്ലാ പ്രസിഡന്റ് നന്ദനൻ വലിയപറമ്പ് മാർച്ച്ഉദ്ഘാടനം ചെയ്തു. ചേർത്തല മേഖലാ പ്രസിഡന്റ് ടി.കെ.തോമസ് അദ്ധ്യക്ഷത വഹിച്ച പ്രതിഷേധ യോഗത്തിൽ കെ.പി.മനോഹരൻ, എൻ.കെ.ശശികുമാർ, പി.ബാബു, സി.കെ.ജയമ്മ, കെ.എ.വിനോദ്, കെ.സോമൻ എന്നിവർ പ്രസംഗിച്ചു. ■




ആശാ വർക്കർമാർക്ക് എല്ലാ മാസവും 5-ാം തീയതിക്കകം വേതനം നൽകുക, 4 മാസത്തെ വേതന കുടിശ്ശിക ഉടൻ തീർത്ത് നൽകുക, ആശാ വർക്കർമാരെ ആരോഗ്യമേഖലയിൽ സ്ഥിരം ജീവനക്കാരായി നിയമിക്കുക എന്നീ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ജൂലൈ 27ന് നടന്ന സെക്രട്ടേറിയറ്റ് മാർച്ച്

## 'പ്രളയാനന്തര കേരളം' പ്രഭാഷണം സംഘടിപ്പിച്ചു



ഡോ.വി.എസ്.വിജയൻ പ്രഭാഷണം നടത്തുന്നു

**എസ്**‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ കുണ്ടറ ലോക്കൽകമ്മിറ്റി സെക്രട്ടറിയും ജില്ലാ കമ്മിറ്റിയംഗവും കുണ്ടറയിലെ സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ രംഗങ്ങളിൽ സജീവസാന്നിദ്ധ്യവുമായിരുന്ന സഖാവ് ജി.രവീന്ദ്രന്റെ ഏഴാം അനുസ്മരണ സമ്മേളനം കുണ്ടറ വ്യാപാരഭവനിൽ ജൂലൈ 14ന് ജി.രവീന്ദ്രൻ അനുസ്മരണ സമിതിയുടെ ആഭിമുഖ്യത്തിൽ നടക്കുകയുണ്ടായി. അനുസ്മരണത്തിന്റെ ഭാഗമായി, ഗാഡ്ഗിൽ കമ്മിറ്റിയംഗമായിരുന്ന പ്രശസ്ത പരിസ്ഥിതി ശാസ്ത്രജ്ഞൻ ഡോ.വി.എസ്.വിജയൻ 'പ്രളയവും പ്രളയാനന്തര സാഹചര്യവും പരിസ്ഥിതിയും' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. ഗാഡ്ഗിൽ കമ്മീഷന്റെ നിർദ്ദേശങ്ങൾ തള്ളിക്കളഞ്ഞതിലൂടെ കേരളം പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാൻ അശക്തമായിരിക്കുകയാണെന്നും കഴിഞ്ഞ വർഷം സംഭവിച്ച പ്രളയക്കെടുതിയിൽനിന്ന് ഈ നാട് ഇതുവരെ കരകയറിയിട്ടില്ലെന്നും ഭരണാധികാരികൾ യാതൊരു പാഠവും പഠിച്ചിട്ടില്ലെന്നും ഡോ.വി.എസ്.വിജയൻ ചൂണ്ടിക്കാട്ടി. സമിതി പ്രസിഡന്റ് എ.ജയിംസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഫാദർ ഗീവർഗ്ഗീസ് തരകൻ, കെ.ഒ.മാത്യു പണിക്കർ, ഡോ.പി.എസ്.ബാബു, ഷൈല കെ.ജോൺ, വൈ.റോബർട്ട്, ബി.രാമചന്ദ്രൻ എന്നിവർ പ്രസംഗിച്ചു. ■

## ചെമ്മീൻ പീലിംഗ് തൊഴിലാളികളുടെ കളക്ട്രേറ്റ് മാർച്ച്




ആലപ്പുഴ കളക്ട്രേറ്റ് മാർച്ച് സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു

**ചെ**മ്മീൻ പീലിംഗ് തൊഴിലാളികൾക്ക് 2018ൽ സർക്കാർ പുതുക്കിനിശ്ചയിച്ച മിനിമംകൂലി നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് മത്സ്യ സംസ്കരണ മേഖലയിലെ ചെമ്മീൻ പീലിംഗ് തൊഴിലാളികൾ ആലപ്പുഴ കളക്ട്രേറ്റിലേക്ക് മാർച്ച് നടത്തി. എഐയുറ്റിയുസിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കേരള മത്സ്യ സംസ്കരണ തൊഴിലാളി യൂണിയന്റെ(കെഎംഎസ്ടിയു) നേതൃത്വത്തിൽ ചേർത്തല, അമ്പലപ്പുഴ, കാർത്തികപ്പള്ളി താലൂക്കുകളിലെ ചെമ്മീൻ പീലിംഗ് ഷെഡ്ഡുകളിൽ പണിയെടുക്കുന്ന സ്ത്രീകളാണ് മാർച്ചിൽ പങ്കെടുത്തത്.

നൂറുകണക്കിന് സ്ത്രീകൾ പ്രകടനമായി കളക്ട്രേറ്റിന് മുന്നിൽ എത്തി. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറിയും കേരള മത്സ്യ സംസ്കരണ തൊഴിലാളി യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറിയുമായ സഖാവ് എസ്.സീതിലാൽ മാർച്ച് ഉദ്ഘാടനം ചെയ്തു. സർക്കാർ പ്രഖ്യാപിച്ച മിനിമം കൂലി നൽകാതെ നിയമ വിരുദ്ധമായി പ്രവർത്തിക്കുന്ന ഉടമകൾക്കെതിരെ യാതൊരുവിധ നടപടിയും കൈക്കൊള്ളാതിരിക്കുന്ന തൊഴിൽവകുപ്പ് തികഞ്ഞ അനാസ്ഥയാണ് കാണിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. അതിനാൽ കളക്ടർ അടിയന്തിരമായി ഇടപെട്ട് തൊഴിലാളികൾക്ക് മിനിമംകൂലി ഉറപ്പാക്കണമെന്ന് സഖാവ് സീതിലാൽ ആവശ്യപ്പെട്ടു.

കെഎംഎസ്ടിയു ജില്ലാ വൈസ് പ്രസിഡന്റ് കെ.പി. സുബൈദ അദ്ധ്യക്ഷത വഹിച്ചു. കെഎംഎസ്ടിയു ജില്ലാ പ്രസിഡന്റ് രേവമ്മ ചന്ദ്രൻ മുഖ്യപ്രസംഗം നടത്തി. കെഎംഎസ്ടിയു ജില്ലാ സെക്രട്ടറി ആർ.അർജ്ജുനൻ, എഐയുടിയുസി ജില്ലാ സെക്രട്ടറി സഖാവ് പി.ആർ.സതീശൻ, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി സഖാവ് കെ.ജെ.ഷീല, സ്ത്രീ സുരക്ഷാ സമിതി ജില്ലാ സെക്രട്ടറി അഡ്വ.എം.എ.ബിന്ദു, കെഎംഎസ്ടിയു ചേർത്തല താലൂക്ക് കൺവീനർ കെ.പ്രതാപൻ, അരൂർ മേഖല സെക്രട്ടറി മേരിക്കുഞ്ഞ് തുടങ്ങിയവർ പ്രസംഗിച്ചു. സഖാവ് കെ.ആർ.ശശി, കെഎംഎസ്ടിയു നേതാക്കളായ എൻ.കെ.ശശികുമാർ, സി.വി.അനിൽകുമാർ, രേണുക, സുഭദ്ര, തുടങ്ങിയവർ മാർച്ചിന് നേതൃത്വം നല്കി. ■

## വിവരാവകാശ നിയമത്തിൽ വരുത്തിയ തികച്ചും ജനാധിപത്യ വിരുദ്ധമായ ഭേദഗതിയിൽ പ്രതിഷേധിക്കുക

*എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് ജൂലൈ 24ന് പുറപ്പെടുവിച്ച പ്രസ്താവന*

**ധൃ**തഗതിയിൽ വിവരാവകാശ നിയമം ഭേദഗതി ചെയ്തതിലൂടെ കേന്ദ്രബിജെപി സർക്കാർ, എവ്വിധമാണ് സ്വേഛാധിപത്യപരമായും നഗ്നമായും ജനാധിപത്യത്തെ തങ്ങൾ കശാപ്പുചെയ്യുന്നത് എന്ന് വീണ്ടും തെളിയിച്ചിരിക്കുന്നു. ഇതിലൂടെ കേന്ദ്രസംസ്ഥാന വിവരാവകാശകമ്മീഷനുകൾ കേന്ദ്രസർക്കാരിന്റെ പാവയും വാലുമായി മാറ്റപ്പെട്ടിരിക്കുന്നു. രാജ്യവ്യാപകമായി ഉയർന്ന പ്രതിഷേധ ശബ്ദങ്ങളെ അവഗണിച്ചും പാർലമെന്റിൽ വേണ്ടയളവിലുള്ള സംവാദങ്ങൾ നടത്താതെയുമാണ് ജൂലൈ 22ന് ഈ ഭേദഗതികൾ പാസ്സാക്കിയത്. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലുമുള്ള വിവരാവകാശ കമ്മീഷണർമാരെ നാമനിർദ്ദേശം ചെയ്യാനും അവരുടെ ശമ്പളവും മറ്റു സേവനവ്യവസ്ഥകളും കാലാവധിയും നിശ്ചയിക്കുവാനുള്ള പരമാധികാരം സർക്കാരിന് ലഭ്യമാക്കുന്നതായിരുന്നു ഈ ഭേദഗതികൾ. അങ്ങിനെ വിവരാവകാശ നിയമം, വിവരാവകാശം ഉന്മൂലനം ചെയ്യുന്ന ഒന്നാക്കി ഫലത്തിൽ ചുരുക്കുകയും രാജ്യത്തെ ഒരു പൗരൻ എന്ന നിലയിൽ സർക്കാരിന്റെ ചെയ്തികളെക്കുറിച്ചും ദുഷ്ചെയ്തികളെക്കുറിച്ചും ചില വസ്തുതകളും സ്ഥിതിവിവരക്കണക്കുകളും മനസ്സിലാക്കുവാനുണ്ടായിരുന്ന പരിമിതമായ സാദ്ധ്യതപോലും ലോകത്തെ ഏറ്റവുംവലിയ ജനാധിപത്യം എന്ന് കൊട്ടിഘോഷിക്കുന്ന രാജ്യത്തെ ഭരണാധികാരികൾ ഇല്ലാതാക്കി.

ജനാധിപത്യാവകാശങ്ങളെ കടന്നാക്രമിക്കുന്ന ഈ ഭേദഗതിക്കെതിരെ ഞങ്ങൾ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ഭേദഗതി ഉടൻ പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. ഒപ്പം, നേരായി ചിന്തിക്കുന്ന ജനാധിപത്യ വിശ്വാസികളായ ജനങ്ങളോട്, നാമമാത്രമായ ജനാധിപത്യ അവശിഷ്ടങ്ങൾപോലും കശാപ്പുചെയ്യപ്പെടുന്ന അന്യായത്തിന് ഇരയാക്കപ്പെടുന്ന ജനങ്ങളോട്, ശക്തമായ പ്രതിഷേധവുമായി തെരുവിൽ അണിനിരക്കാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ന്യായമായ ജനാധിപത്യ പ്രക്ഷോഭത്തിന്റെ കരുത്തു തിരിച്ചറിഞ്ഞ്, നീണ്ടുനിൽക്കുന്നതും നിരന്തരവും ശക്തവുമായ പ്രക്ഷോഭം രാജ്യവ്യാപകമായി പടുത്തുയർത്തുന്നതിലൂടെ മാത്രമേ കേന്ദ്രത്തിലെ സ്വേഛാധിപത്യ സർക്കാരിനെ നിലയ്ക്കു നിർത്താനും ഒന്നിനുപിന്നാലെ ഒന്നായി ജനവിരുദ്ധ നയങ്ങൾ ആവിഷ്ക്കരിക്കുന്നതിൽനിന്നും തടയാനുമാകൂ എന്നും ഞങ്ങൾ ഓർമ്മിപ്പിക്കുന്നു. ■

## കലാലയങ്ങളിലെ അക്രമത്തിനെതിരെ ജനകീയസംഗമം




പ്രൊഫ.കെ.അരവിന്ദാക്ഷൻ സംഗമം ഉദ്ഘാടനം ചെയ്യുന്നു

**ക**ലാലയ അക്രമത്തിനെതിരെ, ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ എറണാകുളം മേനകയിൽ നടന്ന ജനകീയസംഗമം സംസ്ഥാന പ്രസിഡന്റും പ്രമുഖ വിദ്യാഭ്യാസ വിചക്ഷണനുമായ പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു. കലാലയങ്ങളുടെ സർഗ്ഗാത്മകതയെ നശിപ്പിച്ച് രാഷ്ട്രീയത്തെ വികൃതവും വിരൂപവുമാക്കുന്ന അക്രമിസംഘങ്ങളെ സമൂഹമാണ് പ്രതിരോധിക്കേണ്ടതെന്ന് മഹാരാജാസ് കോളേജ് മുൻ പ്രിൻസിപ്പാൾ കൂടിയായ അദ്ദേഹം പറഞ്ഞു. ജില്ലാ കൺവീനർ പ്രൊഫ. ഫ്രാൻസിസ് കളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. പ്രശാന്ത് പാലയ്ക്കപ്പിള്ളി, കെ.കെ.ഗോപി നായർ, ടി.കെ.സുധീർകുമാർ, കെ.രജികുമാർ തുടങ്ങിയവർ പ്രസംഗിച്ചു. ■

## അടൂർ ഗോപാലകൃഷ്ണനോടുള്ള വെല്ലുവിളി സാംസ്കാരിക കേരളത്തോടും മനുഷ്യത്വത്തോടുമാണ്

**രാ**ജ്യത്ത് മുസ്ലീങ്ങളെയും ദളിതരെയും കൂട്ടംചേർന്നു ആക്രമിക്കുകയും കൊലപ്പെടുത്തുകയും ചെയ്യുന്ന പ്രവണത വർദ്ധിച്ചു വരികയാണെന്നും ഇത് അടിയന്തരമായി തടയണമെന്നുമാവശ്യപ്പെട്ട് ചലചിത്ര-സാഹിത്യ മേഖലയിലെ പ്രമുഖർക്കൊപ്പം പ്രധാനമന്ത്രിക്ക് കത്തയച്ച ചലചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണനിലൂടെ കേരളത്തിന്റെ നവോത്ഥാന പാരമ്പര്യവും മനുഷ്യത്വവുമാണ് പ്രതിഫലിച്ചത്.

രാജ്യം ആദരിക്കുന്ന ചലചിത്ര പ്രതിഭയെ ഫെയ്സ് ബുക്ക് പോസ്റ്റിലൂടെ വെല്ലുവിളിക്കുന്ന ബിജെപി നേതാവ് സാംസ്കാരിക കേരളത്തോടും മനുഷ്യത്വത്തോടുമാണ് കയർക്കുന്നതെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി വി.വേണുഗോപാൽ ഒരു പ്രസ്താവനയിൽ പറഞ്ഞു.

ബിജെപി കേന്ദ്രത്തിലും വിവിധ സംസ്ഥാനങ്ങളിലും അധികാരത്തിൽ വന്നതിനുശേഷം മാത്രം, പശുക്കടത്ത് ആരോപിച്ചും ജാതീയമായ വിവേചനത്തിന്റെ പേരിലും ആൾക്കൂട്ട അക്രമത്തിലൂടെയും ദളിത്-ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട ആയിരത്തിലധികംപേർ കൊലചെയ്യപ്പെട്ടു.

ശിക്ഷാ ഭയമില്ലാതെ പശുവിന്റെ പേരിലുംമറ്റും പാവപ്പെട്ട ജനങ്ങളെ കൂട്ടക്കൊല ചെയ്യാൻ ബിജെപി-ആർഎസ്എസ് സംഘങ്ങൾക്ക് കഴിയുന്നുവെന്നത് മനുഷ്യത്വമുള്ള ഏതൊരാളെയും ആശങ്കപ്പെടുത്തുന്നു. സാധാരണ ജനങ്ങളെ മാത്രമല്ല ഇത്തരം ചെയ്തികളെ വിമർശിക്കുന്ന പ്രമുഖരായ ബുദ്ധിജീവികളെയും സാംസ്കാരിക പ്രവർത്തകരെയുംപോലും കൊലചെയ്യുന്ന ഒരു രാഷ്ട്രീയ സാഹചര്യം രാജ്യത്ത് സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

പഴയ ഫാസിസ്റ്റ് ജർമ്മനിയെ അനുസ്മരിപ്പിക്കുന്ന ആശങ്കാജനകമായൊരു സാഹചര്യത്തിൽ, ആൾക്കൂട്ടക്കൊലപാതകത്തിനെതിരെ പ്രതികരിക്കാൻ ധൈര്യപൂർവം മുന്നോട്ടുവന്ന സാംസ്കാരിക നായകരെ മുഴുവൻ ജനാധിപത്യ വിശ്വാസികളും പിന്തുണയ്ക്കുകയും അവരുടെ പോരാട്ടത്തിൽ ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തുകൊണ്ട് രംഗത്തിറങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു. ■

Date of publishing 01/08/2019
REGISTERED. R.N. 24773/1992
P.R.No. KL/TV(N)/452/2018-20

UNITY MALAYALAM MONTHLY

August 2019
Vol.46 No.5
Price : Rs 5.00

# ഉന്നാവോ: പീഡനത്തിനിരയായ പെൺകുട്ടിക്കുനേരെ നടന്ന വധശ്രമത്തിൽ രാജ്യമെമ്പാടും പ്രതിഷേധം

ഉന്നാവോ പീഡനക്കേസിലെ പെൺകുട്ടിയെ കൊലപ്പെടുത്താൻ നടന്ന ആസൂത്രിത നീക്കത്തിനെതിരെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെയും എഐഎംഎസ്എസ്, എഐഡിവൈഒ, എഐഡിഎസ്ഒ തുടങ്ങി വിവിധ സംഘടനകളുടെയും ആഭിമുഖ്യത്തിൽ രാജ്യവ്യാപകമായി പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു.

സ്ത്രീ സുരക്ഷാ സമിതിയുടെ നേതൃത്വത്തിൽ മുളന്തുരുത്തിയിൽ ജനകീയ സംഗമം സംഘടിപ്പിച്ചു. അതിക്രമങ്ങൾക്കിരയായ പെൺകുട്ടിയെയും ബന്ധുക്കളെയും അഭിഭാഷകനെയും കൊലപ്പെടുത്തി കേസ് ഇല്ലാതാക്കാൻ ശ്രമിക്കുന്ന പ്രതികൾക്ക് കർശനശിക്ഷ ഉറപ്പാക്കുന്നതിനും അക്രമികൾക്ക് പിന്തുണ നൽകുന്ന കേന്ദ്ര-സംസ്ഥാന ബിജെപി സർക്കാരുകളുടെ മനുഷ്യത്വരഹിതമായ നീക്കം അവസാനിപ്പിക്കുന്നതിനും രാജ്യത്ത് സ്ത്രീസുരക്ഷയും മാനവികതയും കാത്തുപുലർത്തുന്നതിനും നിയമവാഴ്ച ഉറപ്പുവരുത്തുന്നതിനും മനുഷ്യസ്നേഹികളും ജനാധിപത്യവിശ്വാസികളും കക്ഷിരാഷ്ട്രീയത്തിനതീതമായി തെരുവിലിറങ്ങേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്ന് സ്ത്രീ സുരക്ഷാ സമിതി സംസ്ഥാന പ്രസിഡന്റ് ഡോ: വിൻസെന്റ് മാളിയേക്കൽ അഭിപ്രായപ്പെട്ടു.




കോട്ടയത്ത് ജൂലൈ 31ന് നടന്ന പ്രതിഷേധ പ്രകടനം

സ്ത്രീ സുരക്ഷാ സമിതി ജില്ലാ സെക്രട്ടറി എം.കെ.ഉഷ അദ്ധ്യക്ഷത വഹിച്ചു. കെ.കെ.ശോഭ(ജില്ലാസെക്രട്ടറി, എഐഎംഎസ്എസ്), കെ.കെ.ഗോപി നായർ(ജില്ലാ പ്രസിഡന്റ്, മദ്യ വിരുദ്ധ ജനകീയ സമര സമിതി), കെ.സുനിൽകുമാർ (മാധ്യമ പ്രവർത്തകൻ), കെ.പി. ശാന്തകുമാരി (ജില്ലാ വൈസ് പ്രസിഡന്റ്, സ്ത്രീ സുരക്ഷാ സമിതി), കെ.ഒ.സുധീർ (ജനകീയ പ്രതിരോധ സമിതി), നിലീന മോഹൻകുമാർ (ജില്ലാസെക്രട്ടറി, എഐഡിഎസ്ഒ), നിള മോഹൻ കുമാർ (പ്രചോദന) എന്നിവർ പ്രസംഗിച്ചു. എം.ആർ.സെനിത് കുമാർ, കെ.കെ.സുകുമാരൻ, ബിനോയ് പുത്തൻകുരിശ്, എം.പി.സുധ, എ.ജി.ലസിത, കെ.എൻ. രാജി, എസ്. ലബിഷ, സി.കെ.ശിവദാസൻ, എൻ.സി.നാരായണൻ, സി.ബി.അശോകൻ, കെ.വി.സന്തോഷ് തുടങ്ങിയവർ ജനകീയസംഗമത്തിന് നേതൃത്വം നൽകി.

അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെ ആഭിമുഖ്യത്തിൽ കൊല്ലം ടൗണിൽ പ്രതിഷേധ പ്രകടനവും പൊതുയോഗവും നടത്തി.

ബിജെപിയുടെ ഭരണത്തിൻ കീഴിൽ സ്ത്രീകളുടെ സാമൂഹിക സുരക്ഷിതത്വം എന്തായിരിക്കും എന്നതിന്റെ നേർചിത്രമാണ് ഉന്നാവോയിൽ നടന്നതെന്നും അതിക്രമങ്ങളെ ചോദ്യം ചെയ്യുന്നവരെ ഭയപ്പെടുത്തി നിശബ്ദരാക്കുന്ന സാമൂഹ്യ സാഹചര്യം സംഘപരിവാറിന്റെ നേതൃത്വത്തിൽ സൃഷ്ടിച്ചെടുത്തുകൊണ്ടിരിക്കുകയാണെന്നും യോഗം ഉദ്ഘാടനം ചെയ്ത അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന ദേശീയ വൈസ്പ്രസിഡന്റ് ഷൈലാ കെ. ജോൺ അഭിപ്രായപ്പെട്ടു. എഐഎംഎസ്എസ് ജില്ലാ പ്രസിഡന്റ് അഡ്വ: ഇ.എൻ.ശാന്തിരാജ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ടിങ്കിൾ പ്രഭാകരൻ പ്രസംഗിച്ചു. പി.ജി.ഷീജ, വി.ലീല തുടങ്ങിയവർ പ്രകടനത്തിന് നേതൃത്വം നൽകി.




എഐഎംഎസ്എസ്, എഐഡിവൈഒ, എഐഡിഎസ്ഒ എന്നീ സംഘടനകൾ സംയുക്തമായി ജൂലൈ 31ന് കൽക്കത്തയിൽ സംഘടിപ്പിച്ച പ്രതിഷേധ റാലി

തിരുവനന്തപുരം, പത്തനംതിട്ട, തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിലും പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. ■

# കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ജനദ്രോഹ നയങ്ങൾക്കെതിരെ ചെറുത്തുനിൽപ്പ് വളർത്തിയെടുക്കുക

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജനദ്രോഹ നടപടികൾക്കെതിരെ സംസ്ഥാനത്തെമ്പാടും പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. ഇന്ധനവില വർദ്ധനവ്, തൊഴിലാളി വിരുദ്ധ തൊഴിൽ നിയമ പരിഷ്കരണം, ജനവിരുദ്ധ കേന്ദ്രബജറ്റ്, സംസ്ഥാന സർക്കാരിന്റെ വൈദ്യുതി-വെള്ളക്കരം വർദ്ധനവ് എന്നിവയ്ക്കെതിരെയായിരുന്നു പ്രതിഷേധം

എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എറണാകുളം നഗരത്തിൽ പ്രതിഷേധ പ്രകടനവും യോഗവും നടത്തി. ജില്ലാ സെക്രട്ടറി സഖാവ് ടി.കെ.സുധീർകുമാർ മുഖ്യപ്രസംഗം നടത്തി. ജനങ്ങളുടെ പ്രക്ഷോഭങ്ങൾ വളർത്തിയെടുക്കാൻ കക്ഷിരാഷ്ട്രീയത്തിനും ജാതി-മത പരിഗണനകൾക്കുമതീതമായി ജനാധിപത്യവിശ്വാസികളും തൊഴിലാളി പ്രസ്ഥാനങ്ങളും മുന്നോട്ടു വരണമെന്ന് അദ്ദേഹം പറഞ്ഞു. ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് പി.എം.ദിനേശൻ അദ്ധ്യക്ഷത വഹിച്ചു.




ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ കൊല്ലം ടൗണിൽ നടന്ന പ്രതിഷേധം ജില്ലാ പ്രസിഡന്റ് എ.ജയിംസ് ഉദ്ഘാടനം ചെയ്യുന്നു

യോഗത്തിന് മുമ്പ് നടന്ന പ്രകടനത്തിന് ജില്ലാ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ പി.പി.അഗസ്റ്റിൻ, കെ.ഒ.സുധീർ, സി.കെ.ശിവദാസൻ, കെ.കെ.ശോഭ, കെ.ഒ.ഷാൻ, എ.റജീന, കെ.പി.സാൽവിൻ തുടങ്ങിയവർ നേതൃത്വം നൽകി.

ആലപ്പുഴ കെഎസ്ആർടിസി സ്റ്റാൻഡിൽ നടന്ന പ്രതിഷേധ യോഗം പാർട്ടി ജില്ലാ കമ്മിറ്റി അംഗം സഖാവ് ടി.മുരളി ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(സി) ടൗൺ ലോക്കൽ കമ്മിറ്റി സെക്രട്ടറി അഡ്വ.എം.എ.ബിന്ദു, എഐയുടിയുസി ജില്ലാ സെക്രട്ടറി സഖാവ് പി.ആർ.സതീശൻ എന്നിവർ പ്രസംഗിച്ചു. ജില്ലാ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ കെ.പി.മനോഹരൻ, എൻ.കെ.ശശികുമാർ, പി.കെ.ശശി, വിജയബാബു എന്നിവർ പ്രകടനത്തിന് നേതൃത്വം നൽകി.




എറണാകുളത്ത് പ്രതിഷേധ റാലിയെ എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് ടി.കെ.സുധീർ കുമാർ അഭിസംബോധന ചെയ്യുന്നു

കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ കൊല്ലം ചിന്നക്കടയിൽ പ്രതിഷേധ പ്രകടനവും ധർണ്ണയും നടന്നു. ജില്ലാ പ്രസിഡന്റ് എ.ജയിംസ് ഉദ്ഘാടനം ചെയ്തു. ഷറഫ് കുണ്ടറയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പിറവന്തൂർ ഗോപാലകൃഷ്ണൻ, ഷൈല കെ. ജോൺ, എൻ.വി ജയകൃഷ്ണൻ, ജി.ധ്രുവകുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

കായംകുളം കോടതി ജംഗ്ഷനിൽ കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയും സോഷ്യൽ ഫോറവും സംയുക്തമായി പ്രതിഷേധ സംഗമം സംഘടിപ്പിച്ചു. ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് അഡ്വ.മാത്യു വേളങ്ങാടൻ ഉദ്ഘാടനം ചെയ്തു. ബി.ദിലീപൻ അദ്ധ്യക്ഷത വഹിച്ചു. സോഷ്യൽ ഫോറം പ്രസിഡന്റ് അഡ്വ.ഒ.ഹാരിസ് മുഖ്യപ്രസംഗം നടത്തി. എൻ.ഉദയകുമാർ, കലേഷ് മണിമന്ദിരം, എൻ.ആർ. അജയകുമാർ, മഹ്ബൂൽ മുട്ടാണിശ്ശേരി, ദാസപ്പൻ പുതുപ്പള്ളി, താഹ നസീബ്, അനിൽ പ്രസാദ് തുടങ്ങിയവർ പ്രസംഗിച്ചു.

തൃപ്പൂണിത്തുറ കിഴക്കേകോട്ട ജംഗ്ഷനിൽ, എസ്‌യുസിഐ(സി)യുടെ ആഭിമുഖ്യത്തിൽ പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു. തൃപ്പൂണിത്തുറ ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് സി.ബി.അശോകന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രതിഷേധ കൂട്ടായ്മ, ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് പി.എം.ദിനേശൻ ഉദ്ഘാടനം ചെയ്തു. സഖാക്കൾ കെ.ഒ.സുധീർ, എം.പി.സുധ എന്നിവർ പ്രസംഗിച്ചു. ■

Edited, Printed & Published by V.Venugopal, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C). Printed at Cochin Printech Pvt Ltd, Kochi.